032:2N15:11 J2 KAUTILYAN SANKARAN NAMBUDIRI.

032:2N15:11
J2

O32:2N15:11 J2
Sankaran Nambudi:
... Tilyam.
MUL
165498

**Madras University Libra**

DOCTRINA·VIM·PROMOVET·INSITAM

Call Number

Accession Number

Available for loan from

This book should be returned on or b
the date last marked below.

11 SEP 1966

O. 61

# കൌടില്യൻ

ഗ്രന്ഥകർത്താ:—

വിദ്വാൻ, പി. എ. ശങ്കരൻ നമ്പൂതിരി,

(സീനിയർ പണ്ഡിററ്.) കെ. ആർ. ഹൈസ്കൂൾ,

പുറമേരി.

UNIVERSITY LIBRARY
17 MAR 1956
MADRAS

പ്രസാധകന്മാർ:—

പി. കെ. ബ്രദേർസ്, കോഴിക്കോട്.

1952] [വില 1—4—0

*First Edition 1952.*

Regd. Publishers.

P. K. BROS, CALICUT.

*Regd. No. 66.*

(Copy-right to publishers)

165498
38426
032 : 2N15 : 11
J2

*PRINTED AT*

**THE NAVODAYAM PRESS,**

KOZHIKODE 2.

പണ്ഡിററ് ജവഹർലാൽ നെഹറു:—

"............ചാണക്യനെക്കുറിച്ച് ഇന്ത്യൻ മിക്കിയാവല്ലി, എന്നു പറയാറുണ്ട്. ഒട്ടൊക്കെ ഈ ഔപമ്യം യുക്തവുംതന്നെ. എന്നാൽ അദ്ദേഹം മാക്കിയാവല്ലിയേക്കാറം എല്ലാവിധത്തിലും വളരെ വലിയ ഒരാളായിരുന്നു—ബുദ്ധികൊണ്ടും കർമ്മംകൊണ്ടും മഹത്തരനായ ഒരു പുരുഷൻ. അദ്ദേഹം രാജാവിൻെറ വെറും ഒരു കമ്പടിക്കാരനല്ല, സർവ്വശക്തനായ ഒരു സാമ്രാട്ടിൻെറ വിനീതനായ ഉപദേഷ്ടാവുമല്ല. അക്കാലത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു പഴയ ഇന്ത്യൻ നാടകമായ 'മുദ്രാരാക്ഷസത്തി'ൽനിന്നു അദ്ദേഹത്തിൻെറ ഒരു ചിത്രം കാണാസ്സരുന്നുണ്ട്. ധീരനും, സൂത്രശാലിയും, അഭിമാനിയും, പ്രതികാരേച്ഛുവുമായ, ഒരിക്കലും ഒരപമതിയെ പൊറുക്കാത്ത, ഒരിക്കലും സ്വോദ്ദേശ്യത്തെ മറക്കാത്ത, ശത്രുവിനെ മോഹിപ്പിക്കാനും തോല്പിക്കാനും വേണ്ടി ഏതുപായവും കൈക്കൊള്ളുന്ന അദ്ദേഹം സാമ്രാജ്യത്തിൻെറ കടിഞ്ഞാൺ സ്വന്തം കയ്യിൽത്തന്നെ പിടിച്ചുകൊണ്ടിരുന്നു. ചക്രവർത്തിയെ ഒരെജമാനനെന്നതിനേക്കാളേറെ ഒരു പ്രേഷ്ഠ ശിഷ്യനെന്ന നിലയിൽ വീക്ഷിച്ചുപോന്നു. സ്വജീവിതത്തിൽ സരളനും കഠിനവ്രതനും ഉന്നതപദവികൾ ചേർന്ന ആഡംബരങ്ങളേയും ആർഭാടങ്ങളേയും സംബന്ധിച്ചിടത്തോളം താല്പര്യരഹിതനുമായ അദ്ദേഹം തൻെറ പ്രതിജ്ഞ നിറവേററുകയും, ഉദ്ദേശം സാധിക്കുകയും ചെയ്തപ്പോൾ ബ്രാഹ്മണോചിതമായ വിധത്തിൽ പ്രാപഞ്ചികകാര്യങ്ങളിൽ നിന്നൊഴിഞ്ഞു് ആത്മീയചിന്തകളിൽ ജീവിതം നയിക്കാൻ കൊതിച്ചു.—

തന്റെ ഉദ്ദേശം സാധിക്കുവാൻവേണ്ടി ചാണക്യൻ ചെയ്യാത്തതായി ഒന്നുംതന്നെ ഇല്ലെന്നു പറയാം. എന്തും ചെയ്യാൻ മടിയില്ലായ്മ അദ്ദേഹത്തിന്നു വേണ്ടുവോളമുണ്ട്. എന്നാൽ ലക്ഷ്യത്തിന്നിണങ്ങാത്ത മാർഗ്ഗങ്ങൾ ആ ഉദ്ദേശത്തെത്തന്നെ പരാജയപ്പെടുത്തിയേക്കുമെന്ന് അറിവാൻതക്കവണ്ണം അദ്ദേഹം വിജ്ഞനുമായിരുന്നു. ഭരണാധികാരത്തിന്റെ നയം ഇതരമാർഗ്ഗങ്ങളിൽക്കൂടി തുടൎന്നുപോകൽ മാത്രമാണ് യുദ്ധമെന്ന് ക്ലൗസപിററ്സിന്ന് വളരെക്കാലംമുമ്പ് അദ്ദേഹം പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ യുദ്ധം എപ്പോഴും നയത്തിന്റെ വിപുലതരമായ ലക്ഷ്യങ്ങൾക്കു പ്രയോജനപ്പെടണം. യുദ്ധംതന്നെ ഒരു ലക്ഷ്യമായിത്തീരാൻ പാടില്ല എന്നുകൂടി അദ്ദേഹം പറയുന്നു. യുദ്ധത്തിന്റെ ഫലമായി രാഷ്ട്രം അഭിവൃദ്ധിപ്പെടലാവണം. എപ്പോഴും ഭരണതന്ത്രജ്ഞന്റെ ലക്ഷ്യം ശത്രുവിന്റെ പരാജയവും വിനാശവും മാത്രമായിരിക്കരുത്. യുദ്ധത്തിന്റെ ഫലമായി ഇരുകക്ഷികളും ഒന്നിച്ചു നാശംപ്രാപിക്കുകയാണെങ്കിൽ അതു ഭരണതന്ത്രത്തിന്റെ പാപ്പരത്തമാവും. സായുധസൈന്യങ്ങളെക്കൊണ്ടുവേണം യുദ്ധം നടത്തുക. ആയുധശക്തിയേക്കാളും വളരെ പ്രധാനമാണ് ശത്രുവിന്റെ അന്തഃചൈതന്യത്തെ കരണ്ടുകളകയും അവന്റെ ശക്തികളെ ഛിന്നിച്ചിതറിക്കുകയും, അവന്റെ തകൎന്നുവീഴൽ സാധിക്കുകയും, ചെയ്യുന്ന അല്ലെങ്കിൽ സായുധാക്രമണത്തിന്നു മുമ്പായിത്തന്നെ അവനെ തകൎന്നുവീഴലിന്റെ വക്കത്തോളമെത്തിക്കുന്ന സമുന്നതയുദ്ധതന്ത്രം തന്റെ ലക്ഷ്യപ്രാപ്തിക്കുള്ള

പ്രയത്നത്തിൽ ചാണക്യൻ എന്തും ചെയ്യാൻ മടിയില്ലാത്തവനും കഠിനനുമാണെങ്കിലും ബുദ്ധിമാനും ഉൽകൃഷ്ടമനസ്കനുമായ ഒരു ശത്രുവെ ചതക്കുകയേക്കാൾ സ്വപക്ഷത്തേക്കാകർഷിക്കുകയാണ് ഏററവും നല്ലതെന്ന സംഗതി അദ്ദേഹം ഒരിക്കലും വിസ്മരിച്ചില്ല. ശത്രുക്കളുടെ അണിയിൽ മത്സരത്തിന്റെ വിത്തു പാവിയിട്ടാണ് അദ്ദേഹം തന്റെ ഒടുവിലത്തെ വിജയം നേടുന്നത്. എന്നാൽ ആ വിജയം നേടുന്നനിമിഷത്തിൽതന്നെ തന്റെ പ്രതിദ്വന്ദ്വിയായ പ്രഭുവിനോടു ഔദാര്യവാനായിരിക്കാൻ ചന്ദ്രഗുപ്തനെ അദ്ദേഹം പ്രേരിപ്പിച്ചു. ചാണക്യൻ താൻതന്നെ സ്വന്തം ഉന്നതസ്ഥാനത്തിന്റെ മുദ്ര ആ പ്രതിദ്വന്ദ്വിയുടെ മന്ത്രിക്കു ഏല്പിച്ചുകൊടുത്തതായി പറയുന്നു. ആ മന്ത്രിയുടെ ശേമുഷീവൈഭവവും പഴയ പ്രഭുവിനോടുള്ള കൂറും ചാണക്യന്ന് അത്ര്യേറെ ഉള്ളിൽ തട്ടിയിരുന്നു. അങ്ങിനെ ആ കഥയുടെ പര്യവസാനം, പരാജയത്തിന്റെയും അഭിമാനഹാനിയുടെയും ദുസ്സഹതയിലല്ല, മുഖ്യശത്രുവിനെ തോല്പിക്കുകമാത്രമല്ല സ്വപക്ഷത്തിലേക്കു കൂട്ടിച്ചേൎക്കുകയും ചെയ്തു് ഒരുരാഷ്ട്രത്തിന്റെ ദൃഢവും സ്ഥിരവുമായ അസ്ഥിവാരമുറപ്പിക്കലിലും അനുരഞ്ജനത്തിലുമാണ്.—

:—ഇന്ത്യയെക്കണ്ടെത്തൽ—:

അദ്ധ്യായം 4-17 പേജ് 160.

—o—

# ഉപോൽഘാതം

പണ്ട് നന്ദവംശമെന്ന് വിശ്രുതവിഖ്യാതമായ ഒരു ക്ഷത്രിയ കുലമുണ്ടായിരുന്നു. അതിൽ ധീരനും വിഖ്യാതപൌരുഷനുമായ സർവ്വാർത്ഥസിദ്ധിയെന്നൊരു രാജാവ് ഏറെക്കാലം സമ്പൽസമൃദ്ധമായ രാജ്യത്തെ ഭരിച്ചുപോന്നു. വക്രനാസൻ തുടങ്ങിയ മഹാബ്രാഹ്മണരായിരുന്നു അദ്ദേഹത്തിന്റെ കുലാമാത്യന്മാർ. അവർ ധിഷണാശാലികളും നയകോവിദന്മാരുമായിരുന്നു. അവരിൽ ഏററവും പ്രശസ്തനായ രാക്ഷസബ്രാഹ്മണൻ ദണ്ഡനീതികളിൽ വിദഗ്ദ്ധനും ഷൾഗുണവിഭാഗങ്ങളുടെ പ്രയോഗങ്ങളിൽ അതിസമർത്ഥനുമാണ്. ധീരനും സ്വാമിഭക്തനുമായ അദ്ദേഹം നന്ദരാജാക്കന്മാരുടെ ആരാധനാപാത്രമായിരുന്നു.

മഹാരാജാവായ സർവ്വാർത്ഥസിദ്ധിക്കു രണ്ടു ഭാര്യമാരുണ്ടായിരുന്നതിൽ സുനന്ദ, ക്ഷത്രിയ കുലജാതയും മുര, ശൂദ്രസ്ത്രീയുമാണ്. അവരിൽ സൌന്ദര്യംകൊണ്ടും സൌശീല്യംകൊണ്ടും മുരയാണ് മഹാരാജാവിന്റെ പ്രത്യേക പ്രീതിക്കു പാത്രമായിത്തീർന്നത്. ഒരിക്കൽ രാജധാനിയിൽ എത്തിച്ചേർന്ന ദിവ്യനും തപോനിധിയുമായ ഒരതിഥിയെ സഭാര്യനായ രാജാവ് എതിരേററ് അർഘ്യപാദ്യങ്ങളാൽ വഴിപോലെ പൂജിച്ച്, പാദതീർത്ഥത്തെ പത്നിമാരുടെ ശിരസ്സിൽ പ്രോക്ഷിച്ചു. മൂർദ്ധാവ് നമിച്ച് പാദതീർത്ഥം സ്വീകരിക്കുന്ന മുരയുടെ ഭക്തിപാരവശ്യംകണ്ട് സന്തുഷ്ടനായ അതിഥി അവളെ ആശീർവ്വദിക്കുകയുണ്ടായി. അതിന്റെ ഫലമായി

അവൾക്ക് സർവ്വരാജലക്ഷണങ്ങളും തികഞ്ഞു് ഗുണവാനായ മൌര്യനെന്ന ഒരു പുത്രൻ ജനിച്ചു. സുനന്ദയാകട്ടെ, വളരെക്കാലം ഗർഭംധരിച്ച് ഒടുവിൽ ഒരു മാംസപിണ്ഡത്തെയാണ് പ്രസവിച്ചതു്. ഒമ്പതു ഖണ്ഡങ്ങളായ ആ മാംസപേശികളെ മന്ത്രിയായ രാക്ഷസൻ തൈലദ്രോണിയിൽ സൂക്ഷിച്ച് സംരക്ഷിച്ചുപോന്നു. ആ മാംസപിണ്ഡങ്ങളാണ് ക്രമേണ ശിശുക്കളായി വളന്ന് പിന്നീട് നവനന്ദന്മാരെന്ന് പ്രസിദ്ധന്മാരായിത്തീന്നതു്. സ്വാമിഭക്തനായ രാക്ഷസൻ തന്നെയായിരുന്നു ആ രാജകുമാരന്മാരെ വാത്സല്യത്തോടെ വളത്തിപ്പോന്നതു്. വീരന്മാരും പരാക്രമശാലികളുമായ ആ നന്ദന്മാക്കു് പ്രായം തികഞ്ഞപ്പോൾ മഹാരാജാവ് അവരിൽ രാജ്യഭാരമപ്പിച്ച് മൌര്യനെ സേനാധിപനമാക്കി ശമപ്രധാനമായ തപോനുഷ്ഠാനത്തിൽ നാളുകൾ കഴിച്ചുവന്നു.

മൌര്യന്ന് ചന്ദ്രഗുപ്തൻ തുടങ്ങി നൂറ് പുത്രന്മാർ ഉണ്ടായിരുന്നു. ശൂരന്മാരായ ഇവർ തങ്ങളെ തോല്പിച്ചേക്കുമോയെന്ന ഭയത്താൽ ദുഷ്ടന്മാരായ നന്ദന്മാർ മൌര്യനെ പുത്രന്മാരോടുകൂടി വധിക്കാനുള്ള ഉദ്ദേശത്തിൽ ഗൂഢമായി ഒരു കല്ലറയിലിട്ടടച്ചുകളഞ്ഞു. അക്കാലത്തു സിംഹളരാജാവ് മെഴുകൊണ്ടു ഒരു സിംഹത്തെ ഉണ്ടാക്കി ഒരു കൂട്ടിലടച്ച് നന്ദരാജാക്കന്മാക്കയച്ചുകൊടുത്തു "കൂടു് തുറക്കാതെ സിംഹത്തെ പുറത്താക്കുന്നവൻ ലോകത്തിൽ ഏററവും ബുദ്ധിമാനായി കരുതപ്പെടും" എന്ന ഒരു പരസ്യവും അതോടൊപ്പമുണ്ടായിരുന്നു നന്ദന്മാർ അതിന്നായി എത്ര പണി

പ്പെട്ടിട്ടും സാധിക്കാതെ നിരാശരായി ഒടുവിൽ കല്ലറ തുറന്നു നോക്കിയപ്പോൾ ചന്ദ്രഗുപ്തൻ ഒരു വിധത്തിൽ ജീവിച്ചിരിപ്പുണ്ടായിരുന്നു. അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വന്നു വിവരം ഗ്രഹിപ്പിച്ചു. ഒരു ഇരുമ്പുകോൽ തീയിലിട്ട് പഴുപ്പിച്ച് എളുപ്പത്തിൽ ചന്ദ്രഗുപ്തൻ കൂട്ടിലുള്ള സിംഹത്തെ ഉരുക്കിക്കളഞ്ഞു. ഇതു കണ്ട് ജനങ്ങളെല്ലാം അദ്ദേഹത്തിൻെറ ബുദ്ധിശക്തിയെ പ്രശംസിച്ചു. തങ്ങളുടെ മാനം രക്ഷിച്ചതിനാൽ ചന്ദ്രഗുപ്തനെ വീണ്ടും ബന്ധനസ്ഥനാക്കാതെ പിന്നീടെപ്പോഴെങ്കിലും ഗൂഢമായി വധിക്കാമെന്ന ഉദ്ദേശത്തോടെ അഭ്യസൂയാലുക്കളായ നന്ദന്മാർ സന്ദർഭവും പ്രതീക്ഷിച്ചിരുന്നു. ഊട്ടുപുരയുടെ മേൽവിചാരിപ്പുകാരനായി നിയമിക്കപ്പെട്ട ചന്ദ്രഗുപ്തനും നന്ദന്മാരോടു പ്രതികാരം ചെയ്യാനുള്ള മാർഗ്ഗവും ആലോചിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം ചന്ദ്രഗുപ്തൻ അത്യന്തം ക്രുദ്ധനായ ഒരു ബ്രാഹ്മണനെ കണ്ടെത്തി. തൻെറ കാലിൽ തടഞ്ഞ ഒരു പുൽക്കൊടിയെ വേരോടെ പറിച്ചെടുത്ത് ചുട്ടുഭസ്മമാക്കിക്കളഞ്ഞ ആ ബ്രാഹ്മണൻെറ വാശിയും ദേഷ്യവും കണ്ടപ്പോൾ തനിക്ക് നന്ദന്മാരെ വധിക്കുവാൻ ഇദ്ദേഹത്തിൻെറ സഹായമാണാവശ്യമെന്ന് ചന്ദ്രഗുപ്തൻ തീർച്ചപ്പെടുത്തി. അദ്ദേഹത്തിൻെറ സമീപത്തു ചെന്ന് സവിനയം തൻെറ ഉദ്ദേശങ്ങൾ ചന്ദ്രഗുപ്തൻ അറിയിച്ചു. ആ ബ്രാഹ്മണൻ അർത്ഥശാസ്ത്രപൂർണ്ണനതാവും ചണകൻെറ പുത്രനുമായ സുപ്രസിദ്ധ ചാണക്യനാണ്. വിഷ്ണുഗുപ്തനെന്നാണ് അദ്ദേഹത്തിൻെറ യഥാർത്ഥനാമം. അദ്ദേഹം ചെറുപ്പക്കാലത്തുതന്നെ ശുക്ര

ൻെറ ദണ്ഡനീതിയിലും, ജ്യോതിശ്ശാസ്ത്രത്തിലും അപാരപണ്ഡിതനായിരുന്നു. ചന്ദ്രഗുപ്തൻെറ ഗുണഗണങ്ങൾ കണ്ട് സംതൃപ്തിയും കരുണയും, നന്ദന്മാരോടു വെറുപ്പും തോന്നിയ ആ ശ്രോത്രിയ വീരൻ അപ്പോൾത്തന്നെ നന്ദരാജ്യത്തെ ചന്ദ്രഗുപ്തന്ന് വാഗ്ദത്തംചെയ്തു. ഉടനെ വിശന്ന് ക്ഷീണിച്ച ആ മഹാബ്രാഹ്മണൻ നന്ദന്മാരുടെ ഭോജനശാലയിലേക്ക് പ്രവേശിച്ച് അഗ്രാസനത്തിൽ കടന്നിരുന്നു. ഈ ധിക്കാരം കണ്ടുപൊറുക്കാത്ത നന്ദന്മാർ ക്രോധാവിഷ്ടരായി 'അരുതരുതെന്ന്', മന്ത്രിമാർ തടഞ്ഞിട്ടുപോലും കൂട്ടാക്കാതെ 'പോട്ടെ,-എന്നുവിളിച്ച് അപമാനിച്ച്, അദ്ദേഹത്തെ പിടിച്ചുവലിച്ച് പുറത്തുതള്ളി. ക്രോധംകൊണ്ടു കലികയറിയ ആ ചാണക്യൻ അഴിഞ്ഞ തലമുടിപിടിച്ചുകൊണ്ടു "ഈ നന്ദന്മാരെ ഉന്മൂലനംചെയ്തേ ഞാൻ ഈ ശിഖ ബന്ധിക്കയുള്ളു വെന്ന് പ്രതിജ്ഞചെയ്തു ഇറങ്ങിപ്പോവുകയും ചെയ്തു. ആ ക്രോധമൂർത്തിയെക്കണ്ടു് ഭയസംഭ്രാന്തനായ ചന്ദ്രഗുപ്തൻ നഗരത്തിൽനിന്ന് ഇറങ്ങിപ്പോകുന്ന അദ്ദേഹത്തിൻെറ പിന്നാലെ വിനയാന്വിതനായിച്ചെന്ന് ശരണം പ്രാപിക്കയും ചെയ്തു.

ചന്ദ്രഗുപ്തനെ സ്വാമിയാക്കിവെച്ചുംകൊണ്ടു് ചാണക്യൻ നന്ദന്മാരെ വധിക്കാനുള്ള കപടതന്ത്രങ്ങൾ പ്രയോഗിക്കാൻ തുടങ്ങി. ഒന്നാമതായി രാക്ഷസനെ വഞ്ചിക്കാനായി തൻെറ പ്രിയമിത്രമായ ഇന്ദുശമ്മാവിനെ ക്ഷപണകവേഷംകെട്ടിച്ച് പറഞ്ഞയച്ചു. വേഷഭാഷകൾ പലതും പ്രയോഗിക്കാൻ പരിചയമുള്ളവരും ഗൂഢതന്ത്രവിദഗ്ദ്ധ

ന്മാരുമായ മററനേകം ചാരന്മാരെ അയച്ചു് ചാണക്യൻ ശത്രുക്കളുടെ അന്തശ്ശൈഥില്യത്തെ ചൂന്നെടുത്തുതുടങ്ങി. ഒടുവിൽ പവ്വതേശ്വരനെന്ന ഒരു രാജാവിൻെറ വമ്പിച്ച സേനാസഹായത്തോടുകൂടി യുദ്ധത്തിന്നുവന്ന നവനന്ദന്മാർ നിശ്ശേഷം ചാണക്യൻെറ ക്രോധാഗ്നിയിൽ വെന്തുവെണ്ണീറായി. ചന്ദ്രഗുപ്തൻ സിംഹാസനത്തിൽ അഭിഷിക്തനുമായി. നന്ദന്മാരെ സഹായിച്ച രാജാക്കന്മാരെല്ലാം ചാണക്യൻെറ കപടതന്ത്രത്താൽ വിനാശമടഞ്ഞപ്പോഠം നിരാശനും നിരവലംബനുമായിത്തീന്ന രാക്ഷസൻ സ്വാമികാൎയ്യത്തിന്നായി പ്രതികാരം ചെയ്യാനുള്ള ദൃഢവ്രതത്തോടെ മലയകേതുവെന്ന ഒരു മ്ലേച്ഛരാജാവിനെ കൂട്ടുപിടിച്ചു്, ചന്ദ്രഗുപ്തവധത്തിന്നും നന്ദവംശപുനഃസ്ഥാപനത്തിന്നും വേണ്ടി തന്ത്രങ്ങഠം പ്രയോഗിച്ചുതുടങ്ങി. അത്തരം തന്ത്രങ്ങളെ മുഴുവനും പരാജയപ്പെടുത്തിയെന്നു മാത്രമല്ല സ്വന്തം കുടിലനീതികളാൽ വശീകൃതനായ രാക്ഷസനെ ചന്ദ്രഗുപ്തൻെറ മന്ത്രിപദത്തിൽ അവരോധിക്കുകകൂടി ചെയ്തതിന്നുശേഷമേ ആ കൌടില്യബ്രാഹ്മണൻ കൃതാൎത്ഥനായുള്ളൂ. മന്ത്രിസത്തമനായ രാക്ഷസനെ വശീകരിക്കാനായി ചാണക്യൻ പ്രയോഗിച്ച നിഗൂഢതന്ത്രങ്ങളാണു് ഈ നാടകത്തിൽ ആ മൂലാഗ്രം പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്. അവ ഓരോന്നും രംഗങ്ങളിൽ യഥാവസരം നമുക്കു് മനസ്സിലാക്കാം.

17 MAR 1956

# കൌടില്യൻ

## അങ്കം 1.

(അഴിച്ചിട്ട തലമുടി വേർപെടുത്തിക്കൊണ്ടു ചാണക്യൻ പ്രവേശിക്കുന്നു.)

ചാണക്യൻ:—എന്റെ ഈ ശിഖ നന്ദവംശത്തിന്റെ കാലസർപ്പമാണ്; എന്റെ കോപാഗ്നിയുടെ ധൂമജ്വാലയാണ്; ഇപ്പോഴുംകൂടി ഇതിനെ ബന്ധിച്ചുകാണുവാൻ മരണമടുത്തവനേ ആഗ്രഹിക്കൂ. നന്ദകുലത്തിന്റെ ധൂമകേതുവായ ഈയുള്ളവന്റെ കത്തിജ്വലിക്കുന്ന ക്രോധാഗ്നിയിൽ ശലഭങ്ങളായി വീണ് വിനാശമടയാൻ ഏതു മൂഢരാണൊരുങ്ങുന്നത്? ശാർങ്ഗരവ! ശാർങ്ഗരവ!

ശിഷ്യൻ:—(പ്രവേശിച്ചിട്ട്) ഗുരോ! കല്പിച്ചാലും.

ചാണക്യൻ:—എനിക്ക് ഇരിക്കണം.

ശിഷ്യൻ:—ഗുരോ! ഇതാ വേത്രാസനം അരികിൽത്തന്നെയുണ്ടല്ലോ! ഇതിൽ ഇരിക്കാം.

ചാണക്യൻ:—കുട്ടി! കാര്യവ്യഗ്രതയാണെന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നത്. അല്ലാതെ സാധാരണ ഉപാദ്ധ്യായന്മാരെ ബാധിക്കാറുള്ള ശിഷ്യജനങ്ങളുടെ ദുശ്ശീലമല്ല. (ഇരുന്ന് ചിന്തിക്കുന്നു.)—നന്ദകുലനാ

ശത്താൽ ക്രോധാവിഷ്ടനായ രാക്ഷസൻ പൎവ്വതകപു ത്രനായ മലയകേതുവിൻെറ സഖ്യം സമ്പാദിച്ച് പ്രബലസൈന്യശേഖരത്തോടുകൂടി ചന്ദ്രഗുപ്തനെ ആക്രമിക്കുവാൻ തരംനോക്കി ഇരിക്കുകയാണ്. ഇതു ജനങ്ങളുടെ ഇടയിൽ വലിയ സംസാരവിഷയവുമായി ട്ടുണ്ട്.—ഉം! ആവട്ടെ. നന്ദവംശവധപ്രതിജ്ഞയെ —വിസ്തൃതവും ദുഃസ്തരവുമായ ആ മഹാൎണ്ണവത്തെ കടന്ന എനിക്ക് പ്രജകളിൽ പ്രചരിച്ചുവരുന്ന ഈ വ്യാമോഹത്തെ നശിപ്പിച്ചുകളയുവാൻ കഴികയി ല്ലെന്നോ?

എൻെറ ക്രോധമാകുന്ന ദാവാഗ്നിയാൽ നന്ദവം ശകാനനം ഭസ്മാവശേഷമാക്കി. ശത്രുസ്ത്രീകളാകുന്ന ദിങ്മുഖമുഖേന്ദുക്കൂടി ശോകധൂമത്താൽ ശ്യാമീകൃത മായി. മന്ത്രിദ്രുമങ്ങളെ അടിപുഴക്കിയിട്ടു. ഇനി അവക്കാശ്രയമായ ആ മലയകേതുവേക്കൂടി വധി ക്കാതെ എൻെറ കോപസ്ഫുലിംഗങ്ങൾ കെട്ടടങ്ങുക യില്ല. ആ നന്ദൻ എന്നെ മാന്യസ്ഥാനത്തിൽനിന്നു പിടിച്ചുതള്ളി അപമാനിക്കുമ്പോൾ സന്താപനമ്രമായ മുഖത്താൽ 'കഷ്ടം' എന്നുമാത്രം ഉച്ചരിച്ച് ഭയസംഭ്ര മങ്ങളാൽ പരതന്ത്രരായി നോക്കിനിന്നതാരാണോ ആ മന്ത്രികളുടെ സമക്ഷത്തിൽ—അവരുടെ കൺമു മ്പിൽവെച്ച്തന്നെ ഞാനാനന്ദനെ, വംശത്തോടെ സുവൎണ്ണസിംഹാസനത്തിൽനിന്നു പിടിച്ചു താഴെതള്ളി യിട്ടു—അതെ, ഒരു സിംഹം പൎവ്വതശിഖരത്തിൽ

നിന്ന ആനക്കൂട്ടത്തെ എന്നപോലെ! അതോടുകൂടി എന്റെ പ്രതിജ്ഞ സഫലമായെങ്കിലും വൃഷളന്റെ അപേക്ഷയാൽ വീണ്ടും ശസ്ത്രം ധരിച്ചിരിക്കുകയാണ്. നന്ദവംശത്തിന്റെ ഉന്മൂലനാശംവരുത്തി സാമ്രാജ്യാധിപനായി ചന്ദ്രഗുപ്തനെ ആരോഹിക്കുകയും ചെയ്തു. അങ്ങിനെ ഞാൻ കോപപ്രീതികളുടെ ഫലം ശത്രുമിത്രങ്ങളിൽ വിഭജിച്ചു വെച്ചിരിക്കുന്നു. പക്ഷെ ഈ രാക്ഷസനെ സ്വാധീനിക്കാത്ത കാലത്തോളം ചന്ദ്രഗുപ്തരാജ്യത്തിന്ന് സുസ്ഥിരതയില്ല. രാക്ഷസന്റെ നന്ദവംശഭക്തി അളവററതാണ്. നന്ദവംശത്തിൽ ഒരു കുട്ടിയെങ്കിലും ജീവിച്ചിരിക്കുന്നിടത്തോളംകാലം അവനെക്കൊണ്ടു ചന്ദ്രഗുപ്തമന്ത്രിപദം സ്വീകരിപ്പിക്കുവാൻ അസാദ്ധ്യമാണു്. ഈ ഉദ്ദേശത്താൽതന്നെയാണ് ഞാൻ തപോവനത്തിൽചെന്ന് ആ സർവ്വാർത്ഥസിദ്ധിയേക്കൂടി വധിച്ചുകളഞ്ഞതു്. എന്നിട്ടും ഈ രാക്ഷസൻ ഇപ്പോഠം മലയകേതുവുമായി സമ്മേളിച്ച് നമ്മെ ഉച്ഛേദനംചെയ്യുവാൻ തീവ്രയത്നം ചെയ്തുവരികയാണ്. അല്ലയോ അമാത്യരാക്ഷസ! ശ്രോത്രിയബ്രാഹ്മണ! മന്ത്രിബൃഹസ്പതേ! അങ്ങയുടെ നിരതിശയമായ സ്വാമിഭക്തിയാൽ ഞാൻ താങ്കളെ അഭിനന്ദിക്കുന്നു. താങ്കഠം മാത്രമാണ് ഈ ലോകത്തിൽ ഒരേ ഒരു സചിവസത്തമൻ. ഐശ്വൎയ്യത്തിന്റെ സമൃദ്ധിയിലും ആപത്തിന്റെ ദുഃഖത്തിലും ഒരുപോലെ താങ്കഠം സ്വാമിയെ സേവിച്ചു. അവരുടെ വിനാശത്തിൽകൂടി, വീണ്ടും ആ വംശത്തിന്റെ

പ്രതിഷ്ഠാപനത്തിന്നുവേണ്ടി ത്യാഗസമ്പന്നനായ താങ്കൾ ഭക്തിപ്രശ്രയപൂതമായ ജീവിതം ഉഴിഞ്ഞുവെച്ചിരിക്കുന്നു. ഹാ! എന്തൊരു സ്വാമിഭക്തി! ഈ കാരണംകൊണ്ടുതന്നെയാണ് താങ്കളെക്കൊണ്ടു ചന്ദ്രഗുപ്തന്റെ സാചിവ്യം ഗ്രഹിപ്പിക്കുവാൻ ഞാൻ ബദ്ധപരികരനായിരിക്കുന്നതു്. ബുദ്ധിശക്തി, പരാക്രമം, സ്വാമിഭക്തി, ഇവയിൽ അദ്വിതീയനായ താങ്കൾ മാത്രമേ പ്രഭുവിന്റെ സമ്പത്തിലും ആപത്തിലും കളത്രമെന്നോണം അനുയാനം ചെയ്കയുള്ളൂ. താങ്കളെ പാട്ടിൽ പിടിക്കാൻ ഞാൻ പല നിഗൂഢതന്ത്രങ്ങളും ചെയ്തുവെച്ചിട്ടുണ്ടു്. വൃഷലവധംകൊണ്ടു ചാണക്യന്നു അപകാരം ചെയ്യാമെന്ന ഉദ്ദേശത്തോടുകൂടി രാക്ഷസനാൽ അയക്കപ്പെട്ട വിഷകന്യകയാൽതന്നെ ഞാൻ ഗൂഢമായി ഭാഗുരായണനെക്കൊണ്ടു പർവ്വതകനെ കൊല്ലിച്ചു. ഈ കുററത്തിന്നു അവനെ നാടുകടത്തിയെന്നു ജനങ്ങളുടെ ഇടയിൽ സംസാരവുമാക്കി. "രാക്ഷസനാണ് നിന്റെ പിതാവിനെ കൊന്ന"തെന്നു മലയകേതുവിനെ ധരിപ്പിക്കുവാനും അവരെ യഥാവസരം ഭിന്നിപ്പിക്കുവാനുമായി ആ ഭാഗുരായണനെ ഗൂഢചാരനായി നിയോഗിച്ചിട്ടുമുണ്ടു്. ഇതിന്നുംപുറമെ സ്വപക്ഷത്തിലും പരപക്ഷത്തിലുമുള്ള ജനങ്ങളുടെ അനുകൂലപ്രതികൂലഭാവങ്ങൾ സുസൂക്ഷ്മമായി അറിയേണ്ടതിനായി പലവിധ ദേശവേഷഭാഷാസഞ്ചാരനിപുണരായ ചാരന്മാരെ നാനാദിക്കുകളിലും ഏല്പ്പിച്ചിട്ടുണ്ടു്. കുസുമപുരവാസികളായ നന്ദാമാത്യന്മാരുടെ

യും അവരുടെ സുഹൃത്തുക്കളുടേയും ശ്രദ്ധപ്രവൃത്തികൾ ആരായുവാൻ അതിസമൎത്ഥന്മാരായ ആപ്തപുരുഷന്മാരെ പ്രത്യേകം ചട്ടംകെട്ടിയിട്ടുമുണ്ട്. അതിലൊരാൾ എന്റെ സഹപാഠിയായ മിത്രബിന്ദുശൎമ്മൻ തന്നെയാണ്. ഉശനസ്സിന്റെ ദണ്ഡനീതിയിലും ജ്യോതിശ്ശാസ്ത്രത്തിലും അതിസമൎത്ഥനായ അദ്ദേഹം ഒരു ബുദ്ധഭിക്ഷുവിന്റെ വേഷംകെട്ടി നന്ദവധം കഴിഞ്ഞ ഉടൻതന്നെ രാക്ഷസനെ സമീപിച്ച് സഖ്യം സമ്പാദിച്ച് ഒരാത്മസുഹൃത്തിന്റെ നിലയിൽ കഴിഞ്ഞുകൂടുകയാണ്. അദ്ദേഹത്തെക്കൊണ്ടു ഒരു മഹൽകാൎയ്യം നേടാനിരിക്കുന്നു. വൃഷളനാണെങ്കിൽ എല്ലാം എന്നിൽ അൎപ്പിച്ച് കേവലം ഉദാസീനനായിക്കഴിയുന്നു. ആ അസാധാരണങ്ങളായ അഭിയോഗങ്ങൾ ഒന്നും കൂടാതിരുന്നാൽ തന്നെ ഒരുവിധം പൊറുതിയായല്ലോ!

(യമപടവുമായി ഒരു ചാരൻ പ്രവേശിക്കുന്നു.)

ചാരൻ:—മഹാജനങ്ങളെ! യമനെ പാടി സ്തുതിക്കുവിൻ! യമനെ നമസ്കരിക്കുവിൻ! മററു ദേവന്മാരെ ഭജിച്ചിട്ടു യാതൊരു പ്രയോജനവുമില്ല. ഏതു് ഈശ്വരന്റെ പരമഭക്തനായാലുംവേണ്ടില്ല ഈ സൎവ്വഹന്താവായ യമൻ അവരുടെ ജീവൻ നിമിഷംകൊണ്ടപഹരിക്കുന്നു. ഹെ! സൎവ്വംഭക്ഷകനായ ഈ അന്തകനെ തന്നെ ഭജിച്ചുകൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങൾക്കു അകാലമൃത്യു സംഭവിച്ചേക്കും. ഈ വീട്ടിൽ കയറി

ച്ചെന്നു് ഈ വിഗ്രഹം വെച്ചു് പാട്ടുകതന്നെ. (പ്രവേശിക്കുന്നു.)

ശിഷ്യൻ:—ഏ! ഇങ്ങട്ടു കടക്കരുതു്.

ചാരൻ:—ഓ! ഹെ! ബ്രാഹ്മണ! ഇതാരുടെ ഗൃഹമാണു്?

ശിഷ്യൻ:—ഞങ്ങടെ ഗുരുദേവൻെറ—സുഗൃഹീതനാമാവായ ആൎയ്യചാണക്യൻെറ.

ചാരൻ:—(ചിരിച്ചുകൊണ്ടു്) ഓ, ഹെ! എന്നാൽ എനിക്കിവിടെ തീൎച്ചയായും പ്രവേശിക്കാം. അദ്ദേഹവും എന്നെപ്പോലെതന്നെ ഒരു ധൎമ്മജ്ഞനല്ലെ? എനിക്കനുവാദം തരൂ. ഞാൻ ചെന്നു് ഈ യമപടം വെച്ചു് ധൎമ്മോപദേശംചെയ്യട്ടെ.

ശിഷ്യൻ:—(ക്രോധത്തോടെ) ഛീ! എന്തു്? നീ ഞങ്ങളുടെ ഗുരുവിനെ ഉപദേശിക്കാൻ തക്ക ധൎമ്മജ്ഞനൊ?

ചാരൻ:—ഹെ! ബ്രാഹ്മണ! കോപിക്കരുതു്. ആരും സൎവ്വജ്ഞനല്ലല്ലൊ? നിങ്ങളുടെ ഉപാദ്ധ്യായൻ ചിലതെല്ലാം അറിയുന്നു! മററു ചിലതു ഞങ്ങളെപ്പോലുള്ളവർ അറിയുന്നു.

ശിഷ്യൻ:—ഹെ! വിഡ്ഢി! ഞങ്ങളുടെ ഗുരു സൎവ്വജ്ഞനാണു്. അതു മറച്ചുവെക്കുവാൻ നീ ശ്രമിക്കേണ്ട.

ചാരൻ:—ഹെ! ബ്രാഹ്മണ, എങ്കിൽ ഞാൻ ചോദിക്കട്ടെ? ആരാണു് ചന്ദ്രൻെറ വിദ്വേഷി? ഒന്നുപറയണം!

ശിഷ്യൻ:—പോ! വിഡ്ഢി! ഇതറിഞ്ഞിട്ടെന്താ? അറിയാഞ്ഞിട്ടെന്താ?

ചാരൻ:.... എന്നാൽ അതു നിങ്ങളുടെ ഗുരുവിന്നാസ്സലായറിയാം. നിങ്ങൾക്കിത്രമാത്രം അറിയുമായിരിക്കും. താമരകൾ മാത്രമാണ് ചന്ദ്രനെ ദ്വേഷിക്കുന്നതെന്നു്!

(ചാണക്യൻ ഈ സംഭാഷണംകേട്ടു് ആത്മഗതം ചെയ്യുന്നു.)

ചാണക്യൻ:—ആ! ശരി. ചന്ദ്രഗുപ്തനെ വിദ്വേഷിക്കുന്നവർ ആരെല്ലാമാണെന്നു ഞാൻ അറിയുമെന്നു ഇവൻ ഇതുകൊണ്ടു സൂചിപ്പിച്ചു.

ശിഷ്യൻ:—എടൊ? എന്താണീയസംബന്ധം പറയുന്നതു്?

ചാരൻ:—ഹെ! ബ്രാഹ്മണ, ഇതു അസംബന്ധമല്ല; സുസംബന്ധംതന്നെയാണ്.

ശിഷ്യൻ:—എങ്ങിനെയാണതു്?

ചാരൻ:—ഏ! അതു കേൾക്കുമ്പോൾ അറിയാം.

ചാണക്യൻ:—കുട്ടി; അവനെ ഇങ്ങോട്ടയക്കൂ. ഞാൻ നിങ്ങളുടെ സംഭാഷണം കേട്ടിരിക്കുന്നു. നിനക്കറിയേണ്ടതു അറിഞ്ഞുകഴിഞ്ഞുവല്ലൊ?

ചാരൻ:—(പ്രവേശിച്ചു്) ആര്യൻ വിജയിക്കട്ടെ!

ചാണക്യൻ:—(ആത്മഗതം) ഓഹോ! ഇത് ജനങ്ങളുടെ അഭിപ്രായഗതി അറിയുവാൻവേണ്ടി പറഞ്ഞയച്ച നിപുണകനല്ലേ? (പ്രകാശം) സ്വാഗതം. ഇരിക്കൂ.

ചാരൻ:—(നിലത്തിരിക്കുന്നു)

ചാണക്യൻ:—താന്നെ ഏല്പിച്ച കാൎയ്യങ്ങൾ എന്തെല്ലാമാണ്? വിസ്തരിച്ചു പറയു. വൃഷളന്റെ പ്രജകൾ അവനെ നല്ലപോലെ സ്നേഹിക്കുന്നില്ലേ?

ചാരൻ:—ജനങ്ങൾക്കുണ്ടായേക്കാവുന്ന അതൃപ്തികാരണങ്ങളെ അപ്പപ്പോൾ അവിടുന്നു പരിഹരിക്കുന്നതുകൊണ്ടു് പ്രജകളെല്ലാം മഹാരാജാവിനെ ആത്മാൎത്ഥമായിത്തന്നെ സ്നേഹിക്കുന്നുണ്ടു്. എങ്കിലും അമാത്യരാക്ഷസനെ പണ്ടേ അകമഴിഞ്ഞ് സ്നേഹിച്ചുവരുന്ന മൂന്നു വ്യക്തികൾ ഈ നഗരത്തിൽത്തന്നെ താമസിച്ചുവരുന്നുണ്ടു്. അവർ മാത്രം ചന്ദ്രഗുപ്തരാജാവിന്റെ ഐശ്വൎയ്യത്തെ സഹിക്കുന്നില്ല.

ചാണക്യൻ:—(കോപത്തോടെ) അവർ സ്വന്തം ജീവിതത്തെ സഹിക്കുന്നില്ലെന്നാണ് ഇതിന്നൎത്ഥം. ആവട്ടെ അവരുടെ പേരെന്തെന്നറിയാമോ?

ചാരൻ:—അറിയാതെങ്ങിനെ ഇവിടെ ഉണൎത്തിക്കും?

ചാണക്യൻ:—എന്നാൽ കേൾക്കട്ടെ.

ചാരൻ:—ഒന്നാമൻ ശത്രുപക്ഷത്തെ ഹാൎദ്ദമായി സ്നേഹിക്കുന്ന ആ ബുദ്ധഭിക്ഷു ജീവസിദ്ധിയാണ്.

ചാണക്യൻ:—(സഹർഷം) ജീവസിദ്ധി നമ്മുടെ സ്വന്തം ചാരൻതന്നെയാണ്. (പ്രകാശം) മററുള്ളവർ ഏതാണ്?

ചാരൻ:—ഒരുത്തൻ അമാത്യരാക്ഷസന്റെ ആത്മസുഹൃത്ത്; ശകടദാസൻ എന്നുപേരായ ഒരു ഗുമസ്ഥനാണ്.

ചാണക്യൻ:—(ചിരിച്ച് ആത്മഗതം) ഹും! ഗൃഹസ്ഥൻ! എളിയ ഒരു ജീവി. എങ്കിലും നിസ്സാരനായ ശത്രുവേപ്പോലും അവഗണിക്കുന്നതു് യുക്തമല്ലല്ലോ. അവനെ സ്വാധീനിക്കാനായി സ്നേഹിതനെന്ന വ്യാജേന സിദ്ധാത്ഥകനെ ഏല്പ്പിട്ടുത്തീട്ടുമുണ്ടു്. (പ്രകാശം) ഉം! ഇനി ആ മൂന്നാമൻ ആരാണു്?

ചാരൻ:—അതമാത്യരാക്ഷസന്റെ ദ്വിതീയ ഹൃദയവും പുഷ്പപുരനിവാസിയുമായ ഒരു സ്വൎണ്ണച്ചെട്ടിയാണു്. ചന്ദനദാസനെന്നാണവന്റെ പേർ. അവന്റെ വീട്ടിലാണു് രാക്ഷസൻ നഗരത്തിൽനിന്നും വിട്ടുപോകുമ്പോൾ കുടുംബത്തെ സൂക്ഷിച്ചിട്ടുള്ളതു്.

ചാണക്യൻ:—(ആത്മഗതം) അവൻ രാക്ഷസന്റെ പ്രാണതുല്യനായിരിക്കണം. അത്രക്കു് വിശ്വാസമുള്ളേടത്തു മാത്രമേ രാക്ഷസൻ കുടുംബത്തെ സൂക്ഷിക്കുകയുള്ളൂ. (പ്രകാശം) ചന്ദനദാസന്റെ വീട്ടിൽ രാക്ഷസകളത്രത്തെ സൂക്ഷിച്ചിട്ടുണ്ടെന്നു നീ എങ്ങിനെ മനസ്സിലാക്കി?

ചാരൻ:—അതിന്റെ തെളിവിലേക്കായി ഇതാ ഈ മുദ്രമോതിരം അവിടുത്തെ മുമ്പിൽ സമൎപ്പിക്കാം. (മോതിരം കൊടുക്കുന്നു.)

ചാണക്യൻ:—(മോതിരത്തിൽ രാക്ഷസന്റെ പേർ കൊത്തീട്ടുള്ളതിനെ വായിച്ചു് സന്തോഷത്തോടെ ആത്മഗതം.)

ഇതിനാൽ രാക്ഷസൻതന്നെ എൻെറ കരതലത്തിൽ എത്തിച്ചേൎന്നതായി വിചാരിക്കണം. (പ്രകാശം) എടോ! ഈ മോതിരം നീ സമ്പാദിച്ചതെങ്ങിനെയെന്നു വിസ്തരിച്ചു കേൾക്കണം.

ചാരൻ:—കേൾക്കാമല്ലോ. പ്രജാഭിപ്രായമറിവാനാണല്ലോ അവിടുന്നെന്നെ കല്പിച്ചയച്ചിട്ടുള്ളതു്. അതിന്നായി, ഒരാൾക്കും എന്നിൽ ശങ്കാലേശമുദിക്കാത്തവിധം ഈ യമപടവും പിടിച്ചു് വീട്ടുതോറും കയറി ഇറങ്ങാൻ തുടങ്ങി. അങ്ങിനെ അലഞ്ഞു തിരിഞ്ഞു് ചന്ദനദാസൻെറ ഗൃഹത്തിലും ചെന്നു കയറി. യമപടംവെച്ച് പാടാനും തുടങ്ങി.

ചാണക്യൻ:—അപ്പോൾ?

ചാരൻ:—ഒരു സുന്ദരകളബരൻ—ഏതാണ്ടൊരഞ്ചുവയസ്സു മാത്രം പ്രായംതോന്നിക്കുന്ന ഒരോമനക്കുട്ടൻ ബാലസഹജമായ കൌതുഹലത്തോടുകൂടി പുറത്തേക്കു് ഓടിവന്നു. അപ്പോഴേക്കും ഹാ! പോയി! പുറത്തുപോയി, എന്നു് അങ്ങകത്തു്, സ്ത്രീജനങ്ങളുടെ ഇടയിൽ ഒരു വലിയ ബഹളം കേട്ടു. ഉടനെ വാതില്ക്കൽ പകുതി മറഞ്ഞുനിന്ന ഒരു സ്ത്രീരൂപം പൊൻകാപ്പണിക്കയ്യോൽ ആ കുട്ടിയെ പിടിച്ചുവലിച്ചു് ചീത്ത പറഞ്ഞുകൊണ്ടു് അകത്തേക്കുതന്നെ കൂട്ടിക്കൊണ്ടു് പോയി. ആ സംഭ്രമത്തിൽ അവളുടെ കയ്യിൽനിന്നും ഊരിത്തെറിച്ചുവീണ ഈ മോതിരം എൻെറ കാൽ

ച്ചുവട്ടിലെത്തിച്ചേൎന്നു് ഒരു കുലവധുക്കൾവല്ലോലെ നിശ്ച ലമായി കിടന്നു. ഇതിൽ അമാത്യരാക്ഷസന്റെ പേർ കണ്ടതുകൊണ്ടു് അതെടുത്തു് അവിടുത്തെ തൃപ്പാദ ത്തിൽ ഇതാ സമൎപ്പിക്കുകയും ചെയ്തു. ഇതാണിതി ന്റെ ചരിത്രം.

ചാണക്യൻ:—ശരി. ഇനി നിനക്കു പോകാം. അധികം താ മസിക്കാതെതന്നെ നിന്റെ ഈ പരിശ്രമത്തിന്റെ അനുകൂലഫലം നീ അനുഭവിക്കുമാറാകും.

ചാരൻ:—എല്ലാം അവിടുത്തെ അനുഗ്രഹം. (പോകുന്നു.)

ചാണക്യൻ:—ശാർങ്ങ്ഗരവാ! ശാർങ്ങ്ഗരവ!

ശിഷ്യൻ:—കല്പിച്ചാലും.

ചാണക്യൻ:—ആ എഴുത്തു സാമഗ്രികൾ ഇങ്ങെടുത്തു കൊണ്ടുവരൂ. (ശിഷ്യൻ കൊണ്ടുവന്നുവെക്കുന്നു.)

ചാണക്യൻ:—(തൂവൽ കയ്യിൽ എടുത്തു് ആലോചിക്കു ന്നു) എന്താണു് ഇതിൽ എഴുതേണ്ടതു്. ഈ ഒരൊ റ്റ എഴുത്തുകൊണ്ടു് രാക്ഷസനെ കീഴടക്കണം.

(പ്രതീഹാരി പ്രവേശിക്കുന്നു.)

പ്രതീഹാരി:—ആൎയ്യൻ ജയിക്കുന്നു.

ചാണക്യൻ:—(ആത്മഗതം) ജയശബ്ദം ആരംഭത്തിൽത ന്നെ ശുഭസൂചകമാണല്ലോ (പ്രകാശം) ശോണോത്ത രേ! നീ എന്താണു് വന്നതു്?

പ്രതീഹാരി:—ആൎയ്യ! മഹാരാജാ ചന്ദ്രഗുപ്തൻ ശിരസ്സിൽ കൂപ്പുകൈ അണച്ചുകൊണ്ടു് അവിടുത്തെ അറിയിക്കുന്നു. അവിടുത്തെ അനുവാദപ്രകാരം പൎവ്വതേശ്വരന്റെ ശേഷക്രിയ ചെയ്യാനും അദ്ദേഹം ധരിച്ച സ്വൎണ്ണാഭരണങ്ങൾ മഹാബ്രാഹ്മണൎക്കു് ദാനംചെയ്യാനും, ആഗ്രഹിക്കുന്നു എന്നു്.

ചാണക്യൻ:—(സഹർഷമാത്മഗതം) വൃഷല! വളരെ നല്ലതു്. എന്റെ ഹൃദയമനുകരിച്ചുതന്നെ നീയും സന്ദേശമയച്ചിരിക്കുന്നു. (പ്രകാശം) ശോണോത്തരെ; വൃഷലനോടു ഞാൻ പറഞ്ഞതായി പറയുക:—കുട്ടി; നീ ലോകവ്യവഹാരങ്ങളിൽ അഭിജ്ഞനാണു്. അതുകൊണ്ടു സ്വാഭിപ്രായമനുസരിച്ചു് പ്രവൎത്തിച്ചുകൊള്ളുക. പക്ഷെ, പൎവ്വതേശ്വരൻ ധരിച്ച ആ വിശിഷ്ടാഭരണങ്ങൾ വിശിഷ്ടന്മാരായ ബ്രാഹ്മണൎക്കു തന്നെ വേണം ദാനം ചെയ്യാൻ. അതിന്നായി ഞാൻ തന്നെ അതിന്നു പററിയ ബ്രാഹ്മണരെ പരീക്ഷിച്ചുകൊണ്ടയക്കാം.

പ്രതീഹാരി:—ആൎയ്യന്റെ കല്പനപോലെ (പോകുന്നു.)

ചാണക്യൻ:—ശാർങ്ങ്ഗരവ, ആ വിശ്വാവസുപ്രഭൃതികളായ മൂന്നു് സഹോദരന്മാരോടും ചെന്നു പറയൂ ചന്ദ്രഗുപ്തന്റെ അടുത്തുചെന്നു് ആ ദാനം വാങ്ങി ഇവിടെ എന്നെ വന്നു കാണണം എന്നു്.

ശിഷ്യൻ:—കല്പനപോലെ. (പോകുന്നു.)

ചാണക്യൻ:—ഈ എഴുത്തുകൊണ്ടു സാധിക്കേണ്ട കാൎയ്യത്തിന്നു മുമ്പു് ചിലതാലോചിക്കാനിരിക്കുന്നു. (ആലോചിച്ച്) ആം! മനസ്സിലായി! എന്റെ ഗൂഢപുരുഷന്മാർ മുഖേന ചില രഹസ്യങ്ങൾ അറിയാൻ കഴിഞ്ഞിട്ടുണ്ടു്. മ്ലേച്ഛരാജബലത്തിൽ ഏററവും പ്രധാനപ്പെട്ട അഞ്ചുപേരാണു് അസാമാന്യസ്നേഹത്തോടെ രാക്ഷസനെ അനുവൎത്തിക്കുന്നതു്. കൌലൂതാധിപനായ ചിത്രവൎമ്മൻ, കാശ്മീരത്തിലെ പുഷ്കരാക്ഷൻ, സിന്ധുരാജാവായ സിന്ധുഷേണൻ, പാരസീകത്തിലെ വമ്പിച്ച കുതിരപ്പടയുള്ള മേഘൻ, ഇവരുടെ സഹായം അമാത്യരാക്ഷസനെ വിജയിപ്പിക്കുവാൻ സൎവ്വഥാ സമൎത്ഥമാണു്. അതിന്റെ പ്രതിവിധി ഇവരെ നിശ്ശേഷം നശിപ്പിക്കുകയാണു്. അതു ഈ ലേഖനം കൊണ്ടു സാധിക്കണം. അവരുടെ വിനാശം വരുത്തത്തക്കവണ്ണം ഈ പേരുകൾ ഞാനിവിടെ കുറിക്കുന്നു. ഇതു ചന്ദ്രഗുപ്തന്റെ കൈകൾതന്നെ മായിച്ചുകളയട്ടെ! (ആലോചിച്ചു്) അല്ലെങ്കിൽ എഴുതാൻ വരട്ടെ; ആദ്യം കാൎയ്യം വ്യക്തമാവാത്ത നിലയിൽ ചിലതെഴുതാം. (എഴുതുന്നു.)— ശാൎങ്ങ്ഗരവാ!

ശാൎങ്ങ്ഗരവൻ:—(പ്രവേശിച്ചു്) കല്പിച്ചാലും.

ചാണക്യൻ:—വത്സ! സശ്രദ്ധം എഴുതിയതാണെങ്കിലും അക്ഷരങ്ങൾക്കു വടിവുപോര. അതുകൊണ്ടു് സിദ്ധാൎത്ഥകനോടു ചെന്നു പറയൂ. ഇതു ആരു്, ആൎക്കു എന്നു

പേർ വെക്കാതെ ശകടദാസനെക്കൊണ്ടെഴുതിച്ച് എന്റെ കയ്യിൽ കൊണ്ടുവന്നുതരുവാൻ ഇതു് ചാണക്യൻ എഴുതിയതാണെന്നു ശകടദാസനെ അറിയിക്കരുതെന്നും പ്രത്യേകം പറയണം.

ശാർങ്ഗരവൻ:—അങ്ങിനെതന്നെ. (പോകുന്നു)

ചാണക്യൻ:—ഹാവൂ! മലയകേതുവെ ജയിച്ചു!

(ലേഖവുമായി പ്രവേശിച്ചിട്ടു്)

സിദ്ധാൎത്ഥകൻ:—ആൎയ്യൻ ജയിക്കട്ടെ! ആ എഴുത്തിതാ ശകടദാസനെക്കൊണ്ടു് എഴുതിച്ചുകൊണ്ടു വന്നിരിക്കുന്നു.

ചാണക്യൻ:—(വാങ്ങിനോക്കിയിട്ടു്) ഹാ! നല്ല വൃത്തിയും വടിവുമുള്ള ആകർഷകാക്ഷരങ്ങൾ! ഈ മോതിരം കൊണ്ടിതിന്മേൽ മുദ്രവെക്കു.

സിദ്ധാൎത്ഥകൻ:—(അങ്ങിനെ ചെയ്യുന്നു) ഇതാ മുദ്രവെച്ചു. ഇനിയെന്താണു് ചെയ്യേണ്ടതു്?

ചാണക്യൻ:—എടൊ! ഏററവും വിശ്വാസ്യമായ മറെറാരു കാൎയ്യസാദ്ധ്യത്തിനായി നിന്നെ അയക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

സിദ്ധാൎത്ഥകൻ:—(സഹർഷം) ആൎയ്യ! ഞാൻ അനുഗൃഹീതനായി. ഈ വിനീതദാസൻ ചെയ്യേണ്ട പ്രവൃത്തി എന്താണെന്നു് കല്പിച്ചാലും!

ചാണക്യൻ:—ഒന്നാമതായി പ്രവൎത്തിക്കേണ്ടതു് വദ്ധ്യസ്ഥാനത്തിൽച്ചെന്നു് ആ ഘാതുകന്മാരെ അക്ഷിസംജ്ഞ കാണിച്ച് അവർ ചെയ്യേണ്ടുന്ന കാൎയ്യം ഇന്നതാണെന്നു ഗ്രഹിപ്പിക്കുക അതിന്നുശേഷം നിന്റെ സൂചന ഗ്രഹിച്ച് ഭയപ്പെട്ടപോലെ കൊലയാളികൾ അങ്ങുമിങ്ങും ഓടിപ്പോയിക്കഴിഞ്ഞാൽ ആ വദ്ധ്യസ്ഥാനത്തുനിന്നു ശകടദാസനേയുംകൂട്ടി രാക്ഷസ സന്നിധിയിൽ ചെല്ലുക. അവിടെ ആത്മമിത്രത്തെ തൂക്കുമരത്തിൽനിന്നു രക്ഷിച്ചതിന്നുള്ള പാരിതോഷികവും വാങ്ങി കുറച്ചു കാലം രാക്ഷസന്റെ സേവകനായിത്തന്നെ കഴിഞ്ഞുകൂടിക്കൊള്ളുക. അതിന്നുശേഷം അനുകൂലസന്ദൎഭമണഞ്ഞാൽ ഇക്കാൎയ്യവുംകൂടി അനുഷ്ഠിക്കേണ്ടതാണു്. (ചെവിയിൽ മന്ത്രിക്കുന്നു)

സിദ്ധാൎത്ഥകൻ:—അവിടുത്തെ കല്പനപോലെ.

ചാണക്യൻ:—ശൎങ്ങ്ഗരവ; ശാൎങ്ങ്ഗരവ,

(പ്രവേശിച്ച്)

ശിഷ്യൻ:—ഗുരൊ! കല്പിച്ചാലും.

ചാണക്യൻ:—ആ കാലപാശികനോടും, ദണ്ഡപാശികനോടും ഞാൻ പറഞ്ഞതായിച്ചെന്നു പറയൂ. "രാക്ഷസൻ പ്രയോഗിച്ച വിഷകന്യകയെക്കൊണ്ടു പൎവ്വതേശ്വരനെക്കൊന്ന കുററത്തിന്നു ബുദ്ധാഭിക്ഷുവായ ജീവസിദ്ധിയെ, മഹാരാജാചന്ദ്രഗുപ്തൻ നാടുകടത്തുവാൻ

വിധികല്പിച്ചിരിക്കുന്നു.'' എന്ന് വിളംബരപ്പെടുത്തി കൊണ്ടു അവനെ പിടിച്ച് നഗരത്തിൽനിന്നും പുറത്താക്കട്ടെ.

ശിഷ്യൻ:—അങ്ങിനെതന്നെ. (പോകാൻ ഭാവിക്കുന്നു.)

ചാണക്യൻ:—വത്സ! നില്ക്കു! നിൽക്കൂ; വേറൊരുത്തനേയും കൂടി; ആ കായസ്ഥനായ ശകടദാസൻ രാക്ഷസപക്ഷവാതിയായി എപ്പോഴും, നമ്മെ ഉപദ്രവിക്കുവാൻ തന്നെ തഞ്ചംനോക്കിയിരിക്കയാണ്. അവനെയും ഈ കുററം ചുമത്തി ശൂലത്തിൽ തറക്കട്ടെ. അവൻെറ കുടുംബാംഗങ്ങളെ പിടിച്ച് ജയിലിലുമടക്കട്ടെ.

ശിഷ്യൻ:—കല്പനപോലെ. (പോകുന്നു)

ചാണക്യൻ:—(ചിന്തിച്ചുകൊണ്ടാത്മഗതം)

ഇനിയും ആ അമാത്യരാക്ഷസനെ പിടികിട്ടുകയില്ലെന്നൊ?

സിദ്ധാൎത്ഥകൻ:—ആൎയ്യ! എന്നാൽ, കാൎയ്യസിദ്ധിക്കായി എന്നെ പോകാൻ അനുവദിക്കണം.

ചാണക്യൻ:—(ലേഖവും മുദ്രയും കൊടുക്കുന്നു)

ശരി! പോകാം. നിൻെറ കാൎയ്യം സഫലമാകട്ടെ. (സിദ്ധാൎത്ഥകൻ പോകുന്നു)

(പ്രവേശിച്ചിട്ട്)

ശിഷ്യൻ:—ഗുരൊ! കാലപാശികനും ദണ്ഡപാശികനും അവിടുത്തെ അറിയിക്കുന്നു. ചന്ദ്രഗുപ്തശാസനം ശിരസാവഹിക്കുന്നുവെന്നു്.

ചാണക്യൻ:—ശോഭനം! വത്സ! ആ സ്വർണ്ണവ്യാപാരി ചന്ദനദാസനെ ഒന്നൊന്നിക്ക കാണണം.

ശിഷ്യൻ:—ഇപ്പോൾത്തന്നെ കൂട്ടിക്കൊണ്ടുവരാം.

(പോയി ചന്ദനദാസനുമായി പ്രവേശിക്കുന്നു.)

ചന്ദനദാസൻ:—(ആത്മഗതം)

'ഈ നിഷ്ക്കരുണനായ ചാണക്യൻ പെട്ടെന്നു് വിളിച്ചാൽ നിർദ്ദോഷിയായ ഒരാൾതന്നെ വളരെ ശങ്കയോടുകൂടെയാണ് മുമ്പിൽ ചെല്ലുന്നതു്. പിന്നെ കുററം ചെയ്ത ഈയുള്ളവൻെറ കഥ പറയാനുണ്ടോ? അമാത്യൻെറ ഗൃഹജനത്തെ എൻെറ വീട്ടിൽ ഏല്പിക്കുമ്പോൾ അന്നേ ഞാൻ ആ ധനസേനൻ മുതലായവരോടു ഇതു പറഞ്ഞിട്ടുള്ളതാണു്. എപ്പോഴെങ്കിലും ഇതു ചാണക്യൻെറ അന്വേഷണത്തിൽപെടും. അതാപത്തുണ്ടാക്കുമെന്നു്.

ശിഷ്യൻ:—ചെട്ട്യാരേ! ഇതിലെ വരാം.

(രണ്ടാളും പ്രവേശിക്കുന്നു.)

ശിഷ്യൻ:—ഗുരോ! ഇതാ ചന്ദനദാസൻ വന്നിരിക്കുന്നു.

ചന്ദനദാസൻ:—ആര്യൻ ജയിക്കട്ടെ.

ചാണക്യൻ:—(കണ്ടതായി നടിച്ചു്) ചെട്ട്യാരേ! സ്വാഗതം! ഈ പീഠത്തിൽതന്നെ ഇരിക്കാം.

ചന്ദനദാസൻ:—(നമസ്ക്കരിച്ചിട്ടു്) ഈയുള്ളവന്നു് ഒന്നും അറിഞ്ഞുകൂട. അനുചിതമായ ഈ ആദരവ് എൻെറ

ഹൃദയത്തിൽ അപമാനത്തേക്കാറം ഭയമാണുണ്ടാകുന്നതു്. അതുകൊണ്ടു് എനിക്കുചിതമായ ഈ നില തിരുന്നുകൊള്ളാം.

ചാണക്യൻ:— ഏയ്! ചെട്ട്യാരേ! അങ്ങിനെ പറയരുതു്. താങ്കറംക്കിതനുയോജ്യംതന്നെയാണ്. എന്നെപ്പോലുള്ളവരിൽ നിന്നതു സംഭാവിതവുമാണ്. അതിനാൽ ഇരിക്കൂ! പീഠത്തിൽത്തന്നെ.

ചന്ദനദാസൻ:—(ആത്മഗതം) ഈ ദുഷ്ടൻ എന്തോ ഉള്ളിൽ കരുതിയിട്ടുണ്ടു്. (പ്രകാശം) അവിടുന്നു കല്പിക്കുമ്പോലെ. (ഇരിക്കുന്നു)

ചാണക്യൻ:—ഏ! ചന്ദനദാസൻ! ഇപ്പോറം വ്യാപാരങ്ങളൊക്കെ എങ്ങിനെയിരിക്കുന്നു? നല്ല ലാഭവും അഭിവൃദ്ധിയുമില്ലേ?

ചന്ദന:—(ആത്മഗതം) അത്യാദരവിനെ ശങ്കിയ്ക്കേണ്ടിയിരിക്കുന്നു. (പ്രകാശം) ഉവ്വ്; അവിടുത്തെ കരുണയുണ്ടായിട്ട് കച്ചവടങ്ങറംക്ക് വലിയ വിഘ്നമൊന്നുമില്ല.

ചാണക്യൻ:— ചന്ദ്രഗുപ്തൻെറ ദോഷങ്ങറം ഇപ്പോറം പ്രജകളെ കഴിഞ്ഞുപോയ രാജാക്കന്മാരുടെ ഗുണഗണങ്ങളെപ്പററി ഓമ്മിപ്പിക്കുവാൻ ഇടവരുത്തുന്നു. ഇല്ലേ?

ചന്ദനദാസൻ:—(ചെവികറം പൊത്തിയിട്ട്) ശാന്തം പാപം! ഒരിക്കലുമല്ല; ശരൽക്കാലരാത്രിയിലെ പൂൎണ്ണചന്ദ്രനേക്കാറം ചന്ദ്രഗുപ്ത ശ്രീയെ പ്രജകറം അഭിനന്ദിക്കുന്നുണ്ടു്.

ചാണക്യൻ:—എന്നാൽ, ഹേ! ചെട്ട്യാരേ! അത്രക്കു സന്തുഷ്ടരായ പ്രജകളിൽനിന്നു കൃതജ്ഞതയെ രാജാക്കന്മാർ അവകാശപ്പെടുന്നു.

ചന്ദനദാസൻ:—അവിടുന്നു കല്പിച്ചാലും, എന്തൊന്നാണും ഈ എളിയവനിൽനിന്നും ആഗ്രഹിക്കുന്നതു്?

ചാണക്യൻ:—ഹേ! ചന്ദനദാസ! ഇതു ചന്ദ്രഗുപ്തന്റെ രാജ്യമാണ്; നന്ദന്മാരുടേതല്ല; അർത്ഥകാമന്മാരായ നന്ദന്മാർക്ക് പ്രീതിയുളവാക്കിയതു് പ്രജകളുടെ സമ്പത്താണ്. എന്നാൽ ചന്ദ്രഗുപ്തനാകട്ടെ, നിങ്ങളുടെ—പ്രജകളുടെ ക്ഷേമത്തിലാണ് സംതൃപ്തിയടയുന്നതു്.

ചന്ദനദാസൻ:—(സഹർഷം) ഞങ്ങൾ അനുഗ്രഹിക്കപ്പെട്ടു.

ചാണക്യൻ:—പക്ഷേ, ആക്ഷേപം എങ്ങിനെയാണ് ഉണ്ടാവുകയെന്നു് നിങ്ങൾതന്നെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

ചന്ദനദാസൻ:—എന്താണാവോ?

ചാണക്യൻ:— ചുരുക്കിപ്പറയുകയാണെങ്കിൽ രാജാവിനു വിരുദ്ധമായ പ്രവൃത്തികളിൽ പ്രവേശിക്കാതിരിക്കുക.

ചന്ദനദാസൻ:—മഹാരാജാവിന്നു വിപരീതം പ്രവൎത്തിക്കുന്ന ആ നിർഭാഗ്യവാന്മാർ ആരെന്നാണ് തിരുമനസ്സിൽ തോന്നിട്ടുള്ളതു്?

ചാണക്യൻ:—താങ്കൾ തന്നെയാണ് ഒന്നാമതായിട്ടു്.

ചന്ദനദാസൻ:—(ചെവിപൊത്തിക്കൊണ്ട്)

ശാന്തം! പാപം! ശാന്തം പാപം! ഒരു വ്യാപാരി എങ്ങിനെയാണ് അഗ്നിയോടെതിർക്കുക?

ചാണക്യൻ:— ആ എതിർപ്പ് ഇങ്ങിനെതന്നെയാണ്. രാജാവിൻെറ പരമശത്രുവായ അമാത്യരാക്ഷസൻെറ കുടുംബത്തെ താങ്കൾ ഇപ്പോഴും സ്വന്തം വീട്ടിൽ സൂക്ഷിച്ച് സംരക്ഷിച്ചുവരുന്നു.

ചന്ദന!—അവിടുന്ന ക്ഷമിക്കണം. ഇതു അസത്യമാണ്. യഥാർത്ഥം അറിയാത്ത ആരോ അവിടത്തെ തെററിധരിപ്പിച്ചതാണ്.

ചാണക്യൻ: —ഏ! ചെട്ട്യാരേ! ആശങ്കവേണ്ട. ഭയപ്പെട്ടോടുന്ന മന്ത്രിമാരും മററും സമ്മതം ചോദിച്ചിട്ടല്ലെങ്കിലും, കുടുംബാംഗങ്ങളെ പൌരന്മാരുടെ വീടുകളിൽ ഏല്പിച്ചു നാടുവിട്ടുപോകുന്നതു് സാധാരണയാണ്. എന്നാൽ, അതിന്നുശേഷവും അവരെ ഒളിപ്പിച്ചുവെക്കുന്നതു കുററകരമാണ്.

ചന്ദന:—അതങ്ങിനെതന്നെയാണ്. ആ കാലത്ത് അമാത്യരാക്ഷസൻെറ കുടുംബം എൻെറ വീട്ടിൽ ഉണ്ടായിരുന്നു.

ചാണക്യൻ:—തനിനുണ! ആദ്യമില്ലെന്നു പറഞ്ഞു ഇപ്പോൾ ഉണ്ടായിരുന്നുവെന്നും! എന്തസംബന്ധമാണിപ്പറയുന്നതു്.

ചന്ദനദാസൻ:—ഇല്ല, ഇത്രമാത്രമേ എന്നിൽ വ്യാജം വന്നിട്ടുള്ളൂ.

ചാണക്യൻ:—ഹേ! ചെട്ട്യാരേ! ചന്ദ്രഗുപ്തന്റെ രാജ്യത്തിൽ അസത്യത്തിന്നു സ്ഥാനമില്ല. കേട്ടോ? അതിനാൽ രാക്ഷസന്റെ കുടുംബത്തെ ഇവിടെ സമർപ്പിക്കൂ. എന്നിട്ടു് സത്യസന്ധനായി കഴിഞ്ഞുകൂടുക.

ചന്ദനദാസൻ:—ഞാനിവിടെ അറിയിച്ചുവല്ലോ, അക്കാലത്ത് രാക്ഷസഗൃഹജനം അവിടെ ഉണ്ടായിരുന്നുവെന്നു.

ചാണക്യൻ:—എന്നാൽ ഇപ്പോൾ എവിടെപോയി?

ചന്ദന:—അതു് ഞാനറിയുന്നില്ല

ചാണക്യൻ:— (പുഞ്ചിരിച്ചുകൊണ്ട്) അതറിയുകയില്ല അല്ലേ? ഹേ! ചെട്ട്യാരേ! ഇതാ ആപത്തു തലയിൽ കയറിക്കഴിഞ്ഞു. അതിന്റെ പ്രതികാരം വളരെ വിദൂരത്തിലാണ്. ഓർമ്മയിരിക്കട്ടെ.

ചന്ദന:—(ആത്മഗതം) അന്തരീക്ഷം ഇടിമുഴക്കുന്ന മേഘമാലകളാൽ സമാവൃതമായിരിക്കുന്നു. പ്രാണപ്രേയസിയുടെ സാന്നിദ്ധ്യമാണെങ്കിൽ ബഹുദൂരവും എന്തൊരാപത്താണീയണഞ്ഞതു്? ചീററിപ്പായുന്ന സർപ്പം തലയിൽ കയറി; ദിവ്യൌഷധം നില്ക്കുന്നതു ഹിമവാനിലും എന്തു ചെയ്യട്ടെ.

ചാണക്യൻ:—പോരെങ്കിൽ, ചന്ദനദാസ! താങ്കളൊന്നോർമ്മിക്കണം. നന്ദനെ ഈ വിഷ്ണുഗുപ്തൻ ചെയ്തതുപോ

ലെ, ചന്ദ്രഗുപ്തനെ രാക്ഷസനു ഉന്മൂലനാശം ചെയ്വാൻ കഴിയുമെന്നു വിചാരിക്കേണ്ട. നയകോവിദന്മാരും പരാക്രമശാലികളുമായ വക്രനാസാദി സചിവസത്തമന്മാർ ഭരണത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, നന്ദന്മാരിൽ രാജ്യലക്ഷ്മി സുസ്ഥിരയായിരുന്നില്ല. എന്നാൽ ലോകത്തെയാകമാനം ആഹ്ലാദത്തിലാഴ്ത്തുന്ന ചന്ദ്രികാസുന്ദരനായ രാകേന്ദുവേപ്പോലെ ഇന്നു ചന്ദ്രഗുപ്തൻ സാമ്രാജ്യലക്ഷ്മിയുടെ സമാശ്ലേഷത്താൽ സമുജ്ജ്വലനായിരിക്കയാണ്. ഈ അഭിനവചന്ദ്രനിൽനിന്നു ജ്യോത്സ്നാവല്ലഭനുമവതിയായ ആ രാജ്യലക്ഷ്മിയെ വേർപെടുത്തുവാൻ ഒരുങ്ങുന്നതു് ആരാണെന്നൊന്നു കാണട്ടെ! മത്തഗജത്തിന്റെ രുധിരപാനത്താൽ രക്തോജ്ജ്വലവും, സന്ധ്യാരുണമായ ചന്ദ്രക്കലപ്പോലെ തിളങ്ങുന്നതുമായ ദംഷ്ട്രയെ, ക്രോധാവിഷ്ടനായ സിംഹത്തിന്റെ മുഖത്തിൽനിന്നു പറിച്ചെടുക്കുവാൻ ആരാണു് ഒരുമ്പെടുന്നതു്?

ചന്ദനദാസൻ:—(ആത്മഗതം) ഈ വികത്ഥനത്തിന്റെ ഫലം സ്പഷ്ടമാക്കിയല്ലോ!

(പുറത്തൊരു ബഹളം കേൾക്കുന്നു)

ചാണക്യൻ:—ശാർങ്ഗരവ; അതെന്താണെന്നു് അറിഞ്ഞുവരൂ.

ശിഷ്യൻ:—അങ്ങിനെതന്നെ. (പോയി വീണ്ടും പ്രവേശിച്ചിട്ട്) ഗുരൊ! ചന്ദ്രഗുപ്തമഹാരാജാവിന്റെ കല്പന

പ്രകാരം രാജദ്രോഹിയായ ജീവസിദ്ധി എന്ന ബുദ്ധ സന്യാസിയെ നഗരത്തിൽനിന്നു പുറത്താക്കുന്ന കോലാഹലമാണ്.

ചാണക്യൻ:—ആ! ഹാ! ബുദ്ധസന്യാസി!? അങ്ങിനെ രാജദ്രോഹത്തിന്റെ ഫലമനുഭവിക്കട്ടെ. ഹെ! ചന്ദനദാസ, ഇതാ, രാജദ്രോഹികളിൽ തീക്ഷ്ണദണ്ഡനനാണ് രാജാവ്. അതിനാൽ ഈ സുഹൃത്തിന്റെ വാക്കുകേട്ടു പഥ്യമാചരിക്കൂ. രാക്ഷസകുടുംബത്തെ ഇവിടെ സമർപ്പിച്ച് ബഹുവിധമായ രാജപ്രീതിക്കു പാത്രമായിത്തീരൂ.

ചന്ദനഃ:—ഇല്ല; എന്റെ വീട്ടിൽ അമാത്യരാക്ഷസന്റെ ഗൃഹജനമില്ല.

(പുറത്തു വീണ്ടും ബഹളം കേൾക്കുന്നു )

ചാണക്യൻ:—ശാർങ്ഗരവ, അതെന്താണെന്ന് അറിഞ്ഞുവരൂ.

ശിഷ്യൻ:— (പോയി വീണ്ടും പ്രവേശിച്ചിട്ട്) ഗുരോ! അതു മറെറാരു രാജദ്രോഹിയായ ശകടദാസനെ തൂക്കിക്കൊല്ലുവാൻ കൊണ്ടുപോവുകയാണ്.

ചാണക്യൻ:—സ്വകർമ്മത്തിന്റെ ഫലമനുഭവിക്കട്ടെ! ഏ! ചെട്ട്യാരെ; അപഥ്യകാരികളിലുള്ള ശിക്ഷ കഠിനമാണ്. രാക്ഷസകളത്രത്തെ സൂക്ഷിക്കുന്ന താങ്കളുടെ കുററം രാജാവ് ക്ഷമിക്കുകയില്ല. അതുകൊണ്ടു ഞാൻ

ഉപദേശിക്കുന്നു, പരകളത്രത്താൽ സ്വന്തം കളത്രത്തേയും ജീവനേയും രക്ഷിക്കുക.

ചന്ദന:—അവിടുന്നെന്നെ ഭയപ്പെടുത്തുകയാണൊ? ഉണ്ടെങ്കിൽതന്നെ ഞാൻ അമാത്യകളത്രത്തെ സമർപ്പിക്കുകയില്ല. പിന്നെയാണൊ ഇല്ലാതെ?

ചാണക്യൻ:—ചന്ദനദാസ! ഇതു തീർച്ചയാണൊ?

ചന്ദന:—അതെ. ഇതെൻെറ ദൃഢവും ധീരവുമായ നിശ്ചയമാണ്.

ചാണക്യൻ:—(ആത്മഗതം) നല്ലത്! ചന്ദനദാസ; നീ യോഗ്യനാണ്. സുലഭമായ അർത്ഥലാഭത്തിൽപോലും പതറാതെ ന്യായത്തെ സംരക്ഷിക്കുവാൻ ശിബിചക്രവർത്തിക്കുശേഷം തങ്കളല്ലാതെ മററാരാണ് ഇത്തരം ദുഷ്കരമായ ആത്മത്യാഗത്തിനൊരുമ്പെടുന്നതു് (പ്രകാശം) ചന്ദനദാസ! അപ്പോൾ ഇതു തീർച്ചയാണ്!

ചന്ദന:—തീർച്ച!

ചാണക്യൻ:—(സക്രോധം) എന്നാൽ ഏ! ദുഷ്ട! കള്ളക്കച്ചവടം ചെയ്യുന്ന മൂർഖ; രാജകോപത്തിൻെറ ഫലം നീയിതാ അനുഭവിക്കാൻ പോകുന്നു.

ചന്ദന:—അവിടുത്തെ അധികാരംപോലെ പ്രവർത്തിക്കാം. ഏതും സഹിക്കാൻ ഞാൻ ഒരുങ്ങിക്കഴിഞ്ഞു.

ചാണക്യൻ:—ശാർങ്ങ്ഗരവ; ചെന്നു പറയൂ—കാലപാശികനോടും ദണ്ഡപാശികനോടും. ഈ കള്ളച്ചെട്ടിയെ കൊണ്ടുപോയി കൊന്നുകളയട്ടെ, അകല്ലെങ്കിൽ, വരട്ടെ. ആ കോട്ടക്കാവൽക്കാരനു വിജയപാലകനോടു ഇവൻെറ വീട്ടിലുള്ള എല്ലാവരേയും പിടിച്ചുകെട്ടിക്കൊണ്ടുവരാൻ പറയൂ. ഇവനെ സകുടുംബം—പുത്രകളത്രത്തോടെ ജയിലിലിട്ടടക്കട്ടെ. ഞാൻ പറയുംവരെ അവിടെക്കിടക്കണം. വൃഷളൻതന്നെ ഇവനു വധശിക്ഷ വിധിക്കുന്നതാണു്.

ശിഷ്യൻ:—ഗുരൊ! കല്പനപോലെ. ചെട്ട്യാരെ, വരൂ!

ചന്ദന:—ഇതാ വന്നേക്കാം (ആത്മഗതം) ഈ വിനാശത്തിൽ എനിക്കഭിമാനംമേയുള്ളൂ. ഭാഗ്യത്താൽ ഇതു എൻെറ പുരുഷപരമായ ദോഷമല്ല; ഒരു ആത്മസുഹൃത്തിൻെറ നന്മക്കുവേണ്ടിയുള്ള ത്യാഗമാണു്

(ശിഷ്യനോടൊപ്പം പോകുന്നു)

ചാണക്യൻ:—(സഹർഷം) ഇപ്പോൾ രാക്ഷസനെ കിട്ടിയെന്നുതന്നെ പറയാം. എന്തുകൊണ്ടെന്നാൽ ആ രാക്ഷസൻെറ ആപന്മോചനത്തിന്നായി ഇവൻ സ്വന്തം പ്രാണനെക്കൂടി ബലിയപ്പിക്കുന്നു. അപ്പോലെതന്നെ ഈ ചന്ദനദാസനെ ആപത്തിൽ കുടുക്കുമ്പോൾ അവനും സ്വജീവനെ തൃണമാക്കി ആത്മാപ്പണത്തിന്നൊരുങ്ങാതിരിക്കയില്ല. ഇതു തീർച്ചയാണു്.

(പുറത്തു വീണ്ടും കോലാഹലം)

ചാണക്യൻ:—ശാർങ്ഗരവ; (പ്രവേശിച്ച്)

ശിഷ്യൻ:—ഗുരൊ!

ചാണക്യൻ:—എന്താണീ ബഹളം?

ശിഷ്യൻ:—ഗുരൊ! തൂക്കിക്കൊല്ലാൻ കൊണ്ടുപോയ ശകടദാസനെ കഴുവിൻചോട്ടിൽനിന്നു സിദ്ധാൎത്ഥകൻ തട്ടിയെടുത്തു ഓടിക്കളഞ്ഞു.

ചാണക്യൻ:—(ആത്മഗതം) ശരി! സിദ്ധാൎത്ഥക; നീ ഏറ്റെടുത്ത പ്രവൃത്തി നിൎവ്വഹിച്ചു! (പ്രകാശം) എന്തു്? പിടിയിൽനിന്നു വിട്ടോടിക്കളഞ്ഞുവൊ? (കോപിച്ച്) ഭാഗുരായണനോടു ഓടിച്ചെന്ന് അവരെ പിടിച്ചുകൊണ്ടു വരാൻ പറയു.

(പോയി വീണ്ടും പ്രവേശിച്ച്)

ശിഷ്യൻ:—(സവിഷാദം) അയ്യൊ! കഷ്ടം! ഗുരൊ, ഭാഗുരായണനും ഓടിപ്പോയിക്കളഞ്ഞു.

ചാണക്യൻ:—(ആത്മഗതം) കാൎയ്യം നേടിവരട്ടെ. (പ്രകാശം കോപം നടിച്ച്) വത്സ! ഭദ്രഭടൻ, പുരുഷദത്തൻ, ഡിംഗരാതൻ, ബലഗുപ്തൻ, രാജസേനൻ, രോഹിതാക്ഷൻ, വിജയവൎമ്മൻ, മുതലായ ഭടന്മാർ, വിടാതെ പിന്നാലെതന്നെ അതിവേഗത്തിൽച്ചെന്ന് വഞ്ചകനായ ആ ഭാഗുരായണനെ പിടിച്ചുകൊണ്ടു വരട്ടെ. എൻെറ കല്പനയാണെന്നു ചെന്നു പറയുഉം. ശീഘ്രം.

ശിഷ്യൻ:— കല്പന (പോയിവീണ്ടും വന്നു വിഷാദത്തോടെ) ഹ! കഷ്ടം! കഷ്ടം! സർവ്വതന്ത്രങ്ങളും പിഴച്ചു എല്ലാം താറുമാറായി. ആ ഭദ്രഭടനും കൂട്ടുകാരുമെല്ലാം അവ നോടൊപ്പം ഓടിപ്പോയിക്കളഞ്ഞു.

ചാണക്യൻ:— (സ്വഗതം) നിങ്ങളുടെ മാർഗ്ഗത്തിൽ എല്ലാം ശുഭമായിവരട്ടെ! (പ്രകാശം) വത്സ! വ്യസനിക്കേണ്ട, സമാധാനമായിരിക്കു. എല്ലാവരും പോയ്ക്കൊള്ളട്ടെ. എന്തോ മനസ്സിൽ ഉദ്ദേശിച്ച് വമ്പിച്ച കാര്യങ്ങൾ നേടാമെന്ന വ്യാമോഹത്താൽ ആണവരെല്ലാം പര പക്ഷത്തിലേക്ക് ഓടിപ്പോയിട്ടുള്ളത്. നിർവ്വിഘ്നം പോയിക്കൊള്ളട്ടെ. സർവ്വംസാധകമായ ബുദ്ധി എ ൻെറ സഹചാരിയാണ്. കാര്യസാദ്ധ്യത്തിൽ ആ ബ ന്ധുവും നിശിതവുമായ എൻെറ ബുദ്ധി, നന്ദന്മാരുടെ ഉന്മൂലനാശത്തിൽ ബദ്ധപരികരമായിരുന്ന ആ ബു ദ്ധി—എന്നിൽ സ്ഥിരമായിരിക്കുന്നേടത്തോളം കാലം എനിക്കിനൂറുനൂറ് കണക്കിലുള്ള സൈന്യങ്ങളെ ല്ലാം പുല്ലാണ്. (എഴുന്നേററ് ആകാശത്തിൽ ദൃഷ്ടി യുറപ്പിച്ച്) ഈ ദുഷ്ടകൂട്ടങ്ങളായ ഭദ്രഭടപ്രഭൃതികളെ യെല്ലാം ഞാൻ മടക്കിക്കൊണ്ടുവരാം. (ആത്മഗതം) ദുരാത്മൻ! രാക്ഷസാ! നീ എവിടേക്കാണ് പോവുക! അധികം താമസിയാതെ നിന്നെ ഞാൻ മദമിളകി തി മത്തു നടക്കുന്ന കാട്ടാനയെ എന്നപോലെ, എൻെറ

ബുദ്ധിശൃംഖലയാൽ ബന്ധിച്ച്, വൃഷളന്റെ പരമ വിധേയനാക്കിത്തീക്കുന്നുണ്ട്.

(പോകുന്നു.)

യവനിക.

---

## അങ്കം 2.

[വീരാധഗുപ്തൻ എന്ന ചാരൻ ഒരു കുറവന്റെ വേഷത്തിൽ പ്രവേശിക്കുന്നു.]

വീരാധഗുപ്തൻ:—ഞാൻ പാമ്പിനെപ്പിടിക്കുന്ന കുറവന്റെ ഈ വേഷവും കെട്ടി നാടുനീളെ ചുററിസഞ്ചരിച്ചു. ഇതിന്നു പററിയ ഒരു പേരും ഞാൻ സ്വീകരിച്ചു; ജീണ്ണവിഷൻ. ഓഹൊ! നിങ്ങഠം വിചാരിക്കുംപോലെ ഈ കുറവൻ മാത്രമല്ല പാമ്പിനെക്കൊണ്ടു കളിപ്പിക്കുന്നതു്. ഞാൻ പറയുന്നു, രാജസേവകന്മാർ എല്ലാവരും ഒരു തരത്തിൽ പാമ്പിനെ കളിപ്പിക്കുന്നവരാണ്. എന്തുകൊണ്ടെന്നാൽ, വിഷഹാരിയല്ലാത്ത പാമ്പാട്ടി, തോട്ടിയില്ലാതെ ആനപ്പുറത്തു കയറിയവൻ, അധികാരപ്രമത്തനായ രാജസേവകൻ, ഇവരുടെയെല്ലാം അവസാനഗതി അധഃപതനമാണ്. എന്റെ ഈ പെട്ടിയിലും ഒരു സപ്പമുണ്ട്. പക്ഷെ അതിനെ കളിപ്പിക്കുവാനുള്ള സ്ഥലമിതല്ല. ഇതാ ഈ കണുന്നതു അമാത്യരാക്ഷസന്റെ ഗൃഹമാണ്. ഇതി

നെ പ്രദർശിപ്പിക്കുവാനുള്ള സ്ഥലം അവിടെയാണ്. അങ്ങോട്ടു പ്രവേശിക്കാം. (ആലോചിച്ച്) അഹോ! ആശ്ചര്യം! ആ ചാണക്യൻെറ ആജ്ഞാനുസാരം പ്രവൎത്തിക്കുന്ന ചന്ദ്രഗുപ്തനെ നോക്കുമ്പോൾ രാക്ഷസൻെറ തന്ത്രങ്ങളെല്ലാം വിഫലങ്ങളായിത്തോന്നും. രാക്ഷസൻെറ ആജ്ഞാനുസാരം പ്രവൎത്തിക്കുന്ന മലയകേതുവിനെ നോക്കുമ്പോൾ ചന്ദ്രഗുപ്തൻെറ അധിരാജപദവിതന്നെ ഇളക്കം തട്ടിയതായിത്തോന്നുന്നു. ചാണക്യൻ നിശിതബുദ്ധിശക്തിയാൽ മൌൎയ്യലക്ഷ്മിയെ ചന്ദ്രഗുപ്തനിൽ സുസ്ഥിരയാക്കിയിരിക്കുന്നു. രാക്ഷസനാകട്ടെ, അതിനെ ബഹുവിധ ഉപായഹസ്തങ്ങളെക്കൊണ്ട് പിടിച്ചുവലിക്കുകയാണ്. തുല്യബലവാന്മാരും ബുദ്ധിശാലികളുമായ ഈ മടിച്ച മന്ത്രിപുംഗവന്മാരുടെ നടുവിൽ പെട്ടുഴലുന്ന ഗജവശയേപ്പോലെ മൌൎയ്യസാമ്രാജ്യത്തിൻെറ ഈ നില പരിതാപകരമായിരിക്കുന്നു. ഏതായാലും അമാത്യരാക്ഷസനെ കാണുകതന്നെ.

(മറുവശത്തേക്കു പോകുന്നു)

[രാക്ഷസൻ ചിന്തയിൽ മുഴുകിയിരിക്കുന്നു. അരികിൽ ഒരു ഭൃത്യൻ നില്ക്കുന്നു.]

രാക്ഷസൻ:— (കണ്ണിൽ വെള്ളം നിറയുന്നു) അഹോ! കഷ്ടം! പരാക്രമശാലികളും നീതിനിപുണന്മാരുമായ ആ രാജാക്കന്മാരുടെ— എൻെറ യജമാനന്മാരുടെ വി

പുലവും പരിശുദ്ധവും ആയ ആനന്ദവംശം സാമ്രാജ്യൈശ്വര്യങ്ങളുടെ ശിരോഭൂഷണമായി സമുല്ലസിച്ചു. ഹാ! ദുർവ്വിധെ! നീ അതിനെ വൃഷ്ണിവംശത്തെ എന്നപോലെ ചവുട്ടിത്തേച്ചു. ചിന്താസന്തപ്തനായ ഈയുള്ളവൻ രാവും പകലും അവിശ്രമമായി ചെയ്യുന്ന വ്യാപാരങ്ങളെല്ലാം ഇപ്പോൾ വെറും ചുമരില്ലാത്ത ചിത്രരചനയായിപ്പരിണമിച്ചിരിക്കുന്നു. അല്ലെങ്കിൽ;—ഞാൻ നിരാശപ്പെടുന്നതെന്തിന്? ഇതു എന്റെ ഭക്തിക്കുറവുകൊണ്ടോ, വിഷയാസക്തിയാൽ മുഴുകിയ മൂഢത്തംകൊണ്ടോ, മരണഭയംകൊണ്ടോ, അധികാരസ്ഥാനം കൈക്കലാക്കാനുള്ള ദുരാഗ്രഹംകൊണ്ടോ സംഭവിച്ചിട്ടുള്ളതല്ല. എങ്കിലും ആനന്ദസാമ്രാജ്യം വീണ്ടും സ്ഥാപിക്കുവാൻ ഞാൻ പരദാസ്യം വഹിച്ചിട്ടുംകൂടി ഗൂഢനീതികളിൽ വ്യാപൃതനും ബദ്ധശ്രദ്ധനുമായിരിക്കയാണു്. ഈ ശത്രുനിഗ്രഹം ദിവംഗതന്മാരായ ആ ദേവന്മാൎക്ക ഞാൻ ചെയ്യുന്ന ഒരു സപര്യയായിത്തീരട്ടെ! (ആകാശത്തിൽ നോക്കി കണ്ണീർ വാൎത്തുകൊണ്ടു) ഭഗവതി! കമലവാസിനി! നീ നന്മയറിയാത്തവളാണു്. ഗുണാഢ്യനായ ആനന്ദനെ ഉപേക്ഷിച്ചു് ശത്രുവായ മൌൎയ്യനിൽ നീ ആസക്തയായിച്ചമഞ്ഞു! കഷ്ടം! ഹെ! ചപലെ! മരിച്ചുകിടക്കുന്ന മത്തഗജത്തിന്റെ മദജലംപോലെ നീ എന്തുകൊണ്ടു അവിടെത്തന്നെ ജീൎണ്ണിച്ചു നശിച്ചില്ല? ഹെ! ഭയങ്കരി! നീ തനി കുലടയാണു്. ഭൂമിയിൽ പുകൾപെററ

കുലാഭിമാനികളായ ആ നന്ദരാജാക്കന്മാരെ പരിത്യജിച്ച് കുലഹീനനായ മൌൎയ്യനെ നീ ചെന്നു നിൎല്ലജ്ജം വരിച്ചു. അല്ലെങ്കിൽ നിന്നെപ്പററിച്ചിട്ടു കാൎയ്യമെന്തു്? പ്രകൃത്യാതന്നെ കാശകുസുമപ്രാന്തം പോലെ അതിചപലമായ സ്ത്രീകളുടെ ബുദ്ധിയുണ്ടോ പുരുഷഗുണത്തിന്റെ മഹിമയറിയുന്നു? അവനിതേ! നിന്റെ ആശ്രയത്തിന്റെ മൂലച്ഛേദം ചെയ്തുനിന്നെ ഞാൻ അകാമയും നിരവലംബയുമാക്കിത്തീൎക്കുന്നുണ്ടു്. (ആലോചിച്ച്) — ഞാൻ നഗരംവിട്ടു പോരുമ്പോൾ എന്റെ ആത്മസുഹൃത്തായ ചന്ദനദാസന്റെ ഗൃഹത്തിൽ ഗൃഹജനത്തെ ഏല്പിച്ചിട്ടുള്ളതു് ഉചിതമായിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ ഉടനെതന്നെ ഞാൻ സൈന്യസജ്ജീകരണത്തോടുകൂടി കുസുമപുരാക്രമണത്തിനു എത്തിച്ചേരുമെന്നു എന്റെ സഹപ്രവൎത്തകന്മാരും സ്വാമിഭക്തന്മാരുമായ കുസുമപുരവാസികൾ ഇതുകൊണ്ടൂഹിച്ചുകൊള്ളും. തന്നിമിത്തം ഉത്സാഹപൂൎവ്വമായ. അവരുടെ പ്രവൃത്തികളിൽ ഉദാസീനത കാണിക്കാതിരിക്കയും ചെയ്യുമല്ലോ. ചന്ദ്രഗുപ്തവധത്തിനായി നിയമിക്കപ്പെട്ട എന്റെ ചാരസംഘത്തെ നിയന്ത്രിക്കുവാനും, ശത്രുപക്ഷത്തിന്റെ നിഗൂഢപ്രവൎത്തനങ്ങൾ യഥാവസരം അറിഞ്ഞു പ്രതിക്രിയ ചെയ്യുവാനും വേണ്ടി മഹത്തായ കോശസഞ്ചയത്തോടുകൂടി ശകടദാസനെ അവിടെ ഏൎപ്പെടുത്തിയിട്ടുണ്ടു്. ശത്രുപക്ഷത്തിൽ നിമിഷംപ്രതി ഉണ്ടായിക്കൊണ്ടിരി

ക്കുന്ന സൂക്ഷ്മവൃത്താന്തങ്ങളെ ഇവിടെ അറിയിക്കുവാനും അവരുടെ സംഘടനയെ ഭിന്നിപ്പിക്കുവാനുമായി എന്റെ ആത്മാർത്ഥസ്നേഹിതന്മാരായ ജീവസിദ്ധി പ്രഭൃതികളും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ നന്ദന്മാർ ഈ മൌര്യനെ എത്രമാത്രം സ്നേഹിച്ച് ലാളിച്ചാണ് വളൎത്തിപ്പോന്നിട്ടുള്ളതു്? എന്നിട്ടോ, അവനൊരു നരിക്കുട്ടിയെപ്പോലെ പോററി വളൎത്തിയ യജമാനനെത്തന്നെ നശിപ്പിച്ചുകളഞ്ഞു. ഹെ! കൃതഘ്ന! എന്റെ നിശിതബുദ്ധികൊണ്ടു തന്നെ നിന്റെ മൎമ്മം ഞാൻ പിളൎക്കും; അദൃശ്യമാനനായ ദൈവം പ്രതികൂലമല്ലെങ്കിൽ.

(ഒരു കഞ്ചുകി പ്രവേശിക്കുന്നു.)

കഞ്ചുകി:—നന്ദകുലത്തെ നശിപ്പിച്ച് മൌൎയ്യധൎമ്മത്തെ നഗരത്തിൽ പ്രതിഷ്ഠിച്ച ചാണക്യനീതിയെപ്പോലെ ജര എന്നെ ബാധിച്ചു കഴിഞ്ഞു. ആ വൎദ്ധിച്ചുവരുന്ന ശക്തിയോടു എതിരിടുന്ന രാക്ഷസനെപ്പോലെ ഞാനും ഇതിനോടു മല്ലിടുകയാണ്. പക്ഷെ, എന്തു ചെയ്യട്ടെ, ജയിക്കുന്ന കാൎയ്യം സംശയത്തിലാണ്. (ചുററി നടന്നു) ഇതു അമാത്യരാക്ഷസന്റെ ഗൃഹമാണ്. ചെന്നു കാണുകതന്നെ. (അടുത്തുചെന്നിട്ട്) നമസ്തേ! അവിടുന്നു അനുഗൃഹീതനാവട്ടെ!

രാക്ഷസൻ:—ആൎയ്യ! നമസ്തേ! ഇതാ ആസനം ഇരിക്കാം.

കഞ്ചുകി:—(ഇരുന്നിട്ട്) യുവരാജാ, മലയകേതുകുമാരൻ അവിടുത്തെ അറിയിക്കുന്നു വളരെ നാളായിട്ട് അവിടുന്നു യാതൊരു അലങ്കാരങ്ങളുമണിയാതിരിക്കുന്നതു്, എൻെറ ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുന്നു പെട്ടെന്നു് സ്വാമിഗുണങ്ങളെ വിസ്മരിക്കുവാൻ സാദ്ധ്യമല്ല; എങ്കിലും എൻെറ ഈ അഭ്യർത്ഥനയെ അങ്ങുന്നു് മാനിക്കണം. (ആഭരണങ്ങൾ എടുത്തു കാണിക്കുന്നു.)

ഇതാ ഈ ആഭരണങ്ങൾ കുമാരൻ സ്വന്തം ശരീരത്തിൽനിന്നു അഴിച്ചെടുത്തു തന്നയച്ചിട്ടുള്ളതാണ്. ഇതവിടുന്നു അണിയണം!

രാക്ഷസൻ:—ആര്യ! ജാജലെ! ഞാൻ പറഞ്ഞതായി കുമാരനെ അറിയിക്കുക. അങ്ങയുടെ ഗുണങ്ങളിൽ പക്ഷപാതിയായിത്തീർന്ന ഞാൻ സ്വാമിഗുണങ്ങളെ വിസ്മരിക്കതന്നെ ചെയ്തു. എന്നാൽ നിശ്ശേഷരിപുചക്രത്തേയും നാമാവശേഷമാക്കി, കുസുമപുരത്തിലെ പ്രാസാദത്തിൽ നൃപോത്തമനായ അങ്ങയുടെ സുവർണ്ണസിംഹാസനം ഉറപ്പിച്ചതിന്നുശേഷമെ ശത്രുസംഹാരത്തിന്നു് ബദ്ധപരികരങ്ങളായ എൻെറ ഈ അവയവങ്ങളിൽ ഉള്ള അലങ്കാരങ്ങൾ പൂർണ്ണശോഭങ്ങളായിത്തീരുകയുള്ളു.

കഞ്ചുകി:—മന്ത്രിപ്രവരനായ അവിടുത്തെ നേതൃത്വത്തിൽ ഇതൊരിക്കലും അസംഭാവ്യമല്ലല്ലൊ? ഏതായാലും കുമാരൻെറ ആദ്യത്തേതായ ഈ സ്നേഹോപഹാരം സ്വീകരിച്ചാലും.

രാക്ഷസൻ:—ആര്യ! കുമാരമലയകേതുവിൻെറ പോലെതന്നെ താങ്കളുടെയും വാക്കുകൾ എനിക്കു അനതിക്രമണീയങ്ങളാണ്. ഇതാ ഞാൻ കുമാരശാസനത്തെ ശിരസാ വഹിക്കുന്നു. (ആഭരണങ്ങൾ വാങ്ങുന്നു.)

കഞ്ചുകി:—ഈശ്വരാനുഗ്രഹമുണ്ടാകട്ടെ. ഞാൻ പിന്നെ കണ്ടുകൊള്ളാം. നമസ്തേ.

(പോകുന്നു.)

രാക്ഷസൻ:—പ്രിയംവദക!, പുറത്താരാണെന്നെ കാണാൻ കാത്തുനില്ക്കുന്നതെന്നു നോക്കിവരു.

പ്രിയംവദകൻ:—കല്പന! (വിരാധഗുപ്തൻെറ സമീപംചെന്ന്) ഏ! താനാരാണ്? എന്തിനാ വന്നതു്?

വിരാധഗുപ്തൻ:—ഞാനൊരു പാമ്പാട്ടിയാണ്. ജീർണ്ണവിഷൻ എന്നാണ് പേർ. യജമാനൻെറ മുമ്പിൽ പാമ്പിനെയൊന്നു കളിപ്പിക്കാം.

പ്രിയംവദകൻ:—നില്ക്കു. ഞാൻചെന്നു ചോദിക്കട്ടെ. (രാക്ഷസസമീപംചെന്ന്.) അതൊരു പാമ്പാട്ടിയാണ്. പാമ്പിനെ ഇവിടെ കളിപ്പിക്കാൻ ആഗ്രഹിക്കുന്നുവത്രെ.

രാക്ഷസൻ:—(ഇടത്തെക്കണ്ണ് സ്ഫുരിക്കുന്നു. ആത്മഗതം.) ഏയ്! സർപ്പദർശനം അശുഭമാണല്ലൊ. (പ്രകാശം) പ്രിയംവദക; എനിക്കീപ്പാമ്പുകളിലൊന്നും വലിയ ഇഷ്ടമില്ലെന്നു പറയൂ. അവന്നു എന്തെങ്കിലും കൊടുത്തു പറഞ്ഞയച്ചേക്കുക.

പ്രിയംവദകൻ:—അങ്ങിനെതന്നെ. (പുറത്തുചെന്നു്.) എടോ ഇതു വാങ്ങിക്കൊള്ളൂ. അവിടുത്തേക്കു് ഇപ്പോൾ പാമ്പിനെക്കാണേണ്ടെന്നാണ് പറഞ്ഞതു്.

വിരാധ:—ദയവ്ചെയ്തു അമാത്യനെ അറിയിക്കൂ. ഞാൻ കേവലമൊരു പാമ്പാട്ടിമാത്രമല്ല. ഒരു എളിയ കവിക്കുടിയാണ്. എന്നെക്കാണാൻ അവിടുന്നു ഇഷ്ടപ്പെടുന്നില്ലെങ്കിൽ ഈ കുറിപ്പ് ഒന്നു വായിച്ചുനോക്കുവാൻ ദയവുണ്ടാകണമെന്നു പറയൂ.

പ്രിയംവദകൻ:—(ലേഖനം വാങ്ങി രാക്ഷസസമീപംചെന്നു്.) ആര്യ! അവൻ ഒരു കവിക്കുടിയാണത്രെ! ഈ ലേഖനം ഒന്നു വായിക്കണമെന്നു പറയുന്നു.

രാക്ഷസൻ:—(വാങ്ങി വായിക്കുന്നു.)

മധുരാലാപനായ് വിധുരഭൃംഗമാ-
യവനിയിലെങ്ങും പറന്നുപോയ്.
മധുമധുരമാം കുസുമസദ്രസ-
മലിയുമ്മട്ടിൽ ഞാൻ പാടുന്നു!
അതുകുതുകികളതുലാമോദത്താൽ
അവധാനംചെയ്യും വിരുവോടെ!

(ആത്മഗതം) കുസുമപുരവൃത്താന്തമറിഞ്ഞുവന്ന എൻെറ ചാരപുരുഷനാണെന്നിതിൽ സൂചിപ്പിച്ചു. പല കാര്യങ്ങളും ആലോചിക്കനിമിത്തം ചാരന്മാരുടെ കാര്യം വിട്ടുപോയിരിക്കുന്നു. ഇപ്പോൾ ഓർമ്മയായി. കുറവൻെറ വേഷത്തിൽ പോയ വിരാധഗുപ്തനായിരിക്കണമിതു്. (പ്രകാശം) പ്രിയംവദക, അവനെക്കൂട്ടിക്കൊണ്ടു

വരും. അവൻ ഒരു നല്ല കവിതന്നെ. അവൻെറ സുഭാഷിതങ്ങൾ കേൾക്കാമല്ലൊ!

പ്രിയംവദ:—കല്പനപോലെ. (അടുത്തുചെന്നു്) എടോ ഇതിലെ ഇങ്ങട്ടു് വരു

വിരാധഗുപ്തൻ:—(കണ്ടിട്ടു്,) അല്ല! വിരാധ—(എന്നു പകുതിനിറുത്തിയിട്ടു്—ഭൃത്യൻ രഹസ്യമറിയാതിരിക്കാൻവേണ്ടി വ്യാജേന) വികൃതവേഷനായ താടിക്കാരൻ! പ്രിയംവദക, ഞാൻ ഈ പാമ്പിനെക്കൊണ്ടു കുറച്ചു് വിനോദിക്കട്ടെ. നീ പടിക്കൽചെന്നു് ആരെയും ഇങ്ങട്ടു് കടത്തിവിടാതിരിക്കു.

പ്രിയംവദകൻ:— കല്പനപോലെ. (പോകുന്നു.)

രാക്ഷസൻ:—സ്നേഹിത! വിരാധഗുപ്ത! ഇവിടെ ഇരിക്കു. (വിരാധഗുപ്തൻ ഇരിക്കുന്നു.)

രാക്ഷസൻ:—(വിരാധഗുപ്തനെ നിർവ്വേദത്തോടുകൂടി നോക്കി നെടുവീർപ്പിടുന്നു) കഷ്ടം! നന്ദരാജാക്കന്മാരുടെ പാദസേവകന്മാരായ ജനങ്ങളുടെ നില ഈവിധമായല്ലൊ! (കരയുന്നു.)

വിരാധഗുപ്തൻ:—അരുതു്. സചിവസത്തമ! അവിടുന്നു വ്യസനിക്കരുതു്. അധികം താമസിയാതെതന്നെ അവിടുത്തേക്കു് ഞങ്ങളെയെല്ലാം മുമ്പത്തെ സ്ഥാനങ്ങളിൽ ആരോഹണം ചെയ്യിപ്പിക്കുവാൻ സാധിക്കും.

രാക്ഷസൻ:—സ്നേഹിതാ! കുസുമപുരത്തിലെ വൃത്താന്തങ്ങൾ എന്തെല്ലാമാണു്? വിസ്തരിച്ചു പറയൂ.

വിരാധഗുപ്തൻ:—അമാത്യ! ആ വൃത്താന്തം വളരെ ദീർഘിച്ചതാണല്ലൊ. അതിനാൽ എവിടംമുതൽക്കാണ് ആരംഭിക്കേണ്ടതു്?

രാക്ഷസൻ:—സ്നേഹിത, ചന്ദ്രഗുപ്തൻെറ നഗരപ്രവേശംമുതൽക്കു നമ്മുടെ ചാരപുരുഷന്മാർ ചെയ്തുവരുന്ന ഗൂഢപ്രവൎത്തനങ്ങളുടെ ഫലമെന്തെല്ലാമാണെന്നു് അറിയാനാണു് ഞാൻ ആഗ്രഹിക്കുന്നതു്.

വിരാധ:—എന്നാൽ പറയാം. ശകം, യവനം, കാംഭോജം പാരസീകം, ബാൽഹീകം, മുതലായ രാജ്യങ്ങളിൽനിന്നും സഹായത്തിന്നായി വന്നുചേൎന്ന വമ്പിച്ച സൈന്യങ്ങളും, കാട്ടാളവൎഗ്ഗക്കാരും, ചന്ദ്രഗുപ്തപൎവ്വതേശ്വരന്മാരുടെ സൈന്യങ്ങളോടുകൂടിച്ചേൎന്നു പ്രളയകാലസമുദ്രംപോലെ അലകളിളകിമറിഞ്ഞു്, ആൎത്തിരമ്പിആൎത്തടിച്ചുകൊണ്ടു് പെട്ടെന്നു് നാലുഭാഗത്തുകൂടിയും കുസുമപുരത്തെ ചെന്നു വളഞ്ഞു.

രാക്ഷസൻ:—(സസംഭ്രമം) ആ! ഹാ! ഞാൻ ജീവിച്ചിരിക്കുമ്പോൾ കുസുമപുരത്തെ ആക്രമിക്കാൻ ആരാണു്? (വാളിളക്കിക്കൊണ്ടു്) ഏ! പ്രവീരക! വേഗത്തിൽ ക്രൂരമെയ്യുന്ന സൈന്യങ്ങൾ കോട്ടയുടെ ചുററും ചെന്നു നിറയട്ടെ. ഗോപുരവാതിൽക്കൽ ഗജസേനയോടെതുക്കുവാൻ ചുണയുള്ള മത്തഗജങ്ങളെക്കൊണ്ടു് അണിനിരത്തു. ഈ ദുൎബ്ബലമായ ശത്രുസമൂഹത്തെ സംഹരിക്കുവാൻ മരണഭയംവെടിഞ്ഞു് സൎവ്വരും എന്നെ അനുഗമിക്കുവിൻ. യശസ്സ് കൈവളൎത്തുവിൻ.

വിരാധ:— അമാത്യ! എന്താണീസംഭ്രമം? ഞാനാക്കഥ വിവരിക്കുകയല്ലെ?

രാക്ഷസൻ:—(ദീർഘശ്വാസത്തോടെ) ഓ! ഹൊ! കഷ്ടം! കഥ വിവരിക്കുകയാണല്ലെ? ഞാനതങ്ങ യഥാൎത്ഥമാണെന്ന് വിചാരിച്ചുപോയി. (വാൾ താഴെ വെച്ചിട്ട്) ഹാ! ദേവ! നന്ദ! അവിടുത്തേക്കുള്ള രാക്ഷസനോടുള്ള പ്രീതിവായ്പിനെ ഇപ്പോഴും സ്മരിച്ചുപോകുന്നു. അവിടുന്ന് ആ സംഗ്രാമരംഗത്തിൽ പ്രദർശിപ്പിച്ച രണൌത്സുക്യം എന്നെ ഇപ്പോഴും കോൾമയിർക്കൊള്ളിക്കുന്നു. അവിടുന്നു അപ്പപ്പോൾ നല്കിയ ആജ്ഞകൾ എന്നിലുള്ള പ്രസാദാതിശയമല്ലാതെ മറെറന്താണ്? ശത്രുക്കളുടെ നീലമേഘംപോലെ നീങ്ങിവരുന്ന കൊമ്പനാനകളോടും, തിരമാലകൾപോലെ കുതിച്ചുപൊങ്ങുന്ന കുതിരപ്പടയോടും, ആൎത്തണയുന്ന പദാതികളോടും ഞാൻ ഒററക്കു മാറിമാറി പോരാടിക്കൊണ്ട് ആയിരം രാക്ഷസന്മാരായി പ്രത്യക്ഷപ്പെട്ടപ്പോൾ അവിടുത്തെ മുഖത്തു പ്രകാശിച്ച അഭിമാനദ്യോതകമായ പുഞ്ചിരിയെ ഞാൻ എന്നാണ് വിസ്മരിക്കുക!

വിരാധഗുപ്തൻ:—അങ്ങിനെ നാലുഭാഗത്തിൽ നിന്നും കുസുമപുരം ഉപരുദ്ധമായിത്തീൎന്നപ്പോൾ ബഹുദിവസങ്ങളായിച്ചെയ്ത പരിശ്രമങ്ങളെല്ലാം നിഷ്ഫലങ്ങളായ, കണ്ടു്, നിരാശരും അഭിമാനക്ഷതരും ആപൽശങ്കികളുമായ പൌരാവലിയുടെ സ്നേഹപൂൎവ്വമായ നിർബ്ബന്ധത്താൽ, മഹാരാജാസൎവ്വാൎത്ഥസിദ്ധി ഭൂമിയുടെ അ

ന്തഭാഗത്തുള്ള ഗൂഢമാർഗ്ഗത്തിൽക്കൂടി ഒരുവിധം രക്ഷപ്പെട്ടു് തപോവനത്തിൽ ചെന്നു്, ശരണം പ്രാപിച്ചു. നാഥനില്ലാതെ നാനാവിധമായിത്തീൎന്ന സൈന്യങ്ങളെ ഏകോപിക്കുവാനോ, പ്രോത്സാഹിപ്പിക്കുവാനൊ, നിൎവ്വാഹമില്ലാതെ ഏതാനും സ്വാമിഭക്തന്മാരോടുകൂടി, അവിടുന്നും, നന്ദരാജ്യത്തെ പുനഃസ്ഥാപിക്കണമെന്ന ഏകോദ്ദേശത്തോടുകൂടി, ആ ഗുഹാമാൎഗ്ഗത്തിൽകൂടിത്തന്നെ നഗരത്തിൽനിന്നു പുറത്തുപോവുകയും ചന്ദ്രഗുപ്തനെ വധിക്കാനായിട്ടു് ഒരു വിഷകന്യകയെ നിയോഗിച്ചയക്കുകയും ചെയ്തുവല്ലൊ? എന്നാൽ ആ വിഷകന്യകയാൽ കൊല്ലപ്പെട്ടതു പൎവ്വതേശ്വരനാണു്!

രാക്ഷസൻ:—സ്നേഹിത! ആശ്ചൎയ്യം നോക്കു. കൎണ്ണൻ അൎജ്ജുനവധത്തിന്നായി സംഭരിച്ചുവെച്ച പുരുഷഘാതിനിയായ ഒരു മഹാശക്തിയെക്കൊണ്ടു കൃഷ്ണൻ ഘടോൽക്കചനെ വധിച്ചപോലെ ചന്ദ്രഗുപ്തവിനാശത്തിന്നായി ഞാൻ ഏൎപ്പെടുത്തിയ വിഷകന്യകയെക്കൊണ്ടു ആ ചാണക്യൻ പൎവ്വതരാജാവിനെ കൊല്ലിച്ചു.

വിരാധഗു:—അമാത്യാ, ദൈവംതന്നെ വിപരീതം പ്രവൎത്തിക്കുമ്പോൾ നമുക്കെന്തു ചെയ്വാൻ കഴിയും?

രാക്ഷസൻ:—പിന്നെത്തെ സംഭവങ്ങൾ?

വിരാധഗു:—ഈ പിതൃവധംകൊണ്ടു ഭയസംഭ്രാന്തനായ മലയകേതുയുവരാജാവു് നാടുവിടുകയും ചെയ്തു. അപ്പോൾ പൎവ്വതേശ്വരന്റെ സഹോദരനായ വൈരോചകനിലുള്ള വിശ്വാസപ്രമാണങ്ങൾ വിളംബരം ചെയ്തു

പ്പെട്ടു. അന്ന അദ്ധ്രാത്രിക്കാണ് ചന്ദ്രഗുപ്തന്ന നന്ദരാജധാനിയിൽ പ്രവേശിക്കുവാനുള്ള മുഹൂത്തം പ്രാശ്നികന്മാർ വിധിച്ചിട്ടുള്ളതെന്നും, അതുകൊണ്ടു കിഴക്കെ ഗോപുരദ്വാരം മുതൽക്കു രാജഭവനങ്ങൾ വിചിത്രമായി അലങ്കരിക്കണമെന്നും ചാണക്യൻ കുസുമപുരത്തിലെ പ്രധാന ശില്പിവയ്യന്മാരെ വിളിച്ച് കല്പന കൊടുത്തു. ഇതു കേട്ടപ്പോൾ ശില്പികൾ ഇങ്ങിനെ പറഞ്ഞു. "ഇതുദ്ദേശിച്ച് മുമ്പുതന്നെ ദാരുവമ്മൻ പ്രധാന പ്രവേശനമാൎഗ്ഗം കനകതോരണങ്ങളെക്കൊണ്ടും മററും പലവിധ വിചിത്രോപകരണങ്ങളെക്കൊണ്ടും ഭംഗിയായി അലങ്കരിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ? അതിനാൽ ഞങ്ങളിപ്പോൾ ഉള്ളിലുള്ള വിതാനങ്ങൾ വേഗത്തിൽ നിവ്വഹിച്ചുകൊള്ളാം. തൻെറ കല്പനകിട്ടാതെതന്നെ പ്രധാനഗോപുരം അലങ്കരിച്ചുവെന്നുകേട്ടപ്പോൾ സന്തോഷം നടിച്ചുകൊണ്ടു, ദാരുവമ്മൻെറ ഔചിത്യത്തെ അഭിനന്ദിക്കുന്നമട്ടിൽ കപടപടുവായ ചാണക്യൻ ഇങ്ങിനെ പറയുകയുണ്ടായി. "ഹെ! ദാരുവമ്മൻ! അധികം താമസിയാതെതന്നെ താങ്കൾ ഈ ദാക്ഷിണ്യത്തിൻെറ ഫലമനുഭവിക്കുന്നതാണ്."

രാക്ഷസൻ:—(ഉദ്വേഗത്തോടെ) സ്നേഹിതാ, എന്താണീ വഞ്ചകൻെറ സന്തോഷം? അഫലമൊ അനിഷ്ടമൊ ഇതു ദാരുവമ്മന്നുണ്ടാക്കിത്തീക്കുക. ആവൊ? ആ സാധു ആലോചനക്കുറവുകൊണ്ടും അമിതമായ രാജഭക്തികൊണ്ടും ആണ് ഇങ്ങിനെ ചെയ്തതു്. ഈ അകാലസ

ജ്ജീകരണമാണ് തീർച്ചയായും കൌടില്യന്നു സംശയം ജനിപ്പിച്ചിട്ടുള്ളതു്. പിന്നെയെന്തുണ്ടായി?

വിരാധഗുപ്തൻ:—അങ്ങിനെ ചാണക്യൻ ചന്ദ്രഗുപ്തന്റെ നന്ദഭവനപ്രവേശനത്തിന്നുള്ള ശുഭമുഹൂർത്തം അർദ്ധരാത്രിയിലാണെന്നു ശില്പികളേയും പൌരന്മാരെയും അറിയിച്ചശേഷം വൈരോചകനെ സിംഹാസനത്തിൽ ചന്ദ്രഗുപ്തനോടൊപ്പം അർദ്ധാസനത്തിലിരുത്തി അർദ്ധരാജ്യത്തെ വിഭജിച്ചുകൊടുക്കുകയും ചെയ്തു.

രാക്ഷസൻ:—മുമ്പു് പർവ്വതകന്നു കൊടുക്കാമെന്നു ചെയ്ത വാഗ്ദത്തമനുസരിച്ചുള്ളതല്ലെ ഈ വൈരോചകന്നുനല്കിയ രാജ്യാർദ്ധവിഭാഗം?

വിരാധഗുപ്തൻ:—അതെ.

രാക്ഷസൻ:—(സ്വഗതം) അതിധൂർത്തനായ ഈ ചാണക്യൻ തപസ്വിയായ ആ പർവ്വതേശ്വരനെ ഗൂഢമായി കൊലചെയ്തു ദുഷ്കീർത്തിയെ പ്രമാർജ്ജനം ചെയ്യുവാൻ ഈ ലോകപ്രസിദ്ധിയെ ഉപയോഗിക്കയും ചെയ്തു. (പ്രകാശം) എന്നിട്ടു്?

വിരാധഗുപ്തൻ:—വിളംബരപ്പെടുത്തിയതനുസരിച്ചു് ചന്ദ്രഗുപ്തനോടൊപ്പം നന്ദഭവനപ്രവേശനത്തിന്നായി അഭിഷിക്തനായ വൈരോചകരാജാവിന്നു മുത്തുകളും രത്നങ്ങളും കണക്കിലേറെ തുന്നിപ്പിടിപ്പിച്ച പട്ടുകുപ്പായവും, കനകമണിമയകിരീടവും അണിയിച്ചും ശരീരം

മുഴുവനും സുരഭിലപുഷ്പമാലകൾ ചാത്തി ഏററവും പരിചയമുള്ള ആൾക്കുതന്നെ കണ്ടാലറിയാത്തവണ്ണം ആഡംബരത്തോടെ അലങ്കരിച്ച് എഴുന്നെള്ളത്തിന്നു തെയ്യാറാക്കി നിത്തി. പിന്നീട് ചാണക്യന്റെ നിദ്ദേശമനുസരിച്ച്, ചന്ദ്രഗുപ്തൻ സാധാരണയായി കയറാറുള്ള ചന്ദ്രലേഖയെന്ന പെണ്ണാനയുടെ പുറത്ത് വൈരോചകനെ കയററിഇരുത്തി, ചന്ദ്രഗുപ്താനുയായികളായ രാജാക്കന്മാർ അനുഗമിച്ചുകൊണ്ടു് നന്ദഭവനപ്രവേശനത്തിന്നുള്ള പ്രയാണമാരംഭിച്ചു. അപ്പോൾ അവിടുന്ന് നിയോഗിച്ചുവച്ച ശില്പി ദാരുവമ്മൻ അതു ചന്ദ്രഗുപ്തനാണെന്നു തെററിദ്ധരിച്ച് യന്ത്രതോരണത്തെ അദ്ദേഹത്തിന്റെ തലയിൽ വീഴത്തക്കവണ്ണം സന്നദ്ധമാക്കിവെച്ചു. അപ്പോഴേക്കും പിന്നാലെ വരുന്ന അനുയായിവഗ്ഗത്തിന്റെ മുമ്പിലുള്ളവനും അങ്ങയാൽ നിയുക്തനുമായ ആനക്കാരനായ വവ്വരകൻ, ചന്ദ്രഗുപ്തവധത്തിന്നായി കാലെക്കൂട്ടി ഒരു സ്വണ്ണവടിയിൽ ഒളിപ്പിച്ചുവെച്ച വാൾ ഊരിയെടുക്കുവാൻവേണ്ടി കനകച്ചങ്ങലയിൽ തൂക്കിയിട്ട ആ വടി എടുത്തു കയ്യിൽ പിടിച്ചു.

രാക്ഷസൻ:—രണ്ടാളുടെ പ്രയത്നവും അസ്ഥാനത്തിലായല്ലൊ?

വിരാധഗുപ്തൻ:—അപ്പോൾ പിന്നിൽനിന്നു, പൃഷ്ഠത്തിൽ അടിക്കുമെന്ന് ഭയപ്പെട്ട ആന വേഗത്തിൽ വഴിതെററിച്ച് നാലഞ്ചടി മുമ്പോട്ടു പോയി. ചന്ദ്രഗുപ്തനെന്നു തെററി

ധരിച്ചു വൈരോചകനെ വെട്ടാൻ പർവ്വതകൻ വാം ഖീശിയപ്പോഠം ആനയുടെ ഗതിവേഗത്താൽ അതു് സാധിക്കാതെപോയി. എന്നുമാത്രമല്ല; ലക്ഷ്യംപിഴച്ചു വീണ യന്ത്രതോരണത്താൽ, ആ വാളും പിടിച്ച കയ്യോടെ അവൻ മരണമടയുകയും ചെയ്തു. യന്ത്രതോരണം വീഴുന്നതു കണ്ടാൽ, തന്നെ കൊല്ലുമെന്നു ഭയപ്പെട്ടു് മുമ്പ്തന്നെ ഉയൎന്ന വെണ്മാടത്തിൽ കയറിനിന്ന ദാരുവൎമ്മൻ ഒരു കനത്ത ഇരുമ്പിൻചുററികയെടുത്തു ആനപ്പുറത്തുള്ള വൈരോചകനെ എറിഞ്ഞു കൊന്നു.

രാക്ഷസൻ:—കഷ്ടം! ആപത്തു രണ്ടാണു് വന്നുചേൎന്നതു് ചന്ദ്രഗുപ്തനൊ, വധിക്കപ്പെട്ടില്ല. വൈരോചകപൎവ്വതകന്മാരെ ദൈവം കൊല്ലുകയും ചെയ്തു. ആ ശില്പി ദാരുവൎമ്മാവിന്നു പിന്നീടു് എന്താണു് സംഭവിച്ചതു്?

വിരാധഗുപ്തൻ:—വൈരോചകന്റെ മുമ്പിൽ നടന്നിരുന്ന അകമ്പടിക്കാർ കല്ലെടുത്തെറിഞ്ഞുകൊന്നു.

രാക്ഷസൻ:—(കണ്ണീരോടെ) കഷ്ടം! ആ വാത്സല്യനിധിയായ സ്നേഹിതൻ ദാരുവൎമ്മനും നമ്മെ വിട്ടു പോയ്ക്കളഞ്ഞുവല്ലൊ! പിന്നെ ആ വൈദ്യനായ അഭയദത്തൻ വല്ലതും ചെയ്തുവൊ?

വിരാധഗുപ്തൻ:—എല്ലാം ചെയ്തു.

രാക്ഷസൻ:—(സഹർഷം) ദുരാത്മനായ ചന്ദ്രഗുപ്തനെ കൊന്നുവൊ?

വിരാധഗു:—ദൈവാധീനത്താൽ സാധിച്ചില്ല.

രാക്ഷസൻ:—(വിഷാദത്തോടെ) പിന്നെന്താണ് താങ്കൾ എല്ലാം ചെയ്തുവെന്നു പറഞ്ഞതു്?

വിരാധഗു:—അമാത്യ; അദ്ദേഹം യോഗപൂർണ്ണം ചേർത്ത ഔഷധം ചന്ദ്രഗുപ്തനു കൊടുത്തു. അതു ചാണക്യൻ പരിശോധിച്ചപ്പോൾ സ്വർണ്ണപ്പാത്രത്തിൽ നിറവ്യത്യാസം കണ്ടിട്ടു്; "വൃഷല! ഇതു വിഷംചേൎന്ന മരുന്നാണ്. കുടിക്കരുതു. എന്നു പറഞ്ഞു.

രാക്ഷസൻ:—ഇവനൊരു വല്ലാത്ത ശഠൻ തന്നെയാണ്. പിന്നെ ആ വൈദ്യൻെറ സ്ഥിതിയെന്തായി?

വിരാധഗു:—ആ വിഷംതന്നെ കുടിച്ചു മരിക്കേണ്ടിവന്നു.

രാക്ഷസൻ:—(വിഷാദത്തോടെ) കഷ്ടം! ഒരു വലിയ ജ്ഞാനരാശി നഷ്ടപ്പെട്ടു. പിന്നെ, ശയനഗൃഹത്തിൻെറ സൂക്ഷിപ്പുകാരനായി നിയമിച്ച ആ പ്രമോദകൻെറ ചരിത്രമെന്തൊക്കെയാണ്?

വിരാധഗു:—മററുള്ളവരുടേതുപോലെതന്നെ.

രാക്ഷസൻ:—(ഉദ്വേഗത്തോടെ) എങ്ങിനെ?

വിരാധഗുപ്ത:—അങ്ങുന്നു കൊടുത്തയച്ചു വമ്പിച്ച ധനവും കൊണ്ടു് ആ വിഡ്ഢി അവിടെചെന്നു് അമിതമായി ചിലവഴിച്ചു് ബഹുവിധസുഖങ്ങൾ അനുഭവിക്കാൻ തുടങ്ങി. ഇത്രവലിയ ധനാഗമത്തെപ്പററി ചാണക്യൻ ചോദ്യം ചെയ്തപ്പോൾ പരസ്പരവിരുദ്ധങ്ങളായി ഉത്തരം പറയുകയാൽ അവനെ വെട്ടിക്കൊല്ലുകയാണുണ്ടായതു്.

രാക്ഷസൻ:—(സവിഷാദം) അവിടെയും ദൈവം നമ്മെ വഞ്ചിച്ചു ചന്ദ്രഗുപ്തനെ കിടന്നുറങ്ങുമ്പോൾ വധിക്കാനായി രാജഗൃഹത്തിന്റെ ഉള്ളിലുള്ള തുരങ്കത്തിൽ ആദ്യംതന്നെ താമസിപ്പിച്ച ബീഭത്സകാദികൾ വല്ലതും പ്രവൎത്തിച്ചുവോ? എന്താണവരുടെ കഥ?

വിരാധഗുപ്തഃ:—അമാത്യ; ദയനീയമാണവരുടെ കഥ.

രാക്ഷസൻ:—(പരിഭ്രമത്തോടെ) എന്ത്? ദയനീയമൊ? അവരവിടെ താമസിക്കുന്നതും ചാണക്യൻ അറിഞ്ഞുവെന്നൊ?

വിരാധഗു:—അതെ; അറിഞ്ഞു. ചന്ദ്രഗുപ്തന്റെ ഗൃഹപ്രവേശം കഴിഞ്ഞയുടനെതന്നെ ചാണക്യൻ ചെന്നു എല്ലാ സ്ഥലങ്ങളും സൂക്ഷ്മമായി പരിശോധിച്ചു. അപ്പോൾ ഭിത്തിയുടെ ദ്വാരത്തിൽകൂടി ഉറുമ്പുകൾ ഇഴച്ചുവരുന്നതു കണ്ടപ്പോൾ ഇതിന്നകത്താളുകൾ ഉണ്ടെന്നു മനസ്സിലാക്കി ആ ഗൃഹത്തെതന്നെ ദഹിപ്പിച്ചുകളഞ്ഞു. ആ ഗൃഹം കത്തിജ്വലിക്കുമ്പോൾ പുകയാൽ മൂടപ്പെട്ടു് രക്ഷാമാൎഗ്ഗം കാണാതെ വീൎപ്പുമുട്ടി എല്ലാവരും അതിന്നുള്ളിൽത്തന്നെ മരിച്ചുപോയി.

രാക്ഷസൻ:—(കണ്ണീരോടെ) ഹാ! കഷ്ടം! കഷ്ടം! സ്നേഹിത! നോക്കു; ആ ദുഷ്ടചന്ദ്രഗുപ്തന്റെ ദൈവാനുകൂല്യങ്ങൾ. അവനെ വധിക്കാനായി ശ്രദ്ധമായി ഞാൻ പ്രയോഗിച്ച വിഷകന്യകയെക്കൊണ്ടു പൎവ്വതേശ്വരനെ

കൊല്ലിച്ചു. ആയുധവിദ്യയിലും രാജനീതികളിലും ഒരു പോലെ വിദഗ്ദ്ധന്മാരായ എന്റെ ബഹുവിധ ചാര ന്മാർ കൊല്ലപ്പെട്ടുകയും ചെയ്തു. ഇങ്ങിനെ ശ്രേയോഭി ലാഷിയായ എന്റെ നീതികൾ സകലവും ആ മൌൎയ്യ ന്നാണ് സമ്പൂൎണ്ണഫലങ്ങളായിത്തീരുന്നതു് എന്തൊരു ദുൎവ്വിലസിതമാണിതു്?

വിരാധഗുപ്തൻ:—അമാത്യ; അങ്ങിനെയൊക്കെയാണെങ്കിലും പ്രാരബ്ധം അപരിത്യാജ്യം തന്നെയാണ്. അധമന്മാ രാണു് വിഘ്നഭയത്താൽ ഒന്നും പ്രവൎത്തിക്കാതിരിക്കുക. മദ്ധ്യമന്മാർ തുടങ്ങിവെച്ച കാൎയ്യങ്ങൾക്കു പ്രതിബ ന്ധം നേരിടുമ്പോൾ ഒഴിഞ്ഞുമാറുന്നു. എന്നാൽ ഉത്ത മന്മാർ പ്രതിബന്ധശതങ്ങളിൽ പ്രതിഹനിക്കപ്പെട്ടാ ലും ആരബ്ധകാൎയ്യങ്ങളെ പരിത്യജിക്കുന്നില്ല. ഭാരോ ഭോഹത്താൽ പ്രക്ഷീണനായ ആദിശേഷൻ എപ്പോ ഴെങ്കിലും ഭൂമിയെ താഴെ ഇറക്കിവെച്ചിട്ടുണ്ടോ? നിത്യ പരിശ്രമശ്രാന്തനായ ദിനകരൻ എവിടെയെങ്കിലും തെല്ലിട നിശ്ചലനായി വിശ്രമിക്കാറുണ്ടോ? അംഗീകൃ തകാൎയ്യങ്ങളെ കൃപണനെപ്പോലെ പരിത്യജിക്കുമ്പോ ൾ സജ്ജനങ്ങൾ ലജ്ജിക്കുന്നു. എന്നാൽ തുടങ്ങിവെച്ച കാൎയ്യങ്ങളിൽ ആ ഫലോദയകൎമ്മാക്കളായിരിക്കുകയാ ണല്ലോ സത്തുക്കളുടെ കുലവ്രതം.

രാക്ഷസൻ:—സ്നേഹിത! പ്രാരബ്ധം അപരിത്യാജ്യമാണെ ന്നു് താങ്കൾ തെളിയിച്ചുതന്നു ആവട്ടെ, പിന്നെയുള്ള കഥ കേൾക്കട്ടെ.

വിരാധഗുപ്തൻ:—അന്നുമുതല്ക്ക് ചന്ദ്രഗുപ്തന്റെ കാൎയ്യത്തിൽ ആ ചാണക്യഹതകൻ ആയിരം മടങ്ങു സവിശേഷശ്രദ്ധ പതിപ്പിച്ചുതുടങ്ങി നഗരനിവാസികളിൽ ആരാര്, എന്തെന്തു പ്രവൎത്തിക്കുന്നുവെന്ന് സൂക്ഷ്മമായി അന്വേഷിച്ച്, അങ്ങയുടെ ആപ്തപുരുഷന്മാരെയെല്ലാം കണ്ടെത്തി, പിടിച്ചിരിക്കുന്നു.

രാക്ഷസൻ:—(ഉദ്വേഗത്തോടെ) പറയൂ, പറയൂ, ആരെയൊക്കെയാണ് പിടിക്കപ്പെട്ടതു്?

വിരാധഗു:—ഒന്നാമതായി ബുദ്ധസന്യാസിയായ ജീവസിദ്ധിയെ കുററം ചുമത്തി നഗരത്തിൽ നിന്നു പുറത്താക്കി

രാക്ഷസൻ:—(സ്വഗതം) ഇതുസഹിക്കാം. പരിഗ്രഹമില്ലാത്തവനെ സ്ഥാനഭ്രംശം വിധിപ്പിക്കുകയില്ല. (പ്രകാശം) എന്തൊരപരാധം ചുമത്തിയിട്ടാണ് പുറത്താക്കപ്പെട്ടതു്?

വിരാധഗു:—രാക്ഷസപ്രയുക്തയായ വിഷകന്യകയെക്കൊണ്ടു് പൎവ്വതേശ്വരനെ കൊന്നുവെന്നാണ് ഇവന്റെ കുററം.

രാക്ഷസൻ:—(സ്വഗതം) ഹെ! സമൎത്ഥനായ ചാണക്യ! താങ്കളുടെ ബുദ്ധി അപ്രധൃഷ്യമാണ്. താങ്കൾ സ്വന്തം അപകീൎത്തി പരിഹരിച്ചുവെന്നുമാത്രമല്ല, അതു് ഞങ്ങളിൽ ആരോപിക്കുകൂടി ചെയ്തു. അതിന്നുംപുറമെ അൎദ്ധരാജ്യത്തിന്റെ അവകാശിയായ പൎവ്വതേശ്വരനെ വധിക്കുകയും! ഇങ്ങിനെ താങ്കളുടെ ഒരൊററ നീ

തിബീജത്തിൽനിന്നു ബഹുവിധഫലങ്ങളാണ് സംജാതങ്ങളാകുന്നതു്. (പ്രകാശം) ആട്ടെ, സ്നേഹിതാ! പിന്നെ എന്തെല്ലാമാണ് സംഭവങ്ങൾ?

വിരാധഗുപ്തൻ:— ചന്ദ്രഗുപ്തവധത്തിന്നായി ഗൂഢപ്രവൃത്തികൾ ചെയ്യുവാൻ ദാരുവർമ്മാദികളെ നിയോഗിച്ചുവെന്ന കുററംചുമത്തി ശകടദാസനെ ശൂലത്തിൽ ആരോഹിപ്പിച്ചു.

രാക്ഷസൻ:—(കണ്ണീരോടെ) ഹാ! പ്രിയ മിത്രമേ! ശകടദാസ! ഇത്തരം അപമൃത്യുവോ താങ്കൾക്കു വന്നുചേന്നതു്?! കഷ്ടം! അഥവാ, സ്വാമ്യർത്ഥമായിച്ചെയ്യുന്ന ഈ ആത്മത്യാഗത്തിൽ താങ്കൾ ദുഃഖിക്കരുതു്. യഥാർത്ഥത്തിൽ ഞങ്ങളാണ് ദുഃഖിക്കേണ്ടതു്. അതെ, നന്ദകുലവിനാശത്തിൽക്കൂടി ജീവിക്കാൻ കൊതിക്കുന്ന ഈ ഞങ്ങൾ!

വിരാധഗുപ്തൻ:—അതെ, ഇതിലെന്തിന്നു പശ്ചാത്തപിക്കുന്നു? സ്വാമ്യർത്ഥമായി പ്രവർത്തിക്കാൻവേണ്ടി മാത്രമാണല്ലോ അങ്ങു ജീവിക്കുന്നതു്.

രാക്ഷസൻ:—തീർച്ചയായും; കൃതഘ്നന്മാരായ അസ്മാദൃശന്മാർ പരലോകപ്രാപ്തരായ ദേവന്മാരെ അനുഗമിക്കാതെ ജീവിക്കാൻ കൊതിക്കുന്നുണ്ടെങ്കിൽ, അതു സ്വാമികാര്യത്തിന്റെ നിർവ്വഹണത്തിന്നുവേണ്ടി മാത്രമാണ്. സഖേ! പറയൂ, പറയൂ, ആപത്തുകൾ ഇനിയും കേൾ

ക്കട്ടെ, സുഹൃദ്വ്യസനശ്രവണത്തിൽ ഞാൻ സന്നദ്ധനായിരിക്കുന്നു.

വിരാധഗു:—ഇതെല്ലാം കണ്ടിട്ടും ചന്ദനദാസൻ അമാത്യകുഡുംബത്തെ ഭദ്രമായി സൂക്ഷിച്ചുപോന്നു.

രാക്ഷസൻ:—ആ നിഷ്ഠുരചാണക്യന്നു് ഏററവും വിരുദ്ധവും അയുക്തവും ആയ പ്രവൃത്തിയാണവൻ ചെയ്തിട്ടുള്ളതു്.

വിരാധഗു:—അമാത്യ, തീർച്ചയായും; അല്ലാതിരുന്നാൽ സുഹൃദ്ദ്രോഹവും വിശ്വാസവഞ്ചനയുമല്ലേ അധികം അയുക്തമായിത്തീരുക?

രാക്ഷസൻ:—എന്നിട്ടെന്തുണ്ടായി?

വിരാധഗു:—ആവശ്യപ്പെട്ടതനുസരിച്ചു് ചന്ദനദാസൻ അമാത്യകളത്രത്തെ സമർപ്പിക്കാതിരുന്നപ്പോൾ കോപിഷ്ഠനായ ചാണക്യൻ,—

രാക്ഷസൻ:—(ഉദ്വേഗത്തോടെ) ചന്ദനദാസനെ വധിച്ചുകളഞ്ഞുവോ?

വിരാധഗു:—ഇല്ല, സ്വത്തുക്കളെടക്കം പുത്രകളത്രത്തോടെ ബന്ധനത്തിൽ വെച്ചിട്ടുണ്ടു്.

രാക്ഷസൻ:—താങ്കൾ എന്തിന്നു അതൊരു ആശ്വാസമായി കരുതിക്കൊണ്ടു പറയുന്നു. രാക്ഷസകളത്രത്തെ സൂക്ഷിച്ചിട്ടുണ്ടെന്നു്, രാക്ഷസനെ സപുത്രകളത്രം ബന്ധിച്ചു് കാരാഗ്രഹത്തിലിട്ടിട്ടുണ്ടെന്നാണു് പറയേണ്ടതു്.

(ഒരു ഭൃത്യൻ പ്രവേശിച്ച്)

ഭൃത്യൻ:—അമാത്യൻ ജയിക്കട്ടെ, ഇതാ പുറത്തു് ശകടദാസൻ കാണാനാഗ്രഹിക്കുന്നു.

രാക്ഷസൻ: —എടോ, ഇതു സത്യമാണോ?

ഭൃത്യൻ:—ഞാൻ അസത്യം ഇവിടെ അറിയിക്കുമോ?

രാക്ഷസൻ:—സ്നേഹിതാ, വിരാധഗുപ്ത, എന്താണിങ്ങിനെ?

വിരാധഗു:—അമാത്യ, വരേണ്ടതുപോലെ ദൈവം വരുത്തുന്നുവെന്നല്ലാതെ എന്തുപറയട്ടെ!

രാക്ഷസൻ:—പ്രിയംവദക! എന്തിന്നു താമസിക്കുന്നു. വേഗത്തിൽ കൂട്ടിക്കൊണ്ടുവരു.

ഭൃത്യൻ:—കല്പനപോലെ. (പോകുന്നു.)

(സിദ്ധാൎത്ഥകനും ശകടദാസനും പ്രവേശിക്കുന്നു.)

ശകടദാസൻ:—(സ്വഗതം) സാമ്രാജ്യസിംഹാസനത്തിൽ അവരോധിക്കപ്പെട്ട ചന്ദ്രഗുപ്തനെക്കണ്ടു ഞാൻ ശ്മശാനത്തിൽ നാട്ടിയ ആ ശൂലത്തെക്കണ്ടു് ഭയപ്പെട്ടില്ല. മൌൎയ്യലക്ഷ്മിയെപ്പോലുള്ള വദ്ധ്യമാല എന്റെ തലയിൽ ചുററിയ ശ്മശാനഭൂമിയിൽ ശൂലത്തിൻ മുമ്പിൽ എന്നെക്കൊണ്ടുചെന്നു നിൎത്തി പെരുമ്പറയടിച്ചപ്പോഠം, എന്റെ ഹൃദയം പിളൎക്കപ്പെട്ടില്ല. നന്ദരാജാക്കന്മാരെ സ്ഥാനഭ്രഷ്ടരാക്കുമ്പോഠം മുഴക്കിയ പെരുമ്പറയുടെ പ്രഥമാദിഘാതനിസ്വനംപോലെ ഇതു് എനിക്കു് വിഷദീകരങ്ങളായി തോന്നിയില്ല. (അടുത്തുചെ

ന്നിട്ട് സസന്തോഷം) ഇതാ അമാത്യരാക്ഷസൻ നില്ക്കുന്നു! ഇദ്ദേഹം സ്വാമികാര്യവ്യഗ്രതയാൽ പ്രക്ഷീണനാണെങ്കിലും അക്ഷീണഭക്തനായിത്തന്നെയിരിക്കുന്നു. ഈ മഹാനുഭാവൻ ലോകത്തിൽ സ്വാമിഭക്തന്മാൎക്കു പരമമായ മാതൃകയാണ്-(കുറെക്കൂടി അടുത്തുചെന്നു്) അമാത്യൻ ജയിക്കുന്നു.

രാക്ഷസൻ:—(കണ്ടു, സന്തോഷിച്ച്) സ്നേഹിത, ശകടദാസ! കൌടില്യന്റെ കയ്യിൽപ്പെട്ട താങ്കളെ ഭാഗ്യത്താൽ കാണാൻ സാധിച്ചുവല്ലോ! എന്നെ ആലിംഗനം ചെയ്യൂ.

(ശകടദാസൻ ആശ്ലേഷിക്കുന്നു).

രാക്ഷസൻ:—(ഗാഢമായി ആലിംഗനം ചെയ്തിട്ട്) ഈ ആസനത്തിലിരിക്കൂ.

(ശകടദാസൻ ഇരിക്കുന്നു)

രാക്ഷസൻ:—സഖേ!, ശകടദാസ! ആരാണ് എന്റെ ഈദൃശമായ ഹൃദയാനന്ദത്തിന്റെ ഹേതുഭൂതൻ?

ശകടദാസൻ:—(സിദ്ധാൎത്ഥകനെ കാണിച്ച്) ഈ നില്ക്കുന്ന പ്രിയസ്നേഹിതൻ സിദ്ധാൎത്ഥകനാണ് കൊലക്കളത്തിൽനിന്നു കൊലയാളികളെ ഓടിച്ച് എന്നെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്നതു്.

രാക്ഷസൻ:—(സഹർഷം) പ്രിയ സിദ്ധാൎത്ഥക, ഈ സന്തോഷത്തിന്നു് ഇതു പൎയ്യാപ്തമല്ല; എങ്കിലും ഇതു സ്വീക

രിക്കണം. (സ്വശരീരത്തിൽനിന്നു ആഭരണങ്ങൾ ഊരിയെടുത്തു കൊടുക്കുന്നു.)

സിദ്ധാൎത്ഥകൻ:— (വാങ്ങി, വന്ദിച്ചിട്ട്—ആത്മഗതം) ഇതാണല്ലോ ആൎയ്യ ചാണക്യോപദേശം. അപ്രകാരംതന്നെ പ്രവൎത്തിക്കാം. (പ്രകാശം) അമാത്യ, ഇവിടെ ആദ്യമായിട്ടാണു് ഞാൻ വരുന്നതു്. എനിക്കിവിടെ പരിചയക്കാരാരുമില്ല. അതുകൊണ്ടു് അവിടുന്നു നല്കിയ ഈ അനുഗ്രഹം തല്ക്കാലം ഇവിടെത്തന്നെ വെക്കണം. എന്റെ കയ്യിലുള്ള ഈ മുദ്രയാൽ മുദ്രവെച്ച് അവിടുത്തെ ഭണ്ഡാരത്തിൽതന്നെ സൂക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആവശ്യം നേരിടുമ്പോൾ ഞാനതു എടുത്തുകൊള്ളാം.

രാക്ഷസൻ:—അതിനെന്താണു് വിരോധം? ശകടദാസ, അങ്ങിനെ ചെയ്തുകൊടുക്കൂ.

ശകടദാസൻ:—അവിടുത്തെ കല്പനപോലെ ചെയ്യാം. (മുദ്ര നോക്കി അമാത്യനോടായി) ഇതവിടുത്തെ പേർകൊത്തിയ മുദ്രയാണല്ലോ?

രാക്ഷസൻ:—(കണ്ടിട്ട് ആത്മഗതം) വാസ്തവം. ഇതു ഞാൻ നഗരം വിട്ടു പോരുമ്പോൾ എന്റെ കയ്യിൽനിന്നൂരി ബ്രാഹ്മണിയുടെ ഉല്ക്കണ്ഠാവിനോദാൎത്ഥം നല്കിയിരുന്നതാണ്. ഇതെങ്ങിനെ ഇവന്നു് കിട്ടി. (പ്രകാശം) എടോ സിദ്ധാൎത്ഥക! ഇതു നിനക്കെവിടുന്നു കിട്ടി?

സിദ്ധാൎത്ഥകൻ:—കുസുമപുരത്തിൽ ചന്ദനദാസൻ എന്നു പേരായ ഒരു വലിയ സ്വൎണ്ണവ്യാപാരിയുണ്ടു്. അയാ

ളുടെ വീട്ടിൻെറ ഉമ്മറത്തു വീണുകിടന്നിരുന്നതു ഞാൻ എടുത്തതാണു്.

രാക്ഷസൻ:—ശരി.

ശകടദാസൻ:—അമാത്യ, എന്താണു് ശരി?

രാക്ഷസൻ:—മഹാധനികന്മാരുടെ വീടുകളിൻ ഇങ്ങിനെ വീഴാറുള്ളതും അതിങ്ങിനെ ആളുകൾ എടുക്കാറുള്ളതും തന്നെ.

ശകടദാ:—സഖേ; സിദ്ധാത്ഥക, ഇതമാത്യൻെറ പേർകൊത്തിയ മുദ്രയാണു്. അതിനാൽ ഇതിന്നുവേണ്ട ധനം തന്നു് താങ്കളെ അമാത്യൻ സന്തോഷിപ്പിക്കും. അതിങ്ങുതന്നേക്കു.

സിദ്ധാത്ഥകൻ:—സ്നേഹിതാ! ഇതു അമാത്യന്നു ഉപയോഗപ്രദമാകുന്നതുതന്നെ എനിക്കു വലിയ സന്തോഷാസ്പദമല്ലേ? (മുദ്രകൊടുക്കുന്നു)

രാക്ഷസൻ:—ശകടദാസ. നമ്മുടെ കാൎയ്യങ്ങൾക്കായി മേലിൽ ഈ മുദ്രയാണു് താങ്കൾ ഉപയോഗിക്കേണ്ടതു്.

ശകടദാ:—കല്പനപോലെ.

സിദ്ധാത്ഥകൻ:—അമാത്യ, എനിക്കു് ഒന്നറിയിക്കേണ്ടതുണ്ടായിരുന്നു.

രാക്ഷസൻ:—പറയാമല്ലോ, എന്തു് വിരോധം?

സിദ്ധാത്ഥകൻ:—ഇതവിടുത്തേക്കും അറിയാവുന്നതാണു്. ആ ദുഷ്ടനായ ചാണക്യന്നു് അപ്രിയം ചെയ്തു ഒരാൾ

ക്ക് പിന്നീട് പാടലീപുത്രത്തിലേക്ക് പ്രവേശിക്കാൻ സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു ഞാൻ കുറച്ചുകാലം ഇവിടുത്തെ പാദശുശ്രൂഷചെയ്തുകൊണ്ട് ഇവിടെത്തന്നെ കഴിഞ്ഞുകൂടുവാൻ ആഗ്രഹിക്കുന്നു.

രാക്ഷസൻ:—എടോ, ഇതെനിക്കും വലിയ സന്തോഷമാണ് തൻെറ അഭിപ്രായമറിയാഞ്ഞതുകൊണ്ടു അങ്ങോട്ടു പറയാതിരുന്നതാണ്. ഇങ്ങിനെതന്നെ ചെയ്യാം.

സിദ്ധാൎത്ഥകൻ:—(സഹർഷം) എന്നാൽ ഞാൻ അനുഗ്രഹിക്കപ്പെട്ടു.

രാക്ഷസൻ:—ശകടദാസ, സിദ്ധാൎത്ഥകനെ കൊണ്ടുപോയി വിശ്രമിപ്പിക്കൂ.

ശകടദാസൻ:—കല്പന. (സിദ്ധാൎത്ഥകനോടുകൂടി പോകുന്നു.)

രാക്ഷസൻ:—സഖേ; വിരാധഗുപ്ത, ബാക്കി കഥ പറയൂ എൻെറ ഈ പ്രതികാരങ്ങൾ ചന്ദ്രഗുപ്തൻെറ പ്രജകൾ ക്ഷമിക്കുകയില്ലേ?

വിരാധഗു:—അമാത്യ, തീർച്ചയായും ക്ഷമിക്കും. എന്നുമാത്രമല്ല, പുറമെയുള്ള അഭിപ്രായഗതിനോക്കുമ്പോൾ അനുകൂലിക്കതന്നെ ചെയ്യും.

രാക്ഷസൻ:—സഖേ, എന്തൊക്കേയാണവിടേയുള്ള ഇപ്പോഴത്തെ അഭിപ്രായഗതികൾ?

വിരാധഗു:—ഇതാണിപ്പോൾ അവിടെയുള്ള നില; അതായതു, മലയകേതുവിൻെറ അപക്രമണത്തിന്നുശേഷം ചാണക്യൻ തൻെറ വിജയോന്മാദത്താലും അധികാരപ്രമ

ത്തതയാലും ചന്ദ്രഗുപ്തനെ വകവെക്കാതെ ചിലപ്പോഴെല്ലാം അദ്ദേഹത്തിൻെറ ആജ്ഞകളെത്തന്നെ തടയുന്നു. അതു ചന്ദ്രഗുപ്തന്നു വലിയ മനഃഖേദത്തെ ഉളവാക്കുന്നുമുണ്ടു്. ഇപ്രകാരമാണു് എനിക്കറിയാൻ കഴിഞ്ഞ അനുഭവം.

രാക്ഷസൻ:—(സഹർഷം) എന്നാൽ, വിരാധഗുപ്ത! താങ്കൾ ഈ പാമ്പാട്ടിയുടെ വേഷത്തിൽ വീണ്ടും കുസുമപുരത്തിലേക്കുതന്നെ ചെല്ലുക. അവിടെ എൻെറ സ്നേഹിതനായ സ്തനകലശൻ വൈതാളികനായി താമസിച്ചുവരുന്നുണ്ടു്. അവനോടു, ചാണക്യൻ ചെയ്യുന്ന ആജ്ഞാഭംഗത്താൽ ചന്ദ്രഗുപ്തൻെറ മനസ്താപത്തിലും നിരാശയിലും പെട്ടുഴലുമ്പോൾ പ്രോത്സാഹജനകങ്ങളായശ്ലോകങ്ങളെക്കൊണ്ടു സ്തുതിച്ചു് ഉന്മേഷമുളവാക്കുവാൻ പറയണം. കാൎയ്യങ്ങൾ അതിവേഗത്തിൽ കരഭകൻ മുഖേന ഇങ്ങോട്ടറിയിക്കണമെന്നും പറയൂ.

വിരാധഗു:— അവിടുത്തെ കല്പനപോലെ ചെയ്യാം. (പോകുന്നു.)

ഭൃത്യൻ: – (പ്രവേശിച്ചു്) അമാത്യ, ശകടദാസൻ ഇവിടെ അറിയിക്കുന്നു. മൂന്നു് ആഭരണങ്ങൾ വില്ക്കുവാൻ കൊണ്ടുവന്നിരിക്കുന്നു. അതവിടുന്നു നോക്കി തീരുമാനിക്കണം എന്നു്.

രാക്ഷസൻ:—(നോക്കീട്ടു്) ആഭരണങ്ങൾ മഹാർഘങ്ങൾ തന്നെ. സംശയമില്ല. എടോ, ശകടദാസനോടു പറയൂ വേണ്ട വില കൊടുത്തു വാങ്ങിവെക്കുവാൻ.

ഭൃത്യൻ:— കല്പനപോലെ (പോകുന്നു.)

രാക്ഷസൻ:— ഞാൻചെന്നു കരഭകനെ കുസുമപുരത്തിലേക്കു യക്കാം. (എഴുന്നേററു്) ആ ദുഷ്ടചാണക്യനിൽനിന്നു ചന്ദ്രഗുപ്തനെ ഭിന്നിപ്പിക്കുവാൻ സാധിക്കുകയില്ലേ? ഉവ്വ്! സാധിക്കുമെന്നുതന്നെയാണെൻെറ വിശ്വാസം എന്തുകൊണ്ടെന്നാൽ, മൌര്യൻ സകലരാജാക്കന്മാരേയും കീഴടക്കി ആജ്ഞാപാലകന്മാരാക്കി നിത്തിയിരിക്കയാണു്. ചാണക്യനാകട്ടെ, സ്വന്തം ആശ്രയത്താലാണിവൻ രാജാവായിത്തീൎന്നിട്ടുള്ളതെന്നു അഭിമാനം കൊള്ളുന്നു. ഇങ്ങിനെ ഒരാൾ രാജ്യപ്രാപ്തിയിലും മറെറാരാൾ പ്രതിജ്ഞാനിൎവ്വഹണത്തിലും ആനന്ദം കൊള്ളുകയാണു്. തന്നിമിത്തമുള്ള പരസ്പരസൌഹാൎദ്ദത്തിൽ അവർ വേണ്ടുവോളം കൃതാൎത്ഥരുമാണു്. ഇനിയൊരു സന്ദൎഭത്തിൽ പഴുതുകിട്ടിയാൽ ഇവരെ ഭിന്നിപ്പിക്കുവാൻ വലിയ വിഷമമില്ല.

(പോകുന്നു.)

യവനിക.

---

## അങ്കം 3.

### ദൃശ്യം 1

(ഒരു കഞ്ചുകി പ്രവേശിക്കുന്നു.)

കഞ്ചുകി:—(ചുററും നോക്കി വിളിച്ചു പറയുന്നു) ഹെ! സുഗാങ്കപ്രാസാദത്തിലെ പരിചാരകന്മാരെ മഹാരാജാവ്

ചന്ദ്രഗുപ്തൻ നിങ്ങളോടാജ്ഞാപിക്കുന്നു. "കുസുമപുരത്തിൽ കൊണ്ടാടുന്ന ഈ കൌമുദീമഹോത്സവത്തെ നാം സന്ദർശിക്കുന്നതാണ്. അതിനാൽ അതിന്നു യോജിച്ചവണ്ണം സുഗാംഗപ്രാസാദത്തെ വേഗത്തിൽ അലങ്കരിച്ചുകൊള്ളുവിൻ എന്നു്. ഏ! എന്തു്? കൌമുദീമഹോത്സവത്തെ മുടക്കിയിരിക്കുന്നുവെന്നോ? അസ്സലായി! ആര്? മരണമടുത്ത ഏതു നിർഭാഗ്യവാനാണു് അതു പറയുക? വേഗത്തിൽ അലങ്കരിക്കുവാൻ ഒരുങ്ങിക്കൊള്ളുവിൻ. ധൂപക്കുട്ടുകൊണ്ടു സുഗന്ധം പിടിപ്പിച്ച മണിത്തൂണുകളിൽ മുഴുവൻ പൂമാലകൾ ചുററുവിൻ. ചന്ദ്രന്റെ രശ്മിസഞ്ചയംപോലെ വിളങ്ങുന്ന വെൺചാമരങ്ങൾ സർവ്വത്ര വിതാനിക്കുവിൻ. പ്രാസാദത്തിന്റെ മുകളിലുള്ള സിംഹാസനം പനിനീർകൊണ്ടു കഴുകി സുരഭിലകുസുമങ്ങളെക്കൊണ്ടു് അലംകൃതമാക്കിവെക്കുവിൻ. ഏറെക്കാലമായി മൂർച്ഛിച്ചപോലെ കിടന്നിരുന്ന സുഗാംഗപ്രാസാദം ആഹ്ലാദത്തിന്റെയും ആഡംബരത്തിന്റെയും വിഹാരരംഗമായി മാറട്ടെ. ഹെ! പൌരന്മാരെ! മഹാരാജാവു് ഇതാ എഴുന്നള്ളിത്തുടങ്ങി.

(പോകുന്നു.)

(രാജാവും പ്രതീഹാരിയും പ്രവേശിക്കുന്നു.)

ചന്ദ്രഗുപ്തൻ:—(സ്വഗതം) ധർമ്മമാത്രാനുസാരിയായ ഒരു രാജാവിന്നു് രാജ്യം ഏററവും അപ്രീതികരംതന്നെ

പ്രജാക്ഷേമത്തെ ലക്ഷീകരിച്ചു് പരാത്ഥമായിത്തന്നെ പ്രവത്തിക്കുന്ന രാജാവു് സ്വന്തസുഖമുപേക്ഷിക്കുന്നു. അത്തരം സുഖഭോഗശൂന്യമായ രാജത്വം നിഷ്ഫലമാണുതാനും. എന്നാൽ പരിത്യക്തസ്വാത്ഥനായി പരാത്ഥാനുഷ്ഠാനം മാത്രമാണു് രാജധമ്മമെന്നുകരുതി പ്രവത്തിക്കുന്നാവൻെറ പരാധീനതയിൽ എവിടെയാണൊരു സുഖവും സംതൃപ്തിയും? വിശിഷ്യ എന്നെപ്പോലുള്ള രാജാക്കന്മാക്കു് രാജ്യലക്ഷ്മി സവ്വഥാ ദുരാരാദ്ധ്യയുമാണു്. എന്തുകൊണ്ടെന്നാൽ കഠിനനേയോ സൌമ്യശീലനെയൊ അവൾ ലജ്ജാപരിഭവങ്ങൾനിമിത്തം സമീപിക്കുകതന്നെയില്ല. വിഡ്ഢിയേയും അതിപണ്ഡിതനേയും അവൾ ദ്വേഷിക്കുന്നു. ശൂരന്മാരെ അധികം ഭയപ്പെടുകയും ഭീരുക്കളെ പരിഹസിക്കയും ചെയ്യുന്നു. ഇങ്ങിനെ ലബ്ധപ്രസരയായ ഒരു വേശ്യയെപ്പോലെതന്നെ രാജ്യശ്രീയും കൃച്ഛ്റസാദ്ധ്യയാണു്. ഇതിന്നുപുറമെ ഒരു കൃത്രിമകലഹമുണ്ടാക്കി കുറച്ചുകാലം സ്വതന്ത്രമായി കഴിക്കണമെന്നാണു് ആയ്യ ചാണക്യൻെറ ഉപദേശം. അതൊരു പാപാനുഷ്ഠാനംപോലെ എന്നെ അസഹ്യപ്പെടുത്തുകയും ചെയ്യുന്നു. അല്ലെങ്കിൽ, ഇടവിടാതെയുള്ള ആയ്യോപദേശത്താൽ സംസ്കരിക്കപ്പെട്ട എൻെറ പ്രവൃത്തികൾ എല്ലാംതന്നെ സ്വതന്ത്രങ്ങളാണല്ലൊ! ഒരു ഗുരുശിഷ്യൻെറ സൽപ്രവൃത്തിയെ ഒരിക്കലും തടയുന്നില്ല. എപ്പോഴാണൊ അജ്ഞതയാൽ വഴിതെററിപ്പോകുന്നതു് അ

 384.26 O32:2N15:11 J2

പ്പോൾ മാത്രമാണു് ഗുരു ശിഷ്യനു അങ്കുശമായിത്തീരുന്നതു്. ഗുരുശിക്ഷണത്തിലുള്ള വിധേയത്വം ഒരിക്കലും ഞാനൊരു അസ്വാതന്ത്ര്യമായി കരുതുന്നില്ല. ആ നിലയിൽ ഞാൻ തികച്ചും സ്വതന്ത്രൻ തന്നെയാണു്. (പ്രകാശം) ആര്യ! വൈഹീനരെ! സുഗാങ്കത്തിലേക്കുള്ള വഴി കാണിക്കൂ.

കഞ്ചുകി:—ഇതിലെ എഴുന്നെള്ളാം. (പ്രാസാദത്തിലേക്കു കയറുന്നു.)

MUL 165498

ചന്ദ്രഗുപ്തൻ:—(പുറവും പാ[illegible]ാണിതു്? കുസുമപുരം തീരെ [illegible]ക്കാണുന്നതു്? യാതൊരു ആഘോഷവുമില്ലാതെ! വൈഹീനരെ പൌരന്മാർ എന്റെ ആജ്ഞ അനുസരിച്ചിട്ടില്ലെന്നുണ്ടോ?

കഞ്ചുകി:—(ചെവി പൊത്തിയിട്ടു്) ശാന്തം പാപം! ശാന്തം പാപം! ലോകംമുഴുവനും അനുസരിക്കപ്പെടുന്ന അവിടുത്തെ ആജ്ഞ പൌരന്മാർ എങ്ങിനെ അനുസരിക്കാതിരിക്കും?

ചന്ദ്രഗു:—പിന്നെന്താണു് ഇപ്പോഴും കൌമുദീമഹോത്സവത്തിന്റെ യാതൊരാഘോഷങ്ങളും കുസുമപുരത്തിലെങ്ങും കാണാത്തതു്? നഗരമെങ്ങും അലങ്കരിക്കപ്പെട്ടിട്ടില്ല ചാടുവാക്യങ്ങൾ പറഞ്ഞുകൊണ്ടു് ധൂർത്തന്മാരാൽ അനുഗമിക്കപ്പെട്ടുകൊണ്ടു് വേശനാരിമാർ ജഘനഭാരത്താൽ മന്ദം മന്ദം വീഥികൾതോറും സഞ്ചര

ERSITY LIB

ക്കുന്നതു് കാണുന്നില്ല. കുഡുംബകലഹത്തിൽപ്പെട്ട കാമുകീകാമുകന്മാർപോലും സകലവിധ പ്രണയകലഹങ്ങളുമുപേക്ഷിച്ചു്, ലജ്ജവിട്ടു് പ്രാണപ്രിയന്മാരുടെ കണ്ഠാശ്ലേഷം ചെയ്തുകൊണ്ടു് നഗരമെങ്ങും നിറഞ്ഞു കാണുന്നില്ല. യുവതീയുവാക്കന്മാർ ശങ്കവിട്ടു ആഹ്ലാദിച്ചു് തിമർത്തുനടക്കേണ്ടുന്ന ഈ പാർവ്വണോത്സവത്തിൽ നഗരം മുഴുവൻ ശുദ്ധശൂന്യമായിക്കാണുന്നു.

കഞ്ചുകി:—അതങ്ങിനെതന്നെ.

ചന്ദ്രഗു:—എങ്ങിനെ?

കഞ്ചുകി:—ദേവ!....അതു്....ഇങ്ങിനെ—. (തുറന്നുപറയാതെ പരുങ്ങുന്നു.)

ചന്ദ്രഗുപ്ത:—എന്താ പറയൂ. സ്പഷ്ടമായിപ്പറയൂ!

കഞ്ചുകി:—കൌമുദീമഹോത്സവം മുടക്കിയിരിക്കുന്നു.

ചന്ദ്രഗുപ്ത:—(കോപിച്ചു്) ആ! ഹാ! ആര്?

കഞ്ചുകി:—ദേവ; അതിലപ്പുറം പറയുവാൻ കഴിയുന്നില്ല.

ചന്ദ്രഗു:—ജനങ്ങളുടെ ഈ ആഹ്ലാദപ്രകടനങ്ങളെ മുടക്കിയതു് ആര്യ ചാണക്യനല്ലല്ലൊ?

കഞ്ചുകി:—ജീവിതത്തിൽ കൊതിയുള്ള മററാരെങ്കിലും ദേവന്റെ ആജ്ഞയെ അതിവർത്തിക്കുമോ?

ചന്ദ്രഗു:—ശോണോത്തരെ! എനിക്കിരിക്കണം.

പ്രതീഹാരി:—ദേവ; ഇവിടെത്തന്നെയുണ്ടല്ലോ സിംഹാസനം.

ചന്ദ്രഗു:—(ഇരുന്നിട്ടു്) വൈഹീനരെ! ആൎയ്യചാണക്യനെ കാണാൻ ആഗ്രഹിക്കുന്നു.

കഞ്ചുകി:—കല്പനപോലെ. (പോകുന്നു)

## ദൃശ്യം 2.

[ചാണക്യൻ സ്വഗൃഹത്തിൽ കോപപൂൎവ്വമായ ചിന്തയിൽ മുഴുകിയിരിക്കുന്നു.]

ചാണക്യൻ:—ആ ദുരാത്മൻ രാക്ഷസൻ ഇപ്പോഴും എന്നോടു മത്സരിച്ചുനോക്കുകയാണു്. നന്ദന്മാരെ വധിച്ചു് മൌൎയ്യനായ വൃഷളനെ ഞാൻ സിംഹാസനാരൂഢനാക്കി. അതുപോലെ ചന്ദ്രഗുപ്തനെ വധിച്ചു് മൌൎയ്യശ്രീയെ മലയകേതുവിൽ ആരോപിക്കുവാനുള്ള ഈ രാക്ഷസൻെറ മതിപ്രകർഷം എൻെറ ബുദ്ധിയെ അതിജീവിക്കുവാൻ തീവ്രയത്നം ചെയ്തുവരികയാണു്. (ആകാശത്തിൽ ദൃഷ്ടിയുറപ്പിച്ചു്) ഹേ! രാക്ഷസ! ഈ വ്യൎത്ഥാശ്രമം മതിയാക്കൂ. കുസചിവന്മാരിൽ വിശ്വാസമൎപ്പിച്ച നന്ദനല്ല ഇന്നത്തെ രാജാവു്. ഇതു ചന്ദ്രഗുപ്തനാണു്. ഓൎമ്മയിരിക്കട്ടെ. ഈ ചാണക്യനും താങ്കൾക്കും ഒരേ ഒരു വിഷയത്തിൽ മാത്രമാണു് സാധൎമ്മ്യമുള്ളതു്. ഞാൻ നന്ദവംശം സംഹരിച്ചതുപോലെ താങ്കൾ മൌൎയ്യവംശം ഉന്മൂലനം ചെയ്യുമെന്ന ശപഥം വെച്ചു് പുലൎത്തുന്നതിൽ മാത്രം. അല്ലാതെ എൻെറ

ബുദ്ധിയെ അതിശയിക്കാൻ താങ്കൾ അസമത്ഥനാണ്. (ആലോചിച്ച്) അഥവാ ഇതിനെപ്പററി അതിമാത്രം ആലോചിച്ച് അവശപ്പെടാനെന്തുള്ളൂ? എൻെറ ഗ്രഢപുരുഷന്മാർ ശത്രുക്കളുടെ ഉള്ളിൽക്കടന്നുചെന്നു അവരുടെ ഹൃദയങ്ങൾ വശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അവരുടെയിടയിൽ ഭിന്നിപ്പുണ്ടാക്കുവാൻ സിദ്ധാത്ഥകനും കൂട്ടുകാരും തീവ്രമായി പ്രയത്നിച്ചുവരുന്നുമുണ്ട്. പോരെങ്കിൽ ചന്ദ്രഗുപ്തനുമായി ഒരു കൃത്രിമകലഹം നടിച്ച് ഈ കൌടില്യനിതാ രാക്ഷസനെ മലയകേതുവിൽനിന്നു ഭിന്നിപ്പിക്കുവാൻ പോകുന്നു.

(ഒരു ഭാഗത്തുകൂടി കഞ്ചുകി പ്രവേശിക്കുന്നു)

(ദീർഘശ്വാസത്തോടെ)

കഞ്ചുകി:—എൻെറ ഈ വയസ്സുകാലമത്രയും അടിമത്തത്തിലും സേവനത്തിലും ശുശ്രൂഷയിലും കഴിച്ചുകൂട്ടി. എന്നിട്ടെന്തുണ്ടായി? താങ്ങാനാവാത്ത വാർദ്ധക്യം മാത്രം ഒരു ഭാരമായി അവശേഷിച്ചു. എന്നാലുമുണ്ടോ ജീവിതത്തിലൊരു സൈ്വരം? കഷ്ടം! രാജകുലങ്ങളെ ഉപജീവിച്ചു കഴിയുന്ന അസ്മാദൃശന്മാരുടെ കഥ പട്ടിയുടെതിനേക്കാൾ കഷ്ടമാണ്. രാജാക്കന്മാരേയും മന്ത്രിമാരേയും ഭയപ്പെടണം. രാജാവിൻെറ ചില പ്രധാന സ്നേഹിതന്മാരെ ഭയപ്പെടണം. അന്തഃപുരത്തിൽ സേവയുള്ള ചില ഭടന്മാരേയും ഭയപ്പെടണം. ഇതിനും പുറമേ രാജസമക്ഷം തഞ്ചംനോക്കി സേവപറഞ്ഞു്

പ്രീതി സമ്പാദിക്കുന്ന ചില നണയന്മാരുണ്ട്. അവ രെയാണേറവും ഭയപ്പെടേണ്ടതു്. ഇവരുടെയെല്ലാം വീർത്തമുഖങ്ങൾ കാണണം. കർണ്ണശല്യമായ ചീത്ത വാക്കുകൾ കേൾക്കണം. എന്തിന്നുവേണ്ടി? ഒരു ഉരു ളച്ചോറിന്നുവേണ്ടി എന്തു ചെയ്യും? വയററുപിഴപ്പിന്നു കൂടാതെ കഴിയുമോ?

(മറുഭാഗത്തേക്കു പ്രവേശിച്ച്)—ഇതാണ് ആര്യ്യചാ ണക്യന്റെ ഗൃഹം! അഹോ! രാജാധിരാജന്റെ മന്ത്രി യുടെ വിഭവമാണിക്കാണുന്നതു്.!—മുൻഭാഗത്തേക്കു ചാഞ്ഞുതൂങ്ങിയ മേൽപ്പുരയുള്ള ഒരു കൊച്ചുപർണ്ണശാ ല. ആ പുരപ്പുറത്തതാ ചാണക ഉരുളകളും ദർഭപ്പുല്ലു കളും ഉണക്കുവാൻ നിരത്തിയിട്ടിരിക്കുന്നു. ശിഷ്യ ന്മാർ സംഭരിച്ചുകൊണ്ടു വന്ന ചമതക്കെട്ടുകളും ഉണ്ടാ ക്കാൻ ഇട്ടിരിക്കയാണ്. ഈ വൈരാഗ്യക്ഷേത്രത്തി ന്നധിപതിയായ ആര്യ്യചാണക്യൻ ചന്ദ്രഗുപ്തമഹാ രാജാവിനെ 'വൃഷളൻ' എന്നു വിളിക്കുന്നതിൽ യാ തൊരു അനൌചിത്യവുമില്ല.

ആത്മപ്രഭാവത്താൽ നന്ദമൌര്യ്യന്മാരുടെ അസ്തമ നോഭയങ്ങൾ ഏകകാലത്തുതന്നെ വരുത്തിത്തീർത്ത മ ഹാനുഭാവനാണിദ്ദേഹം. ഈ സഹസ്രരശ്മിയുടെ അത്ഭു തജ്യോതിസ്സാണ് ആ ചന്ദ്രന്റെ ഹിമരശ്മികൾക്കുപോ ലും പ്രകാശമരുളുന്നതു്. ഈ അഭിനവ സഹസ്രധാ മാവിന്റെ തീക്ഷ്ണത ആക്കും അധൃഷ്യമാണ്!

(മുട്ടുകറം നിലത്തു മുട്ടത്തക്കവണ്ണം കുനിഞ്ഞു വന്ദിക്കുന്നു.)—ആൎയ്യൻ, ജയിക്കട്ടെ!

ചാണക്യൻ:—വൈഹീനരെ, എന്താണു് വന്നതു്?

കഞ്ചുകി:—ആൎയ്യ; മഹാരാജാ ചന്ദ്രഗുപ്തൻ അവിടുത്തെ പാദപത്മങ്ങറംക്കു് സാഷ്ടാംഗം പ്രണമിച്ചുകൊണ്ടു് അറിയിക്കുന്നു. "മററു കാൎയ്യങ്ങളിൽ വ്യാപൃതനല്ലെങ്കിൽ ഒന്നു കാണുവാൻ ആഗ്രഹിക്കുന്നു" എന്നു്.

ചാണക്യൻ:—വൃഷളൻ എന്നെകാണാൻ ആഗ്രഹിക്കുന്നു? വൈഹീനരേ, ഞാൻ കൌമുദി മഹോത്സവം മുടക്കിയ വിവരം വൃഷളൻ അറിഞ്ഞുകഴിഞ്ഞുവോ?

കഞ്ചുകി:—ആൎയ്യ! അറിഞ്ഞിരിക്കുന്നു.

ചാണക്യൻ:—(കോപത്തോടെ) ആ! ആരുപറഞ്ഞു?

കഞ്ചുകി:—(ഭയപ്പെട്ടു്) ആൎയ്യൻ ക്ഷമിക്കണം. സുഗാംഗപ്രാസാദത്തിൽചെന്നു നോക്കിയപ്പോറം കുസുമപുരമെങ്ങും ആഡംബരശൂന്യമായികണ്ടപ്പോറം സ്വയം ഊഹിച്ചതാണു്.

ചാണക്യൻ:—ആ! മനസ്സിലായി. അപ്പോറം നിങ്ങളെല്ലാം കൂടി പറഞ്ഞു കോപിപ്പിച്ചിട്ടുണ്ടായിരിക്കും. മറെറന്തു്?

(കഞ്ചുകി ഭയപ്പെട്ടു് അധോമുഖനായി നില്ക്കുന്നു.)

ചാണക്യൻ:—രാജപരിജനങ്ങറംക്കു് ഈ ചാണക്യനെ വലിയ വിരോധമാണു്. ഇപ്പോറം; വൃഷളൻ എവിടെയാണുള്ളതു്?

കഞ്ചുകി:—(സദയം) ആൎയ്യ, സുഗാംഗപ്രാസാദത്തിൽ നിന്നാണ് ഇവിടുത്തെ പാദമൂലത്തിലേക്കെന്നെ അയച്ചതു്.

ചാണക്യൻ:—(എഴുന്നേററ്) സുഗാങ്കത്തിലേക്കു വഴി കാണിക്കൂ.

കഞ്ചുകി:—ഇതാ, ഇതിലെ എഴുന്നള്ളാം.

(പോകുന്നു)

## ദൃശ്യം 3

[രണ്ടുപേരും സുഗാങ്കത്തിലേക്കു പ്രവേശിക്കുന്നു. സിംഹാസനസ്ഥനായ ചന്ദ്രഗുപ്തനെ ദൂരത്തിൽനിന്നു ചാണക്യൻ കണ്ടിട്ട് ആത്മഗതം]

ചാണക്യൻ:—ആഹ! വൃഷളൻ സിംഹാസനത്തിൽ ഇരിക്കുകയാണു്. സന്തോഷം! ഇതെനിക്കു ചാരിതാൎത്ഥ്യജനകമായ ഒരു കാൎയ്യയാണു്. നന്ദവിയുക്തമായ ഈ സിംഹാസനത്തിൽ രാജശ്രേഷ്ഠനായ ഈ വൃഷളനെ ഞാൻ അധിരോഹണം ചെയ്യിച്ചു. ഈ സിംഹാസനവും സദൃശപാൎത്ഥിവ സംഗമത്താൽ ഇപ്പോഠം മാത്രമേ ചരിതാൎത്ഥമായിട്ടുള്ളു. ഇതുതന്നെയാണെന്റെ പ്രീതിയുടെയും പാരമ്യം. (അടുത്തുചെന്നിട്ട്) വൃഷളൻ, ജയിക്കട്ടെ!

ചന്ദ്രഗുപ്തൻ:—(എഴുന്നേററിട്ട്) ആൎയ്യ; ചന്ദ്രഗുപ്തൻ നമസ്കരിക്കുന്നു. (പാദങ്ങളിൽ നമസ്കരിക്കുന്നു.)

ചാണക്യൻ:—(കയ്യ് പിടിച്ച് എഴുന്നേല്പിക്കുന്നു.) എഴുന്നേൽക്കൂ, എഴുന്നേല്ക്കു, വത്സ! നിൻെറ പാദാംഗുലികൾ, ആസേതുഹിമാചലമുള്ള രാജാക്കന്മാരുടെ അവനതശീർഷങ്ങളിൽ നിന്നുൽഗമിക്കുന്ന ചൂഡാരത്നങ്ങളുടെ അംശുജാലങ്ങളാൽ കഴുകിക്കുമാറാകട്ടെ!

ചന്ദ്രഗുപ്തൻ:—അവിടുത്തെ അനുഗ്രഹത്തിൻെറ ഭവ്യഫലം തന്നെയാണീയനുഭവിക്കുന്നത്. ഇവിടെ ഇരിക്കണം.

(രണ്ടുപേരും ഇരിക്കുന്നു.)

ചാണക്യൻ:—വൃഷല! എന്തിനാണെന്നെ വരുത്തിയത്?

ചന്ദ്രഗുപ്തൻ:—അവിടുത്തെ സന്ദർശനത്താൽ അനുഗ്രഹീതനാകുവാൻ.

ചാണക്യൻ:—(പുഞ്ചിരിച്ചുകൊണ്ട്) ഭംഗിവാക്കുമതിയാക്കൂ. അധികാരങ്ങളിൽ നിയോഗിച്ചിട്ടുള്ളവരെ പ്രഭുക്കന്മാർ വെറുതെ വിളിച്ചുവരുത്താറില്ല.

ചന്ദ്രഗുപ്തൻ:—ആര്യ, അവിടുന്ന് കൌമുദീമഹോത്സവം മുടക്കിയത് എന്തുദ്ദേശത്തിന്മേലാണ്?

ചാണക്യൻ:—(ചിരിച്ചിട്ട്) ഓ! ഹോ! ആക്ഷേപിക്കാൻ വേണ്ടി വിളിപ്പിച്ചതാണല്ലേ?

ചന്ദ്രഗുപ്തൻ:—ശാന്തം പാപം! അല്ലല്ല, ഒരിക്കലുമല്ല. അറിയാൻ വേണ്ടിമാത്രം.

ചാണക്യൻ:—അങ്ങിനെയാണെങ്കിൽ, അത്തരം സ്വതന്ത്രന്മാർ ശിഷ്യന്മാരാൽ തടയപ്പെടുകയില്ലല്ലോ?

ചന്ദ്രഗുപ്തൻ:—ഇല്ല; അതിന്നു സംശയമേ ഇല്ല. പക്ഷേ, ആൎയ്യൻ ഒരിക്കലും പ്രയോജനം കാണാതെ ഒന്നും പ്രവൎത്തിക്കായ്കയാൽ ചോദ്യത്തിന്നുതന്നെ അവകാശമില്ല.

ചാണക്യൻ:—വൃഷല, അതു ശരിയാണു്. ചാണക്യൻ സ്വപ്നത്തിൽപോലും പ്രയോജനശൂന്യമായി പ്രവൎത്തിക്കാറില്ല.

ചന്ദ്രഗുപ്തൻ:—ആൎയ്യ! അതുകൊണ്ടുതന്നെയാണു് എന്റെ ജിജ്ഞാസ വൎദ്ധിക്കുന്നതു്.

ചാണക്യൻ:—വൃഷല! കേൾക്കൂ! അൎത്ഥശാസ്ത്രകാരന്മാർ മൂന്നുതരം സിദ്ധികളെപ്പററി പറയുന്നുണ്ടു്. രാജായത്തം, സചിവായത്തം ഉഭയായത്തം, ഇങ്ങിനെ മൂന്നാണതു്. ഇതിൽ സചിവായത്തസിദ്ധിയായ താങ്കൾക്കു് ഇതന്വേഷിക്കേണ്ടുന്ന കാൎയ്യമില്ല. ആ അധികാരം ഇന്നൊനിക്കുതന്നെയാണുള്ളതു്.

(ചന്ദ്രഗുപ്തൻ കോപിച്ചു് മുഖം തിരിക്കുന്നു)

(അണിയറയിൽ രണ്ടു വൈതാളികന്മാർ പാടുന്നു.)

ചാണക്യൻ:—(സ്വഗതം) ഈ സ്തുതിപാഠകന്മാരിൽ ആദ്യത്തേവൻ ശരൽക്കാലവൎണ്ണനത്തോടുകൂടി വിശിഷ്ട ദേവതാ സ്തുതിരൂപത്തിലുള്ള ആശീൎവ്വചനം നിൎവ്വഹിച്ചു. ഈ രണ്ടാമത്തേതു് നല്ലവണ്ണം മനസ്സിലായില്ലല്ലോ! അതിനെന്തോ ഒരു പന്തികേടുണ്ടു്. (ആലോചിച്ചു്) ആ മനസ്സിലായി. രാക്ഷസന്റെ പ്രയോഗമാ

ണിതു്. ഹേ! രാക്ഷസ! നിന്നെ ഞാനസ്സലായറിയുന്നുണ്ടു്. ഈ കൌടില്യൻ ഉറങ്ങിക്കിടക്കുകയല്ല. ഉണന്നിരിക്കയാണു്.

ചന്ദ്രഗുപ്തൻ:—ആൎയ്യ, വൈഹീനരെ, ഈ വൈതാളികന്മാൎക്കു രണ്ടാൾക്കും ന്രൂവീതം സുവൎണ്ണങ്ങൾ സമ്മാനിക്കു

കഞ്ചുകി:—കല്പനപോലെ (പോകാൻ ഭാവിക്കുന്നു.)

ചാണക്യൻ:—(സക്രോധം) വൈഹീനരെ, നില്ക്കൂ. പോകരുതു്. വൃഷലാ എന്താണീയസ്ഥാനത്തിൽ അതിവ്യയം ചെയ്യുന്നതു്?

ചന്ദ്രഗുപ്തൻ:—(കോപത്തോടെ) അനങ്ങാൻപോലും സാധിക്കാതെ അങ്ങുന്നെന്നെ സൎവ്വത്ര തടയുന്നു. എനിക്കീബന്ധനംപോലെയുള്ള രാജ്യം രാജ്യമായിട്ടുതന്നെ തോന്നുന്നില്ല.

ചാണക്യൻ:—വൃഷല! അസ്വതന്ത്രരായ രാജാക്കന്മാൎക്കും ഈ അനുഭവം സംഭാവ്യം തന്നെയാണു്. ഇതു സഹിക്കുന്നില്ലെങ്കിൽ സ്വന്തം കാൎയ്യം സ്വയം നോക്കുക.

ചന്ദ്രഗുപ്തൻ:—എന്റെ കാൎയ്യങ്ങളെ ഞാൻ നോക്കിക്കൊള്ളാം.

ചാണക്യൻ:—സന്തോഷം! എന്റെ കാൎയ്യം ഞാനും നോക്കട്ടെ.

ചന്ദ്രഗുപ്തൻ:—മേലിൽ അങ്ങിനെയാണെങ്കിലും ഇപ്പോൾ കൌമുദീമഹോത്സവം മുടക്കിയതിന്റെ കാരണം കേൾക്കാനാഗ്രഹിക്കുന്നു.

ചാണക്യൻ:—വൃഷല, കൌമുദീമഹോത്സവം ആഘോഷിക്കുന്നതുകൊണ്ടുള്ള പ്രയോജനം കേൾക്കാൻ ഞാനും ആഗ്രഹിക്കുന്നു.

ചന്ദ്രഗുപ്തൻ:—ഒന്നാമത്തെ ഉദ്ദേശം എന്റെ ആജ്ഞ നടത്തുകതന്നെ.

ചാണക്യൻ:—എന്നാൽ ഞാൻ കാണുന്ന മുഖ്യപ്രയോജനം താങ്കളുടെ ആജ്ഞാലംഘനവും തന്നെ.

ഇനി മററു പ്രയോജനങ്ങൾ കേൾക്കണമെന്നുണ്ടെങ്കിൽ അതും പറയാം.

ചന്ദ്രഗുപ്തൻ:—പറയണം.

ചാണക്യൻ:—ശോണോത്തരെ! കായസ്ഥനായ അചലന്റെ അടുത്തുചെന്ന്, ഇവിടെനിന്നു മലയകേതുവിന്റെ അടുക്കലേക്കോടിപ്പോയ ഭദ്രഭടപ്രഭൃതികൾ എഴുതിഅയച്ച കത്തു ഇങ്ങട്ടു വാങ്ങിക്കൊണ്ടുവരു. ഞാൻ പറഞ്ഞുവെന്നു പറയണം

പ്രതിഹാരി:—കല്പനപോലെ. (പോയി വീണ്ടും പ്രവേശിക്കുന്നു.) ആര്യ്യ! പത്രമിതാ.

ചാണക്യൻ:—(വാങ്ങിയിട്ട് )വൃഷല, ഇതുനോക്കൂ.

ചന്ദ്രഗുപ്തൻ:—(ആത്മഗതമായി വായിക്കുന്നു.) സുഗൃഹീതനാമാവായ ആര്യ്യചന്ദ്രഗുപ്തസമക്ഷത്തിൽ, അവിടെനിന്ന് നിഷ്ക്രമിച്ച് മലയകേതുവിനെ ആശ്രയിച്ച അവിടുത്തെ സഹോത്ഥായികളായ പ്രധാന ആപ്തപുരുഷന്മാർ സമർപ്പിക്കുന്ന പ്രമാണപത്രം. ഗജാദ്ധ്യക്ഷ

നായ ഭദ്രഭടൻ, അശ്വാദ്ധ്യക്ഷനായ പുരുഷദത്തൻ, കോട്ടകാവൽക്കാരനായ ചന്ദ്രഭാനുവിൻെറ മരുമകനായ ഡിങ്ങ്ങരാതൻ, രാജകുലബന്ധുവായ മഹാരാജം ബലദേവഗുപ്തൻ, കുട്ടിക്കാലം മുതല്ക്കേ ദേവനെ സേവിച്ചുപോന്ന രാജസേനൻ, സേനാപതിയായ സിംഹബലൻെറ എളയ സഹോദരനായ ഭാഗുരായണൻ, മാളവരാജപുത്രനായ ലോഹിതാക്ഷൻ, ക്ഷത്രിയവീരനായ വിജയവൎമ്മൻ, ഈ ഞങ്ങളെല്ലാവരും ഇവിടെ എത്തിച്ചേൎന്ന് ദേവൻെറ കാൎയ്യങ്ങളിൽത്തന്നെ ശ്രദ്ധിച്ചുവരുന്നുണ്ട്. (പ്രകാശം) ആൎയ്യ! ഇതവരുടെ കുറ്റമാത്രമാണല്ലൊ? ഇവർ ഇവിടം വിട്ടുപോകുവാനുള്ള കാരണങ്ങളാണെനിക്ക് കേൾക്കേണ്ടതു്.

ചാണക്യൻ:—വൃഷള! കേട്ടോളു. ഇവരിൽ കൊട്ടാരംവക ആനകളുടെയും, കുതിരകളുടെയും മേൽവിചാരിപ്പുകാരായ ഭദ്രഭടനും, പുരുഷദത്തനും, മദ്യം, സ്ത്രീ, നായാട്ടു മുതലായ വിഷയങ്ങളിൽ അത്യാസക്തിനിമിത്തം ദുർവൃത്തരായിത്തീൎന്നു. സ്വന്തം പ്രവൃത്തികളിൽ അശ്രദ്ധ കാണിച്ചു. തന്നിമിത്തം അവരെ അടുത്തുള്ളാൻ അനുവദിച്ച് അധികാരത്തിൽനിന്നും നീക്കം ചെയ്തു. ഈ കാരണത്താൽ അവർ രണ്ടുപേരും മലയകേതുവിനെ സമീപിച്ച് സ്വന്തം ഉദ്യോഗത്തിൽ പ്രവേശിച്ചു. പിന്നെ ഡിങ്കരാത ബലഗുപ്തന്മാർ അധികമായ ധനലോഭംനിമിത്തം അവൎക്കു ലഭിച്ചുവന്ന ശമ്പളംകൊണ്ടു് തൃപ്തിപ്പെടാതെ മലയകേതുവിനെ ചെന്നാശ്രയിക്കുക

യാണുണ്ടായതു്. അതുപോലെതന്നെ രാജസേനനും, താങ്കളെ സന്തോഷിപ്പിച്ചു്, ഭണ്ഡാരം, ആന, കുതിര എന്നിവയിൽനിന്നു് സമ്പാദിച്ചുകൂട്ടിയ വമ്പിച്ച ധനം സക്കാരിലേക്കുതന്നെ പിടിച്ചെടുക്കപ്പെട്ടെങ്കിലോ എന്നുവിചാരിച്ചു് ഓടിപ്പോയ്ക്കളഞ്ഞു. പിന്നെയുള്ളതു് സേനാപതിയുടെ അനുജൻ ഭാഗുരായണനാണു്. അവൻ മുമ്പുതന്നെ പവ്വതേശ്വരനുമായുണ്ടായ സ്നേഹം നിമിത്തം, താങ്കളുടെ പിതാവിനെ കൊല്ലിച്ചതു ചാണക്യനാണെന്നു മലയകേതുവിനെ ഗൂഢമായിപ്പറഞ്ഞു ഭയപ്പെടുത്തിക്കൊണ്ടു് ഇവിടെനിന്നും രക്ഷപ്പെടുത്തി. അതിനുശേഷം താങ്കൾക്കു് അപകാരം ചെയ്യുന്നവരിൽപ്പെട്ട ചന്ദനദാസൻ മുതലായവരെ പിടിച്ചു് ബന്ധനത്തിൽ വെക്കുന്നതു് കണ്ടപ്പോൾ സ്വദോഷശങ്കയാൽ, തന്നേയും പിടിച്ചേക്കുമോയെന്നു് ഭയന്നു് ആത്മരക്ഷക്കുവേണ്ടി മലയകേതുവിനെച്ചെന്നാശ്രയിച്ചു. മലയകേതുവാകട്ടെ, തനിക്കു് പ്രാണരക്ഷ നൽകിയ സുഹൃത്തിനെ കൃതജ്ഞതാപൂവ്വം സ്വീകരിച്ചു് മന്ത്രിപദവും നൽകി അനുഗ്രഹിച്ചു. പിന്നത്തെ രണ്ടുപേരായ ലോഹിതാക്ഷനും, വിജയവമ്മനും അതിമാനിത്വംകൊണ്ടു എത്രകൊടുത്താലും തൃപ്തിയില്ലാതെ മലയകേതുവിനെത്തന്നെ ചെന്നാശ്രയിച്ചു. ഇതൊക്കെയാണു് ഇവർ ഓടിപ്പോകാനുള്ള കാരണങ്ങൾ.

ചന്ദ്രഗുപ്തൻ:—ഇവരുടെയെല്ലാം അപക്രമണകാരണങ്ങൾ അറിഞ്ഞിട്ടുകൂടി ആയ്യൻ എന്തുകൊണ്ടു് പെട്ടെന്നു്

പ്രതിവിധിയൊന്നും ചെയ്തില്ല?

ചാണക്യൻ:—വൃഷള!, പ്രതിവിധിയൊന്നും ചെയ്യാൻ കഴിഞ്ഞില്ല.

ചന്ദ്രഗുപ്തൻ:—എന്തുകൊണ്ടു്? പ്രാപ്തിയില്ലാഞ്ഞിട്ടോ, പ്രയോജനം കണ്ടിട്ടോ?

ചാണക്യൻ:—ഹും; എങ്ങിനെ പ്രാപ്തിയില്ലാതിരിക്കും? പ്രയോജനം കണ്ടിട്ടുതന്നെയാണു്.

ചന്ദ്രഗുപ്തൻ:—എന്നാൽ ആ പ്രയോജനം കേൾക്കാൻ ആഗ്രഹിക്കുന്നു.

ചാണക്യൻ:—കേൾക്കൂ, മനസ്സിലാക്കുകയും ചെയ്യൂ. ഇങ്ങിനെ വെറുത്തുപോയിട്ടുള്ള ആളുകൾക്കു് പ്രതിവിധി രണ്ടാണു്. അനുഗ്രഹവും, നിഗ്രഹവും. ഉദ്യോഗത്തിൽ നിന്നു നീക്കിയ ഭദ്രഭടപുരുഷദത്തന്മാക്കുള്ള അനുഗ്രഹം അവരെ വീണ്ടും അധികാരത്തിൽ വാഴിക്കുകയാണു് അങ്ങിനെ ചെയ്യുന്നതായാൽ അവരുടെ അശ്രദ്ധ നിമിത്തം രാജ്യത്തിൻെറ പ്രധാനശക്തിയായ അശ്വസൈന്യവും, ഗജസൈന്യവും ക്രമേണ നശിച്ചുപോകാനിടയുണ്ടു്. അത്യാഗ്രഹികളായ ഡിങ്കരാതബലഗുപ്തന്മാക്കു് ഒരു രാജ്യംതന്നെ കൊടുത്താലും സന്തോഷമാവില്ല. അത്തരക്കാരെ അനുഗ്രഹംകൊണ്ടു് എങ്ങിനെ തൃപ്തിപ്പെടുത്തും? ധനലോഭംകൊണ്ടു ഓടിപ്പോയ രാജസേനനേയും, മരണഭയം കൊണ്ടോടിപ്പോയ ഭാഗുരായണനേയും അനുഗ്രഹംകൊണ്ടു തടയുക സാദ്ധ്യമാ

ണോ? ബന്ധുബലത്താൽ മദോന്മത്തരും ദുരഭിമാനികളുമായ ലോഹിതാക്ഷനും വിജയവമ്മാവുമാണോ പിന്നെ അനുഗ്രഹംകൊണ്ടു തൃപ്തിപ്പെടുന്നതു്? ഇങ്ങിനെയാണു് അനുഗ്രഹത്തിന്റെ നില. ഇനി നിഗ്രഹത്തെപ്പററി ചിന്തിക്കാം. പെട്ടെന്നു നന്ദസാമ്രാജ്യത്തെ കീഴടക്കിയ നാം അധികാരത്തിലിരുന്ന ഉദ്യോഗസ്ഥന്മാരെയെല്ലാം കഠിനമായി ശിക്ഷിക്കുന്നതായാൽ നന്ദാനുരക്തന്മാരായ പ്രജകൾ മുഴുവനും ക്ഷോഭിക്കുവാനിടയുണ്ടു്. അതിനാൽ പ്രജകൾക്കു് നമ്മോടു വെറുപ്പും വിദ്വേഷവും വദ്ധിക്കുവാനാണു് വഴിയുള്ളതെന്നുകണ്ടു് നിഗ്രഹം ചെയ്യുന്നതു് അനുചിതവും ആപത്തുമാണെന്നുകരുതി മനഃപൂവ്വം ഉപേക്ഷിച്ചതുതന്നെയാണു്. അങ്ങിനെ നമ്മളിൽനിന്നു അകന്നുപോകുന്ന പ്രജകളെ കൂട്ടിയിണക്കി, രാക്ഷസന്റെ പ്രവണമായ ഉപദേശത്തോടും മഹത്തായ സൈന്യബലത്തോടും കൂടി പിതൃവധംകൊണ്ടുരിശംകേറിയ മലയകേതു നമ്മെ ആക്രമിക്കുവാൻ ഒരുങ്ങിയിരിക്കയാണു്. ഈ ആപൽഘട്ടത്തിൽ, പ്രാകാരങ്ങൾപണിതു് പടയൊരുക്കുവാൻ ഒരുങ്ങിപ്പുറപ്പെടേണ്ടു ഈ കാലഘട്ടത്തിൽ— ഉത്സവം കൊണ്ടാടുന്നതു് ആപൽക്കരമാണെന്നു കരുതിക്കൂട്ടിത്തന്നെ തടഞ്ഞിട്ടുള്ളതാണു്.

ചന്ദ്രഗുപ്തൻ:—ആൎയ്യ! എനിക്കിതിൽ വളരെ ചോദിക്കാനുണ്ടു്.

ചാണക്യൻ:—വൃഷള, യഥേഷ്ടം ചോദിക്കാം. എനിക്കു വളരെ പറയാനുമുണ്ടു്.

ചന്ദ്രഗുപ്തൻ:—ഈ സർവ്വാനർത്ഥത്തിന്നും കാരണഭൂതനായ മലയകേതുവിനെ വിട്ടുപോകാൻ എന്തിന്നനുവദിച്ചു.

ചാണക്യൻ:—ഉപേക്ഷിക്കാതിരുന്നാൽ രണ്ടേഗതിയുള്ളു. ഒന്നുകിൽ വധിച്ചുകളയുക, അല്ലെങ്കിൽ മുമ്പുചെയ്ത വാഗ്ദത്തമനുസരിച്ചു് അർദ്ധരാജ്യം കൊടുക്കുക. നിഗ്രഹിക്കുകയാണെങ്കിൽ, പർവ്വതകനേയും നാം തന്നെയാണു് കൊന്നതെന്ന കൃതഘ്നതയ്ക്കു പാത്രമായിത്തീരും. വാഗ്ദത്തമനുസരിച്ചു് പകുതിരാജ്യം കൊടുക്കുകയാണെങ്കിലോ, പർവ്വതകനെ വധിച്ച കൃതഘ്നതമാത്രം അവശേഷിക്കുകയും ചെയ്യും. അതുകൊണ്ടാണു് മലയകേതുവിൻെറ അപക്രമണത്തിൽ മൌനം കൊണ്ടതു്.

ചന്ദ്രഗുപ്തൻ:—അതങ്ങിനെ ആയിരിക്കാം. എന്നാൽ ഇവിടെത്തന്നെ താമസിച്ചിരുന്ന രാക്ഷസനെ ഉപേക്ഷിച്ചതിന്നു അവിടുന്നു് എന്തു സമാധാനം പറയും?

ചാണക്യൻ:—രാക്ഷസനും അസാധാരണസ്വാമിഭക്തിയുള്ളവനാണു്. അവനെ ഇവിടെത്തന്നെ താമസിക്കുവാൻ അനുവദിക്കുകയാണെങ്കിൽ നന്ദാനുരക്തന്മാരായ പ്രജകളിലും സേനാനായകന്മാരിലും വിശ്വാസമുളവാക്കി ധനം സമ്പാദിച്ചു് ഈ നഗരത്തിൻെറ ഉള്ളിൽ വിപ്ലവമുണ്ടാക്കും. അവനെ ദൂരീകരിച്ചാൽ പുറമേക്കു ശത്രുത്വം വർദ്ധിപ്പിക്കുമെങ്കിലും, മറെറാരു പ്രകാര

ത്തിൽ പണിപ്പെട്ടു വശീകരിക്കാവുന്നതുമാണു്. ഇതു കരുതീട്ടാണു് ഇവനെ ഹൃദയത്തിൽതറച്ച കുററിയേപ്പോലെ പറിച്ചു ദൂരെക്കളഞ്ഞതു്.

ചന്ദ്രഗുപ്തൻ:—ആര്യ! എന്നാൽ എന്തുകൊണ്ടു് ആക്രമിച്ചു കീഴടക്കിയില്ല?

ചാണക്യൻ:—ഇതുരാക്ഷസനാണു്! ആക്രമിച്ചു പിടിക്കുക എളുപ്പമല്ല. അഥവാ ആക്രമിക്കുകയാണെങ്കിൽത്തന്നെ നമ്മുടെ അധികസൈന്യത്തെ നശിപ്പിക്കാനും ഒരുപക്ഷെ സ്വയം നശിക്കാനും ഇടയായേക്കും. അതു രണ്ടുപ്രകാരത്തിലും ദോഷവുമാണു്. രാക്ഷസൻ യുദ്ധം ചെയ്തു വീരസ്വർഗ്ഗം പ്രാപിക്കയാണെങ്കിൽ താദൃശമഹാത്മാവിൻെറ വിയോഗം വൃഷളനും ശ്രേയസ്കരമല്ല. കൂടാതെ പ്രബലമായ സൈന്യശക്തിയെ നശിപ്പിച്ചുകളയുകയാണെങ്കിൽ അതും ദുരന്തദുഃഖപ്രദമാണു്. അതുകൊണ്ടു് ഈ രാക്ഷസനെ കാട്ടാനയെപ്പോലെ ഉപായങ്ങളെക്കൊണ്ടു പിടിച്ചിണക്കേണ്ടിയിരിക്കുന്നു.

ചന്ദ്രഗുപ്തൻ:—ആര്യൻെറ ബുദ്ധിശക്തിയെ ജയിക്കാൻ ഈയുള്ളവൻ ശക്തനല്ല. പക്ഷെ, അമാത്യരാക്ഷസൻ തന്നെയാണിതിൽ അധികം പ്രശംസനീയൻ.

ചാണക്യൻ:—(സകോപം) താനല്ലെന്നുംകൂടിപ്പറയേണ്ടതുണ്ടു്. ഹേ! വൃഷള!, അവനെന്താണു് ചെയ്തിട്ടുള്ളതു്?

ചന്ദ്രഗുപ്തൻ:—കേട്ടാലും, ആ മഹാത്മാവ്—ഈ രാജ്യമാകമാനം നാം ഉപദ്രവാധിച്ച് കീഴടക്കിയതിന്നുശേഷവും, നമ്മുടെ ജയഘോഷണങ്ങളിവിടെ മുഴങ്ങിക്കൊണ്ടിരിക്കുമ്പോഠംകൂടി ഇതേ നഗരത്തിന്നുള്ളിൽ നമ്മെ ധ്വംസിക്കുവാനുള്ള ഗൂഢതന്ത്രങ്ങഠം പ്രവൎത്തിച്ചുകൊണ്ടിരുന്നു. സ്വാമ്യത്ഥമായി ജീവിതമുഴിഞ്ഞിട്ട ആ അമാത്യവൎയ്യൻ കൌശലത്തോടെ നഗരത്തിൽനിന്ന പക്രമിച്ച്, വിശ്വാസ്യന്മാരിൽക്കൂടി വിശ്വാസമൎപ്പിക്കാതെ വീണ്ടും സാമ്രാജ്യസ്ഥാപനത്തിന്നായി അനവരതം പ്രവൎത്തിച്ചു വരികയാണ്. സ്വന്തം നീതിവിഭവങ്ങളാൽ സമ്മോഹനം ചെയ്യപ്പെട്ട പ്രജാസഞ്ചയത്തോടെ നമ്മുടെ വിധ്വംസനത്തിന്ന സമയവും പാൎത്തിരിക്കയാണ്.

ചാണക്യൻ:—(ചിരിച്ചിട്ട്) ഇതെല്ലാം രാക്ഷസൻ ചെയ്തു! പക്ഷെ, വൃഷള, രാക്ഷസൻ ഇതുകൂടി ചെയ്യുമെന്ന് എനിക്കറിയാം. ഞാൻ നന്ദന്മാരെ വധിച്ച് താങ്കളെ സിംഹാസനാരൂഢനാക്കിയതുപോലെ, രാക്ഷസൻ താങ്കളെ നശിപ്പിച്ച് മലയകേതുവിനെ ഈ സിംഹാസനത്തിൽ ആരോപിക്കും.

ചന്ദ്രഗുപ്തൻ:—ഇതു മററൊരാളാണ് ചെയ്തതു്. അങ്ങെക്കെന്തോണിതിൽ?

ചാണക്യൻ:—ഹെ! മത്സരിൻ; ആര് ചെയ്തതാണ്? ഈ രാക്ഷസൻ മിഴിച്ചുനോക്കിക്കൊണ്ടിരിക്കെ, നന്ദന്മാ

രെ ആ സാമ്രാജ്യരത്ന സിംഹാസനത്തിൻെറ സോപാനപരമ്പരകളിൽക്കൂടി വലിച്ചിഴച്ച് താഴെത്തള്ളി ഭസ്മാവശേഷമാക്കിയതാരാണ്? ഈ കൌടില്യൻെറ കോപധൂമം വമിക്കുന്ന കുടിലനേത്രങ്ങളിൽനിന്നു തെറിച്ചു പായുന്ന സ്ഫുലിംഗങ്ങളിൽ നവനന്ദന്മാരെ ശലഭസമാനമാക്കിയതാരാണ്? സകല ശത്രുസംഹാരം ചെയ്തു് ഈ സാമ്രാജ്യമണിപീഠത്തിൽ ഈ മൌര്യനെ പ്രതിഷ്ഠിച്ചതാരാണ്? നന്ദകുലത്തെ ഉന്മൂലനംചെയ്തതിന്നുശേഷമേ ശിഖബന്ധിക്കുകയുള്ളുവെന്ന ഉഗ്രതരവും തീവ്രവുമായ പ്രതിജ്ഞാഭാരത്തെ അക്ഷരംപ്രതി നിറവേററി, ക്രോധംകൊണ്ടു വിറക്കുന്ന കരാംഗുലികളാൽ, ചിതറിക്കിടക്കുന്ന ഈ ശിഖയെ പരാമശിച്ചുകൊണ്ടിരിക്കുന്ന അധൃഷ്യ പ്രഭാവൻ ആരാണ്? ആ രാക്ഷസനോ? ഈ ചണകപുത്രനായ കൌടില്യനോ? വേഗം പറയൂ.

ചന്ദ്രഗുപ്തൻ:—ഇതു മററാരാറുംതന്നെയാണ് ചെയ്തിട്ടുള്ളതു".

ചാണക്യൻ:—ആ! ഹ! ആരാണതു്?

ചന്ദ്രഗുപ്തൻ:—നന്ദകുല വിദ്വേഷിയായ ദൈവം.

ചാണക്യൻ:—ഇത്തരം അജ്ഞാനികളും ദൈവത്തെ മാനിക്കാറുണ്ടോ?

ചന്ദ്രഗുപ്തൻ:—വിജ്ഞാനികൾ ദൈവത്തെ അപമാനിക്കാറുണ്ടോ?

ചാണക്യൻ:—(കോപത്തോടെ) വൃഷള, താങ്കൾ എന്നെ ഭൃത്യനെപ്പോലെ അധഃകരിക്കാൻ ആഗ്രഹിക്കുന്നു. വീണ്ടും ശിഖയെ അഴിക്കുവാൻ എൻെറ കയ്യുഴറുന്നു (കോപംകൊണ്ടു കൈ നിലത്തു ചവിട്ടിയിട്ടു്) വീണ്ടുമൊരു പ്രതിജ്ഞാരോഹണത്തിന്നു എൻെറ കാലുകൾ ചലിക്കുന്നു നന്ദന്മാരുടെ വിനാശംകൊണ്ടു കെട്ടടങ്ങിയ എൻെറ ക്രോധാഗ്നിയെ നീ വീണ്ടും ജ്വലിപ്പിക്കുന്നു

ചന്ദ്രഗുപ്തൻ:— (ആവേശത്തോടെ സ്വഗതം) അല്ല! ആര്യൻ യഥാൎത്ഥമായിത്തന്നെ കോപിച്ചിരിക്കുമോ? ക്രോധംകൊണ്ട് ഇദ്ദേഹത്തിൻെറ പുരികങ്ങൾ വിറക്കുന്നു. കലങ്ങിച്ചുകന്ന കണ്ണിൽനിന്നു സ്ഫുലിംഗങ്ങൾ തെറിക്കുംപോലെ തോന്നുന്നു. പുകച്ചുരുളുകൾ പോലെ ഉയൎന്നുനില്ക്കുന്ന ആ ഭ്രുകുടികളെ അതു ജ്വലിപ്പിക്കുകയാണു്. പരമശിവൻെറ സംഹാരതാണ്ഡവം പോലെ ഈ പാദഘാതം ഭൂമി കുലുക്കുന്നു.

ചാണക്യൻ:—(ക്രോധം അടക്കിയിട്ടു്) വൃഷള, വൃഷള, അന്യോന്യം വാദിച്ചിട്ടു ഫലമില്ല രാക്ഷസനാണെന്നോക്കാൾ യോഗ്യനായിതോന്നുന്നതെങ്കിൽ ഇതാ, ഈ വാൾ അദ്ദേഹത്തിന്നു കൊടുക്കുക.

(വാൾ വലിച്ചെറിഞ്ഞു് ആകാശത്തിൽ ദൃഷ്ടിയുറപ്പിച്ചു് ആത്മഗതം) രാക്ഷസാ! ഹേ! രാക്ഷസ! ഈ ചാണക്യബുദ്ധിയേ ജയിക്കാനുള്ള നിൻെറ ബുദ്ധിപ്രകർഷമിതാണല്ലേ? കൊള്ളാം! ചാണക്യനിൽനിന്നു

ഭിന്നിച്ച മൌൎയ്യനെ എളുപ്പത്തിൽ ജയിക്കാമെന്ന വ്യാമോഹത്താൽ നീ ചെയ്ത യത്നങ്ങളെല്ലാം, ഹേ, ശഠ, എൻെറ ഭോഷത്തിന്നായിത്തന്നെ ഇതാ വന്നു ചേരുന്നു.

(പോകുന്നു)

ചന്ദ്രഗുപ്തൻ:—ആൎയ്യ, വൈഹീനരെ, ഇനി മുതൽ ചാണക്യനെ കൂടാതെ ചന്ദ്രഗുപ്തൻ സ്വയംതന്നെ രാജ്യകാൎയ്യങ്ങളിൽ പ്രവൎത്തിക്കുന്നതാണെന്നു് പ്രജകളെ അറിയിക്കൂ.

കഞ്ചുകി:—(ആത്മഗതം) എന്താണിതു്? വിശേഷണമായ ആൎയ്യൻ എന്നു ചേൎക്കാതെ വെറും ചാണക്യൻ എന്നു മാത്രം! ഹാവൂ! അധികാരം ലഭിച്ചുവല്ലോ! അല്ലെങ്കിൽ ഈ കാൎയ്യത്തിൽ കുററക്കാരൻ ദേവനല്ല—എന്തുകൊണ്ടു്? രാജാവു് മന്ത്രിയെ ആദരിച്ചില്ലെങ്കിൽ അതു മന്ത്രിയുടെ ദോഷമാണു്; രാജാവിൻെറയല്ല. മദമിളകിയ ആനയുടെ സ്വാച്ഛന്ദ്യഗതി ദുഷ്ടമായിത്തീരുന്നുണ്ടെങ്കിൽ അതു പ്രമാദംകൊണ്ടു മാത്രമാണു്.

ചന്ദ്രഗുപ്തൻ:—ആൎയ്യ; എന്താണാലോചിക്കുന്നതു്?

കഞ്ചുകി:—ദേവ; ഒന്നുമില്ല. ഭാഗ്യത്താൽ ദേവൻ ഇപ്പോഠം ദേവനായിത്തീൎന്നു.

ചന്ദ്രഗുപ്തൻ:—(ആത്മഗതം) ഈ ചെയ്ത പ്രവൃത്തിയിൽ നിന്നു് ആൎയ്യൻെറ ഉദ്ദേശം സഫലമായിത്തീരട്ടെ. (പ്രകാശം) ശോണോത്തരെ! ഈ ശുഷ്കകലഹം

കൊണ്ടു് എനിക്കു് തലവേദനവന്നു. കിടപ്പറയിലേക്കു വഴി കാട്ടു.

പ്രതീഹാരി:—ഇതാ, ഇതിലെതന്നെ എഴുന്നള്ളാം.

ചന്ദ്രഗുപ്തൻ:—(ആത്മഗതം) ആര്യന്റെ കല്പനപ്രകാരം തന്നെയാണു് ഞാനിഗൌരവം ലംഘിച്ചതും കൃത്രിമം നടിച്ചതും. എന്നിട്ടും ലജ്ജ എന്റെ ഹൃദയം പിളക്കുന്നു. അപ്പോൾ സത്യമായി ഗുരുഭൃതന്മാരെ അതിവർത്തിച്ചിട്ടുള്ള ശിഷ്യരുടെ നിലയെന്തായിരിക്കും?

(എല്ലാവരും പോകുന്നു.)

മൂന്നാമങ്കം സമാപ്തം.

---

## അങ്കം 4.

### ദൃശ്യം 1

(ഒരു വഴിയാത്രക്കാരൻ പ്രവേശിക്കുന്നു)

യാത്രക്കാരൻ:—ആശ്ചര്യം! ആശ്ചര്യം! ഹാവൂ! ഒരു വിധത്തിൽ കടന്നിങ്ങു പോന്നു. രാജകല്പന വളരെ കശ്നമാണു്. അങ്ങോട്ടുമിങ്ങോട്ടുമുള്ള ഗതാഗതത്തിന്റെ ബുദ്ധിമുട്ടു് ചില്ലറയല്ല. ആ നഗരത്തിന്റെ അതൃത്തിയിൽനിന്നു വിട്ടുപോരാൻ ഞാൻ പെട്ട പാടു്! ഹാവൂ! (ക്ഷീണം നടിക്കുന്നു.) ഇനി അമാത്യന്റെ അടുത്തുചെന്നു് വിവരം അറിയിക്കുകതന്നെ. ഏയ്!

ഇവിടെ ദ്വാരപാലകന്മാരാരുമില്ലെ? ചെന്നു അമാത്യനെ അറിയിക്കൂ; പാടലീപുത്രത്തിൽനിന്നു കരഭകൻ വന്നിട്ടുണ്ടെന്നു്.

(ഒരു പാറാവുകാരൻ പ്രവേശിക്കുന്നു)

പാറാവുകാരൻ:—എടോ? പതുക്കെ സംസാരിക്കൂ. കാൎയ്യചിന്തയാൽ ഉറക്കമിളച്ച അമാത്യൻ തലവേദനനിമിത്തം ഇപ്പോഴും കിടക്കയിൽനിന്നു എഴുന്നേററിട്ടില്ല. കുറച്ചു താമസിക്കൂ. ഞാൻ സമയംപോലെ വന്നവിവരം അറിയിക്കാം.

യാത്രക്കാരൻ:—സ്നേഹിതാ! അങ്ങിനെയാവട്ടെ. (ഒരിടത്തിരിക്കുന്നു)

(കിടപ്പറയിൽ രാക്ഷസൻ ശകടദാസനുമായി കാൎയ്യാലോചനയിൽ മുഴുകിയിരിക്കുന്നു.)

രാക്ഷസൻ:—(ആത്മഗതം) കാൎയ്യാരംഭംമുതൽ നമ്മുടെ സകല പ്രവൃത്തികൾക്കും ദൈവത്തിൻെറ പ്രതികൂലഭാവത്തേയും, ചാണക്യനീതിയുടെ കുടിലതയേയുംകുറിച്ചു് ആലോചിച്ച് രാത്രി തീരെ ഉറങ്ങിയിട്ടില്ല. അങ്ങിനെ കണ്ണൊന്നടക്കാതെതന്നെ രാത്രിയും പുലൎന്നു. എൻെറ സകലവിധ തന്ത്രങ്ങളേയും മനസ്സിലാക്കി അപ്പപ്പോൾ അതിൻെറ പ്രതിവിധിചെയ്യുന്ന ചാണക്യൻെറ ബുദ്ധിശക്തിയേക്കുറിച്ചാലോചിക്കുമ്പോൾ അത്ഭുതം തോന്നുന്നു. എങ്കിലും ഉദ്യമം ഉപേക്ഷിക്കാറായിട്ടില്ല.

പാറാവുകാരൻ:—അമാത്യൻ, ജയിക്കട്ടെ-.

രാക്ഷസൻ:—എന്താണ് പറയാൻ ഉദ്ദേശിക്കുന്നതു്?

പാറാവു:—അമാത്യ, കരഭകൻ പുറത്തു കാത്തിരിക്കുന്നുണ്ടു്.

രാക്ഷസൻ:—വേഗത്തിൽ പ്രവേശിപ്പിക്കൂ.

(പോയി കരഭകനുമായി പ്രവേശിക്കുന്നു.)

കരഭകൻ:—ആര്യ! നമസ്തേ.

രാക്ഷസൻ:—നമസ്തേ! ഇരിക്കൂ.

കരഭകൻ:—അവിടുത്തെ കല്പനപോലെ. (നിലത്തിരിക്കുന്നു.)

രാക്ഷസൻ:—(ആത്മഗതം) ഇവനെ ഏതു കാര്യത്തിന്നായിട്ടാണ് നിയോഗിച്ചയച്ചിട്ടുള്ളതെന്നു് പല കാര്യങ്ങളുടെയും തിരക്കിൽ മറന്നുപോയി. (ആലോചിക്കുന്നു.)

## ദൃശ്യം 2.

(രംഗത്തിൻെറ മറെറാരു ഭാഗത്തുകൂടി ഒരു ഹരിക്കാരൻ പ്രവേശിക്കുന്നു.)

ഹരിക്കാരൻ:—ഏയ്! മാറിനില്ക്കുവിൻ, മാറിനില്ക്കുവിൻ. നിങ്ങളെന്താണ് തുറിച്ചുനോക്കിനില്ക്കുന്നതു? വഴിമാറികൊടുക്കുവിൻ. കാണുന്നില്ലേ? മലയകേതുമഹാരാജാവ് അമാത്യനു നല്ല സുഖമില്ലെന്നുകെട്ടു് ഇങ്ങോട്ടെഴുന്നള്ളുന്നുണ്ടു്. മാറിനില്ക്കുവിൻ-മാറിനില്ക്കുവിൻ (പോകുന്നു.)

(ഭാഗുരായണൻ, കഞ്ചുകി, എന്നിവരാൽ അനുഗമിച്ചുകൊണ്ടു മലയകേതു പ്രവേശിക്കുന്നു.)

മലയകേതു:—(ആത്മഗതം) പിതാവു് ദിവംഗതനായിട്ടു് ഇന്നേക്കു് മാസം പത്തു കഴിഞ്ഞു. അദ്ദേഹത്തിന്നു നിവാപാഞ്ജലിപോലും ഈ വൃഥാഭിമാനിയായ പുത്രൻ നല്കിയിട്ടില്ല. അതിന്നുള്ള പ്രതിജ്ഞ ഇനിയും നിർവ്വഹിച്ചിട്ടില്ല. അദ്ദേഹത്തിന്റെ വിയോഗത്തിൽ മാറത്തടിച്ചു് രത്നമാലകൾ പൊട്ടിച്ചിതറി, ഉത്തരീയാംശുകം അഴിഞ്ഞുലഞ്ഞു് വെറും നിലത്തുവീണുരുണ്ടു് പൊടിപററിയ അളകാവലിയുമായി ആർത്തനാദംചെയ്ത ആ മാതൃജനങ്ങളുടെ മുമ്പിൽവെച്ചു്, ഈ ദയനീയമായ അവസ്ഥാന്തരം ശത്രുസ്ത്രീകളിലും വരുത്തിവെച്ചതിന്നു ശേഷമല്ലാതെ പിതാവിന്റെ ഉദകക്രിയ ചെയ്യുകയില്ലെന്നു ഞാൻ പ്രതിജ്ഞചെയ്തു. എന്നാണെനിക്കു പിതാവിനെപ്പോലെ പോർക്കളത്തിലിറങ്ങി, ശത്രുക്കളെ വിധ്വംസനം ചെയ്തു് അവരുടെ പ്രേയസികളുടെ ബാഷ്പപ്രവാഹത്താൽ എന്റെ മാതാക്കളുടെ കണ്ണീർ വററിക്കാൻ സാധിക്കുക? ജഗദീശ്വര! (പ്രകാശം) ആര്യ! ഈ പരിവാരങ്ങളെയെല്ലാം തിരിച്ചയച്ചേക്കു. വെറുതെ അനുഗമിച്ചു് ബുദ്ധിമുട്ടേണ്ടെന്നു പറയൂ. താങ്കൾക്കും മടങ്ങിപ്പോകാം. ഭാഗുരായണൻ മാത്രം എന്നെ അനുഗമിച്ചുകൊള്ളട്ടെ.

കഞ്ചുകി:—കല്പനപോലെ. (പോകുന്നു.)

മലയകേതു:—സഖെ; ഭാഗുരായണ! ഇവിടെ ആദ്യമായി വന്നപ്പോൾ ഭദ്രഭടപ്രഭൃതികൾ അന്നു പറയുക

യുണ്ടായി; ഞങ്ങളെല്ലാം ദുഷ്ടമന്ത്രിസംസൎഗ്ഗത്താൽ അധഃപതിച്ച ചന്ദ്രഗുപ്തനെ വെറുത്തു ഇവിടത്തെ ആശ്രിതന്മാരായി വന്നിട്ടുള്ളതു് അമാത്യരാക്ഷസൻ മുഖേനയല്ല; സേനാപതിയായ ശിഖരകൻ മുഖേനയാണു്, എന്നു്. എത്ര ആലോചിച്ചിട്ടും എനിക്കിതിന്റെ താല്പൎയ്യമെന്താണെന്നു മനസ്സിലായില്ല.

ഭാഗുരായണൻ:—കുമാര! അതിലെന്താണു് മനസ്സിലാകാതിരിക്കത്തക്കവണ്ണം ഒന്നുള്ളതു്? ഗുണസമ്പന്നനും വിജിഗീഷുവുമായ അവിടത്തേ ആശ്രയിക്കുന്നതും അവിടത്തേക്കു് ഏററവും പ്രിയനും ഹിതകാരിയുമായ ഒരാൾ മുഖേനയാണെന്നുവരുന്നതു യുക്തമാണല്ലോ?

മലയകേതു:— എനിക്കേററവും പ്രിയനും ഹിതനുമായിട്ടുള്ളതു് അമാത്യരാക്ഷസൻ തന്നെയല്ലേ?

ഭാഗുരായണൻ:—അതെ; - പക്ഷെ, അമാത്യരാക്ഷസനു ചാണക്യൻ മാത്രമാണു് പരമശത്രു. അല്ലാതെ ചന്ദ്രഗുപ്തനല്ല. എന്നുവരുമ്പോൾ എപ്പോഴെങ്കിലും അധികാരപ്രമത്തത നിമിത്തം ചാണക്യനെ മന്ത്രിപദത്തിൽനിന്നു നീക്കുകയാണെങ്കിൽ, സുഹൃജ്ജനങ്ങൾ അപേക്ഷിച്ചാൽ, രാക്ഷസൻ നന്ദകുലത്തോടുള്ള ഭക്തിനിമിത്തം വീണ്ടും ചന്ദ്രഗുപ്തനെ പ്രാപിക്കാൻ ഇടയുണ്ടു്. പൂൎവ്വന്മാരുടെ മന്ത്രിയല്ലെ, എന്നു കരുതി ചന്ദ്രഗുപ്തൻ ആയതു സ്വീകരിക്കുവാനും എളുപ്പമുണ്ടു്. അങ്ങിനെയാകുമ്പോൾ കുമാരനു അവരിൽ അവിശ്വാസം തോന്നാതിരിക്കണം എന്നു മാത്രം

കരുതി അവരിങ്ങിനെ പറഞ്ഞതായിരിക്കണം; എന്നു ഞാൻ വിചാരിക്കുന്നു.

മലയകേതു:—ശരി; അതങ്ങിനെതന്നെ ആയിരിക്കാം. നമുക്ക് അമാത്യനെതന്നെ ചെന്നുകാണുകയല്ലേ?

ഭാഗുരായണൻ:—അതെ, ഇതിലെ എഴുന്നള്ളാം.

(രണ്ടാളും പ്രവേശിക്കുന്നു.)

ഭാഗുരായണൻ:—ഇതാണമാത്യഗൃഹം. പ്രവേശിച്ചാലും.

മലയകേതു:—പ്രവേശിക്കതന്നെ.

## ദൃശ്യം 3

(രണ്ടുപേരും രാക്ഷസൻെറ മുമ്പിൽ ചെല്ലാതെ മറഞ്ഞുനില്ക്കുന്നു)

രാക്ഷസൻ:—(ആത്മഗതം) ആ! ഓർമ്മിക്കുന്നു. (പ്രകാശം) എടോ, കരഭകാ താങ്കൾ കുസുമപുരത്തിൽ ചെന്ന് സ്തനകലശനെ കണ്ടുവോ?

കരഭകൻ:—അതെ, കണ്ടു.

മലയകേതു:—ഭാഗുരായണ, കുസുമപുരത്തിലെ കഥയാണ് പറയുന്നത്. നമുക്കങ്ങോട്ടു പ്രവേശിക്കേണ്ട. ഇവിടെ മറവിൽനിന്നുകൊണ്ടു ശ്രദ്ധിച്ചാൽ മതി. എന്തുകൊണ്ടെന്നുവെച്ചാൽ രാജാക്കന്മാരുടെ മുമ്പിൽ, മനസ്സിന്നു അസുഖമായേക്കുമോ എന്നു ശങ്കിച്ച് മന്ത്രിമാർ കാര്യങ്ങൾ തുറന്നുപറയുകയില്ല. അതിനാൽ ഈ സൈ്വരസംഭാഷണങ്ങൾ കേൾക്കുകയാണുചിതം.

ഭാഗുരായണൻ:—കുമാരൻ കല്പിക്കുംപോലെ.

രാക്ഷസൻ:—എന്നിട്ട്? കാൎയ്യം സാധിച്ചുവോ!

കരഭകൻ:—അമാത്യപ്രസാദത്താൽ ഒരുവിധം സാധിച്ചു.

മലയകേതു:—ഭാഗുരായണ!, എന്തായിരിക്കും ആ കാൎയ്യം?

ഭാഗുരായണൻ:—കുമാര, രാജ്യകാൎയ്യങ്ങൾ ഗഹനമാണ്. ഇത്രയുംകൊണ്ടറിയാൻ സാധ്യമല്ല. അങ്ങോട്ട് ശ്രദ്ധിക്കുക.

രാക്ഷസൻ:—എന്നാൽ അതു വിസ്തരിച്ചു പറയൂ.

കരഭകൻ:—അവിടുത്തെ കല്പനപ്രകാരം ഞാൻ കുസുമപുരത്തിൽച്ചെന്നു. ചാണക്യനാൽ ആജ്ഞാഭംഗപ്പെടുത്തുമ്പോഴെല്ലാം, വ്യാകുലപ്പെടുന്ന ചന്ദ്രഗുപ്തനെ ഉത്തേജനസമൎത്ഥകങ്ങളായ സ്തുതിഗീതങ്ങളെക്കൊണ്ട് വീണ്ടും ഉന്മേഷപ്പെടുത്തുവാൻ വൈതാളികനായ സ്തനകലശനെ ഏല്പിച്ചു.

രാക്ഷസൻ:—എന്നിട്ടോ?

കരഭകൻ:—അപ്പോൾ അവിടെ നന്ദരാജാക്കന്മാരുടെ വിയോഗത്തിൽ ദുഃഖിക്കുന്ന പൌരജനങ്ങളെ സന്തോഷിപ്പിക്കുവാൻവേണ്ടി രാജാവു് കൌമുദീമഹോത്സവം കൊണ്ടാടുവാൻ കല്പന കൊടുത്തിരുന്നു. പണ്ടുപണ്ടെ ആഘോഷിച്ചുവന്നതും ഏറെക്കാലമായി മുടങ്ങിക്കിടന്നിരുന്നതുമായ ആ ഉത്സവം അഭിമതവധൂസമാഗമം പോലെ ജനങ്ങളെ അത്യന്തം ആഹ്ലാദിപ്പിച്ചു.

രാക്ഷസൻ:—(സബാഷ്പം) ഹാ! ദേവ! നന്ദ! സകലലോക സമാഹ്ലാദകാരിയായ കൃപചന്ദ്രനില്ലാതെ കേവലം കുമുദങ്ങളെ മാത്രം രസിപ്പിക്കുന്ന ഈ ചന്ദ്രഗുപ്തൻ നടത്തുന്ന കൌമുദീമഹോത്സവം എന്തൊരു മഹോത്സവമാണു്. കഷ്ടം!

കരഭകൻ:—അപ്പോറം ജനങ്ങളുടെ ആഹ്ളാദപ്രകടനങ്ങളം വകവെക്കാതെ ചാണക്യൻ അതങ്ങു് മുടക്കി. അതു നിമിത്തം നിരാശയിലാണ്ട ചന്ദ്രഗുപ്തനെ ഉത്തേജകങ്ങളായ ഗീതങ്ങളെക്കൊണ്ടു് സ്തനകലശൻ ഉന്മേഷഭരിതനാക്കിത്തീർത്തു.

രാക്ഷസൻ:—എന്തായിരുന്നു ആ ഗീതം? (കരഭഗൻ ആ ഗീതം പാടി കേൾപ്പിക്കുന്നു.)

"..........................................................................."

രാക്ഷസൻ:—(സഹർഷം) അസ്സലായിട്ടുണ്ടു്! സ്തനകലശ! കാലത്തിൽത്തന്നെയാണു് നീ ഭേദബീജം വിതച്ചതു് അതു് സദൃശഫലംതന്നെ വിളയിക്കും. എന്തുകൊണ്ടു്? വിനോദരസം ഭംഗപ്പെട്ടെന്നു് നശിപ്പിച്ചാൽ പ്രാകൃതനും കൂടി സഹിക്കുകയില്ല. പിന്നെയാണോ ലോകാധികചൈതന്യമുള്ള ഒരു രാജാവു്!

മലയകേതു:—അതു വാസ്തവമാണു്.

രാക്ഷസൻ:—പിന്നെ എന്താണുണ്ടായതു്?

കരഭകൻ:—പിന്നെ ആജ്ഞാഭംഗത്താൽ കോപിഷ്ഠനായിത്തീർന്ന ചന്ദ്രഗുപ്തൻ പ്രസംഗവശാൽ അമാത്യന്റെ

ഗുണങ്ങളെ പ്രശംസിക്കുകയും, ചാണക്യനെ അധികാരത്തിൽ നിന്നു നീക്കംചെയ്യുകയും ചെയ്തു.

മലയകേതു:— ഭാഗുരായണ; ഈ ഗുണപ്രശംസകൊണ്ട് ചന്ദ്രഗുപ്തന്നു രാക്ഷസനിലുള്ള ഭക്തി പക്ഷപാതം സ്പഷ്ടമായി.

ഭാഗുരായ:— കേവലം ഗുണപ്രശംസകൊണ്ടു മാത്രമല്ല; ചാണക്യനെ ഉപേക്ഷിച്ചതുകൊണ്ടും—

രാക്ഷസൻ:— ചന്ദ്രഗുപ്തൻ ചാണക്യനോടു കോപിക്കുവാൻ ഉള്ള കാരണം കൌമുദീമഹോത്സവം മുടക്കിയതുമാത്രമാണോ? വേറെയും വല്ലതുമുണ്ടോ?

മലയകേതു:— സഖെ; ചന്ദ്രഗുപ്തൻെറ മററു കാരണങ്ങൾ അന്വേഷിച്ചിട്ട് ഇദ്ദേഹത്തിന്നെന്താണാവശ്യം?

ഭാഗുരായണൻ:— കുമാരാ; ബുദ്ധിമാനായ ചാണക്യൻ പ്രയോജനം കാണാതെ ചന്ദ്രഗുപ്തനോടു കോപിക്കയില്ല. കാൎയ്യവേദിയായ ചന്ദ്രഗുപ്തനും, തക്കതായ കാരണമില്ലാതെ ഗൌരവം ലംഘിക്കയുമില്ല. ഏതായാലും ഇവരുടെ വിയോജിപ്പിന്നു അതിപ്രധാനമായ ഒരു കാരണമുണ്ട്. ആ പ്രധാന കാരണത്തിന്മേലാണിവർ വേർപിരിയുന്നതെങ്കിൽ അതു് എന്നെന്നേയ്ക്കുമായുള്ള വേർപാടാണതാനും. സംശയമില്ല.

കരഭകൻ:— കോപകാരണങ്ങൾ വേറെയുമുണ്ട്. നഗരംവിട്ടു പോരുന്ന അമാത്യരാക്ഷസനെയും മലയകേതുവിനെയും ചാണക്യൻ ഉപേക്ഷിച്ചുകളഞ്ഞുവെന്നാണ് മറെറാന്നു്.

രാക്ഷസൻ:—ശകടദാസ; ചന്ദ്രഗുപ്തൻ എൻെറ കയ്യിൽ വന്നുചേരും. ചന്ദനദാസനെ സകുഡുംബം മോചിപ്പിക്കുവാനും താങ്കൾക്ക് സ്വതന്ത്രനായി ഭാൎയ്യാപുത്രന്മാരോടു സമ്മേളിക്കുവാനും അധികം താമസിയാതെ സാധിക്കും.

മലയകേതു:—ഭാഗുരായണ; ചന്ദ്രഗുപ്തനെ കയ്യിൽ കിട്ടുമെന്നു പറഞ്ഞതിൻെറ അൎത്ഥമെന്താണ്?

ഭാഗുരായണൻ:—മറെറാന്നുമല്ല; ചാണക്യനിൽനിന്ന് വേർപിരിഞ്ഞാൽ ചന്ദ്രഗുപ്തനെ വധിച്ചിട്ടു യാതൊരു പ്രയോജനവുമില്ല. അതുതന്നെ.

രാക്ഷസൻ:—അധികാരഭ്രഷ്ടനായ ചാണക്യൻ ഇപ്പോൾ എവിടെയാണ് ?

കരഭകൻ:—പാടലീപുത്രത്തിൽതന്നെ എവിടെയോ ഒരിടത്തു താമസിക്കുന്നുണ്ട്.

രാക്ഷസൻ:—(ആശ്ചൎയ്യത്തോടെ) എന്തു്? അവിടെത്തന്നെ താമസിക്കുന്നുണ്ടോ? വല്ല തപോവനത്തിലോ മററോ പോവുകയോ; വീണ്ടും പ്രതിജ്ഞചെയ്യുകയോ ഒന്നും ഉണ്ടായില്ലേ?

കരഭകൻ:—തപോവനത്തിലേക്കു യാത്രയുണ്ടെന്നു കേട്ടു.

രാക്ഷസൻ:—ശകടദാസ; ഇതു ചാണക്യൻ സഹിക്കുമെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ മുമ്പ് ദേവേന്ദ്രതുല്യനായ ആനന്ദൻ അഗ്രാസനത്തിൽനിന്നു പിടിച്ചു

തഴച്ചിയപ്പോൾ ആ പരാഭവംപോലും സഹിക്കാത്ത ഈ ചാണക്യനുണ്ടോ സ്വന്തം കൈകൊണ്ടുയത്തിയ ഒരു രാജാവിൻെറ ധിക്കാരം സഹിക്കുന്നു? ഒരിക്കലുമില്ല.

മലയകേതു:—എടോ, ഭാഗുരായണ, ചാണക്യൻ വീണ്ടും പ്രതിജ്ഞചെയ്താലോ, വനത്തിൽപോയാലോ ഇദ്ദേഹത്തിന്നെന്താണു് കായ്യലാഭം?

ഭാഗുരായണൻ:—അതു സ്പഷ്ടമല്ലേ? ചാണക്യനിൽനിന്നു ചന്ദ്രഗുപ്തൻ എത്രത്തോളം അകലുന്നുവോ, അത്രത്തോളം ഇദ്ദേഹത്തിന്നു കായ്യലാഭവുമുണ്ടല്ലൊ?

ശകടദാസൻ:—അതു വാസ്തവമാണു്. മറെറാരു പ്രകാരത്തിൽ വരാൻ തരമില്ല. രാജാക്കന്മാരുടെ ചൂഡാമണിമയൂഖങ്ങളാൽ ദ്വിഗുണിത ദ്യുതിയായ സാമ്രാജ്യസിംഹാസനത്തിൽ വാഴുന്ന മൌയ്യൻ ഈ ആജ്ഞാവിഘാതം സവ്വഥാ സഹിക്കുകയില്ല. കൌടില്യനാകട്ടെ കോപാക്രാന്തനായിരുന്നാൽകൂടി ബഹുവിധ ക്ലേശപൂണ്ണമായ ദുസ്തരപ്രതിജ്ഞ ദൈവാധീനത്താൽ ഒരുവിധം നിവ്വഹിച്ചതേയുള്ളു. ഇനി അത്തരം ഒരു ഭീകരപ്രതിജ്ഞ സ്വയം തലയിലേററാൻ ധൈയ്യപ്പെട്ടുമെന്നും തോന്നുന്നില്ല.

രാക്ഷസൻ:—അതും ശരിയാണു്. ശകടദാസ, ഇനി ഈ കരഭകനെക്കൊണ്ടുപോയി വിശ്രമിപ്പിക്കൂ.

ശകടദാസൻ:— അങ്ങിനെതന്നെ (കരഭകനോടുകൂടിപ്പോകുന്നു.)

രാക്ഷസൻ:—മലയകേതു കുമാരനെ ഒന്നു കണ്ടാൽക്കൊള്ളാമെന്നാഗ്രഹമുണ്ട്.

മലയകേതു:—ഞാനു ഇതാ അവിടുത്തെ കാണാൻവേണ്ടിത്തന്നെ ഇങ്ങോട്ടു വന്നിരിക്കയാണ്.

(മുമ്പിലേക്കു പ്രവേശിക്കുന്നു.)

രാക്ഷസൻ:—(കണ്ടതായി നടിച്ച്) അല്ല; കുമാരൻ വന്നിരിക്കുന്നു.! (എഴുന്നേററിട്ട്) ഇതാ ആസനം. ഇവിടെ ഇരിക്കണം.

മലയകേതു:—ഇരിക്കാം. ആര്യനും ഇരിക്കണം.

(രണ്ടുപേരും ഇരിക്കുന്നു) എങ്ങിനെയിരിക്കുന്നു തലവേദന? ആശ്വാസമുണ്ടോ?

രാക്ഷസൻ:—കുമാര; അധിരാജശബ്ദംകൊണ്ടു കുമാരനെ വിശേഷിപ്പിക്കാതിരിക്കുവോളം എൻെറ തലവേദനക്കെങ്ങിനെയാണ് ആശ്വാസം ലഭിക്കുക?

മലയകേതു:—അതിന്നൊരുങ്ങികഴിഞ്ഞാൽ ആര്യന്നു അതു അത്ര ദുഷ്പ്രാപമായ ഒരു കാൎയ്യമല്ല. വേണ്ടത്ര ബലങ്ങളെല്ലാം ഒരുക്കിയിട്ടും ശത്രു വ്യസനത്തെ പ്രതീക്ഷിച്ചുകൊണ്ടു നാം ഇനിയുമെത്ര നാളാണിങ്ങിനെ കാത്തിരിക്കേണ്ടതു്?

രാക്ഷസൻ:—എന്തിന്? ഇനി കാത്തിരിക്കേണ്ട ആവശ്യമില്ല. വിജയം വരിക്കുവാൻ ഉടൻതന്നെ പുറപ്പെട്ടുകൊള്ളണം.

മലയകേതു:—ആൎയ്യ; ശത്രുവ്യസനം വന്നുചേൎന്നുവോ?

രാക്ഷസൻ:—ഉവ്വ്!, വന്നു.

മലയകേതു:—എങ്ങിനെയാണതു്?

രാക്ഷസൻ:—മററെന്താണു്? സചിവ വ്യസനംതന്നെ. ചാണക്യനിൽനിന്നു ചന്ദ്രഗുപ്തൻ വേർപെട്ടിരിക്കുന്നു.

മലയകേതു:—ആൎയ്യ! അപ്പോഠം സചിവവ്യസനംതന്നെയാണു്.

രാക്ഷസൻ:—മററു രാജാക്കന്മാരെ അപേക്ഷിച്ച് നോക്കുമ്പോഠം സചിവ വ്യസനം അത്ര കാൎയ്യമായി ഗണിച്ചുകൂട. പക്ഷെ ചന്ദ്രഗുപ്തന്റെ നില അതല്ല.

മലയകേതു:—ചന്ദ്രഗുപ്തന്റെ പ്രജകഠം അദ്ദേഹത്തോടു വൈരാഗ്യം കാണിക്കുന്നുണ്ടെങ്കിൽ അതിന്നു ഹേതു ചാണക്യനല്ലെ? ആ നിലക്കു ചാണക്യനെ നിരാകരിച്ചാൽ ചന്ദ്രഗുപ്തനെ അദ്ദേഹത്തിന്റെ പ്രജകഠം പൂൎവ്വാധികം സ്നേഹവിശ്വാസങ്ങളോടെ സേവിക്കുകയല്ലേ ചെയ്യുക?

രാക്ഷസൻ:—അതങ്ങിനെയല്ല. അവിടെ പ്രജകളിൽ രണ്ടുതരക്കാരുണ്ടു്. ഒന്നു ചന്ദ്രഗുപ്തസഹോദരദായികഠം. മറെറാന്നു നന്ദകുലഭക്തന്മാർ. അതിൽ ചന്ദ്രഗുപ്തസഹോദരദായികളുടെ വൈരാഗ്യഹേതു ചാണക്യൻതന്നെ. നന്ദാനുരക്തന്മാരായവരെ ഇതു ബാധിക്കുന്നില്ല. അവർ പിതൃകുലംപോലെ സ്നേഹിച്ചു വന്ന നന്ദകുലത്തെ നശിപ്പിച്ച ചാണക്യനോടുള്ള അമൎഷ

ത്തോടെ, വേറെ ഒരാശ്രയമില്ലാത്തതിനാൽ ചന്ദ്രഗുപ്തനെത്തന്നെ അനുവർത്തിച്ച് വരികയുമാണ്. അങ്ങയെപ്പോലുള്ളവർ പ്രതിപക്ഷോദ്ധാരണത്തിന്നായി സൈന്യസമേതം ആക്രമിക്കാനൊരുങ്ങുമ്പോൾ അവരെല്ലാം പെട്ടെന്നു ചന്ദ്രഗുപ്തനെ വിട്ട് അങ്ങയെ വന്നാശ്രയിക്കും. ഇതിന്നു ഞാൻ തന്നെ ഒരു ദൃഷ്ടാന്തമാണല്ലോ?

മലയകേതു:—അമാത്യ; ചന്ദ്രഗുപ്തനെ ആക്രമിക്കുന്നതിന്ന് അനുകൂലമായിട്ട് ഇതൊന്നു മാത്രമേയുള്ളുവോ? അതോ മററു വല്ലതുമുണ്ടോ?

രാക്ഷസൻ:—വേറെയും ധാരാളം ആനുകൂല്യങ്ങൾ ഉണ്ട്. ഇതാണ് അതിപ്രധാനം.

മലയകേതു:—ആര്യ; ഇതെങ്ങിനെയാണ് അതിപ്രധാനമായിത്തീരുക? ചന്ദ്രഗുപ്തൻ മറെറാരു പ്രാപ്തനായ മന്ത്രിയെ നിയമിക്കുവാനോ, താൻതന്നെ നേരിട്ട് കാര്യങ്ങളിൽ പ്രവർത്തിച്ച് പ്രതിവിധിയുണ്ടാക്കുവാനോ അസമർത്ഥനാണോ?

രാക്ഷസൻ:—തീർച്ചയായും അസമർത്ഥനാണ്. സ്വായത്തസിദ്ധിയായ രാജാവാണെങ്കിൽ അങ്ങിനെ സംഭവിക്കുമായിരുന്നു. പക്ഷെ, ഈ ചന്ദ്രഗുപ്തൻെറ സ്ഥിതിയതല്ല. സചിവായത്തസിദ്ധികളിൽകൂടി മാത്രം കാര്യങ്ങൾ നേടുന്നവനും ലോകവ്യവഹാരങ്ങളിൽ പരിജ്ഞാനമില്ലാത്തവനുമായ ഒരു പരതന്ത്രനാണ്. ഇ

ങ്ങിനെയുള്ള രാജാവാണോ പ്രതിവിധാനം ചെയ്യാൻ സമർത്ഥനാകുന്നതു്?

മലയകേതു:—(ആത്മഗതം) ഞാൻ അത്തരമൊരു മന്ത്രിയുടെ അടിമയായിത്തീരാതിരുന്നതു ഭാഗ്യം! (പ്രകാശം) അങ്ങിനെയാണെങ്കിൽ നമുക്കു ശത്രുക്കളുടെ മററു വ്യസനങ്ങൾ ആരായേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇത്തരത്തിൽ ആക്രമിക്കയാണെങ്കിൽതന്നെ നമുക്ക് പൂൎണ്ണവിജയം സിദ്ധിക്കും.

രാക്ഷസൻ:—തീർച്ചയായും പരിപൂൎണ്ണ വിജയംതന്നെ കുമാരന്നു് സിദ്ധിക്കും. അതിന്നു കാരണങ്ങൾ വേറെയും സുലഭങ്ങളാണ്. കുമാരൻെറ സൈന്യശക്തിയാണെങ്കിൽ വമ്പിച്ചതു്. അവിടെയുള്ള ജനങ്ങളെല്ലാം നന്ദന്മാരോടു കൂറും ഭക്തിയും പുലൎത്തുന്നവർ, അധികാരനഷ്ടത്താൽ വിമുഖനായിത്തീൎന്ന ചാണക്യനിൽനിന്നു വിമോചിച്ച് നിരാലംബനായിത്തീൎന്ന ഒരു പുതിയ രാജാവ്; പോരെങ്കിൽമാൎഗ്ഗനിൎദ്ദേശത്തിന്നു് ഈയുള്ളവൻ സ്വാധീനനായിട്ടുമുണ്ടു്. ഇങ്ങിനെ അഭിയോഗ കാരണങ്ങൾ സകലവും സജ്ജമായിരിക്കെ, കുമാരൻെറ കല്പനയും പ്രതീക്ഷിച്ചിരിക്കയാണ്.

മലയകേതു:—അഭിയോഗകാലം ഇതുതന്നെയാണെന്നാണ് ആൎയ്യൻെറ അഭിമതമെങ്കിൽ എന്തിന്നു താമസിക്കുന്നു?—നമ്മുടെ സൈന്യങ്ങളെല്ലാം പാടലിപുത്രത്തെ ലക്ഷ്യമാക്കി പ്രയാണം ചെയ്യട്ടെ; വിദ്യശീഖരങ്ങ

ളിൽത്തട്ടി വർഷിക്കുന്ന മേഘമാലകൾപോലെ, ഗംഭീരഗജ്ജനം മുഴക്കിക്കൊണ്ടു മദജലം പൊട്ടിയൊലിക്കുന്ന നമ്മുടെ വാരണവീരന്മാർ ചെന്നു് നഗരം വളയട്ടെ. (ഭാഗുരായണനോടുകൂടി പോകുന്നു.)

രാക്ഷസൻ:—ആരവിടെ? (പുരുഷൻ പ്രവേശിച്ച്)

പുരുഷൻ:—അമാത്യൻ, ജയിക്കട്ടെ!

രാക്ഷസൻ:—പ്രിയംവദക; ജ്യോതിഷക്കാരിൽ ആരെങ്കിലും പുറത്തുണ്ടോ?

പുരുഷൻ:—ക്ഷപണകനുണ്ടു്.

രാക്ഷസൻ:—(ആത്മഗതം അനിമിത്തം സൂചിപ്പിച്ചിട്ട്) എന്തൊരശുഭം, ആദ്യംതന്നെ ക്ഷപണകൻ!

പുരുഷൻ:—ജീവസിദ്ധി.

രാക്ഷസൻ:—(പ്രകാശം) ബീഭത്സമല്ലാത്ത വേഷത്തിൽ പ്രവേശിപ്പിക്കൂ.

പുരുഷൻ:—അങ്ങിനെ തന്നെ. (പോകുന്നു.)

(പ്രവേശിച്ചിട്ട്)

ക്ഷപണകൻ:—ധമ്മസിദ്ധി ഭവിക്കട്ടെ.

രാക്ഷസൻ:—ജ്യോത്സ്യരെ, നമ്മുടെ പ്രസ്ഥാനത്തിന്നുള്ള നല്ല ദിവസമേതാണെന്നു ആലോചിക്കുക.

ക്ഷപണൻ:—(ആലോചിച്ചിട്ട്.) ഇന്നു പൌർണ്ണമാസി നാല്പത്തഞ്ചു നാഴികയുണ്ടു്. മദ്ധ്യാഹ്നംവരെ കല്ല്യാണകമ്മങ്ങൾക്കൊന്നും തിഥി ശുഭമല്ല. വടക്കുനിന്നു തെ

ക്കോട്ടുള്ള യാത്രക്ക നക്ഷത്രവും അത്ര നന്നല്ല. പ ക്ഷെ സൂൎയ്യാസ്തമനത്തിന്നുശേഷം പൂൎണ്ണചന്ദ്രന്റെ ഉദയത്തിൽ, രാഹുകേതുക്കൾ ഉദയാസ്തമിതന്മാരായി ഭവിക്കും. അപ്പോൾ ലഗ്നത്തിലാണ് ബുധൻ. അതു യാത്രക്ക ശുഭമാണ്.

രാക്ഷസൻ:—ജ്യോത്സ്യരെ! തിഥികൂടി ഗുണകരമല്ലല്ലോ? അപ്പോൾ—

ക്ഷപണകൻ:—ശ്രാവക;

"ഏകഗുണാതിഥിശ്ചതുൎഗ്ഗുണം നക്ഷത്രം ചതുഃഷഷ്ടിഗുണംലഗ്നം." എന്നു പ്രമാണമുണ്ട്. അതുകൊണ്ടു ബുധൻ സൌമ്യഗ്രഹമാകയാൽ തദധിഷ്ഠിതയായ ലഗ്നത്തിന്നു ദോഷമില്ല. ചന്ദ്രൻ ബലവാനുമാണ്. അപ്പോൾ യാത്ര ദീർഘസിദ്ധിയേയും, അഭീഷ്ടഗുണത്തേയും ചെയ്യുന്നതാകയാൽ മുഹൂൎത്തം ശുഭമാണ്.

രാക്ഷസൻ:—ജ്യോത്സ്യരെ, മററു ജോത്സ്യന്മാരോടുംകൂടി ഒന്നാലോചിച്ചുകളയാം.

ക്ഷപണകൻ:—ആലോചിച്ചുകൊള്ളണം. എന്നാൽ ഞാൻ പോകുന്നു.

രാക്ഷസൻ:—എന്താ! ജോത്സ്യർ മുഷിഞ്ഞുവോ?

ക്ഷപണകൻ:—ജ്യോത്സ്യൻ മുഷിഞ്ഞിട്ടില്ല.

രാക്ഷസന്ന:—എന്നാൽ പിന്നെയാരാണ്?

ക്ഷപണകൻ:—ഭഗവാൻ കൃതാന്തൻ; ആത്മപക്ഷം ഉപേക്ഷിച്ച് വരപക്ഷമാണു് അവിടുന്നു പ്രമാണമായി സ്വീകരിക്കുന്നതു്. (പോകുന്നു)

രാക്ഷസൻ:—പ്രിയംവദക; സമയമെത്രയായി; എന്നറിഞ്ഞുവരു.

പ്രിയംവദകൻ:.... സൂൎയ്യൻ അസ്തമിക്കാറായിരിക്കുന്നു.

രാക്ഷസൻ:—(എഴുന്നേററ്) അഹോ സൂൎയ്യൻ അസ്തമിക്കുവാൻ പോകുന്നു; സൂൎയ്യൻെറ ഉദയംമുതല്ക്കു അകമ്പടിക്കാരായ വിശ്വസ്തഭൃത്യന്മാരെപ്പോലെ ഈ ഉദ്യാനവൃക്ഷങ്ങളുടെ ഛായകൾ ബഹുദൂരത്തെ വളരെ വേഗത്തിൽ പിന്നിട്ടുകഴിഞ്ഞു. ഇപ്പോളിതാ അസ്താചലത്തിൽ മറയുന്ന ഭാസ്കരഭഗവാനെ, വിട്ടു അവയെല്ലാം തിരിച്ചുപോന്നിരിക്കുന്നു. ഇതുതന്നെയാണ് ലോകത്തിൻെറയും സ്ഥിതി. വിഗളിതവിഭവനായ സ്വാമി അസ്തപ്രഭനാകുമ്പോൾ സേവകജനങ്ങൾ ഉപേക്ഷിച്ചുപോകുന്നു.

നാലാമങ്കം സമാപ്തം.

—o—

## അങ്കം. 5

### ദൃശ്യം 1

(സിദ്ധാൎത്ഥകൻ, രാക്ഷസൻെറ മുദ്രവെച്ച എഴുത്തും ഒരാഭരണപ്പെട്ടിയുമായി പ്രവേശിക്കുന്നു.

സിദ്ധാൎത്ഥകൻ:—ആശ്ചൎയ്യം! ചാണക്യൻെറ നീതിലത ഉത്തരങ്ങളായ കാൎയ്യഫലങ്ങൾ നിറഞ്ഞ് നിൎഭരമായി ശോഭിക്കുന്നു. ദേശകാലങ്ങളാകുന്ന കലശങ്ങളെക്കൊണ്ട് ബുദ്ധിയാകുന്ന ജലം മുക്കി നനച്ച് വളൎത്തുക

യാൽ അതു് സദൃശഫലങ്ങൾ കാഴ്ചകൊണ്ടേയിരിക്കുന്നു. ആര്യ ചാണക്യൻ ആദ്യമായെഴുതിയ കത്തിൽ രാക്ഷസന്റെ മുദ്രയുംവെച്ചു് എന്റെ കയ്യിൽ കിട്ടിക്കഴിഞ്ഞു. ഈ ആഭരണപ്പെട്ടിമേലും രാക്ഷസന്റെ മുദ്രവെച്ചിട്ടുണ്ടു്. ഇനി പാടലീപുത്രത്തിലേക്കു യാത്രയാണു്. (ദൂരത്തേക്കു് നോക്കിയിട്ടു്) ആ വരുന്നതാരാണു്? ഓ! ഹോ! ക്ഷപണകന്റെ വരവാണു്. ഇവന്റെ ഈ ദുശ്ശകുനദൎശനം ഇപ്പോൾ എനിക്കു് ഇഷ്ടംതന്നെയാണു്. അതുകൊണ്ടു് ഞാൻ മാറാൻ ഭാവമില്ല. (ക്ഷപണകൻ പ്രവേശിക്കുന്നു.)

ക്ഷപണകൻ:—ബുദ്ധന്മാരെ നമസ്കരിക്കുന്നു. വിശാലബുദ്ധിമാന്മാരായ ആ മഹാത്മാക്കൾ മോക്ഷസാധകമായ ലോകോത്തരസന്ധിയെ ഉപദേശിക്കുന്നു.

സിദ്ധാൎത്ഥ:—സ്വാമി! നമസ്തേ.

ക്ഷപണക:—നമസ്തേ, ശ്രാവകന്മാൎക്കു സിദ്ധിഭവിക്കട്ടെ. ശ്രാവക; ഒരു യാത്ര പുറപ്പെട്ടിരിക്കയാണെന്നു തോന്നുന്നു?

സിദ്ധാൎത്ഥ:—സ്വാമി, എങ്ങിനെ അതു മനസ്സിലാക്കി?

ക്ഷപണക:—ശ്രാവക, അതു മനസ്സിലാക്കാനെന്താണിത്ര വിഷമം? ഈ ശുഭശകുനവും കയ്യിലുള്ള എഴുത്തും, ഭാണ്ഡവുമൊക്കെ അതു സൂചിപ്പിക്കുന്നുണ്ടല്ലോ?

സിദ്ധാൎത്ഥ:—സ്വാമിയുടെ ഊഹം ശരിയാണു്. ഞാൻ ഒരിടത്തേക്കു പുറപ്പെട്ടിരിക്കയാണു്. അതിനാൽ സ്വാ

മി ദയവുചെയ്ത് ഇന്നു നല്ലദിവസമാണോ? എന്നൊന്നു പറഞ്ഞുതരു.

ക്ഷപണകഃ—ഹ! ഹ! ശ്രാവക അസ്സലായി! ക്ഷൌരംകഴിഞ്ഞിട്ടാണോ നക്ഷത്രത്തെപ്പററിചോദ്യം?

സിദ്ധാത്ഥകഃ— സ്വാമി, അതിനെന്താ? പോയിക്കഴിഞ്ഞിട്ടില്ലല്ലോ; പറയൂ; ദിവസം നല്ലതാണെങ്കിലേ പോകാൻ ഉദ്ദേശിക്കുന്നുള്ളു.

ക്ഷപണകൻഃ—ശ്രാവക, ഇപ്പോൾ ഏതായാലും മലയകേതുവിൻെറ കടകത്തിൽനിന്നു അനുമതി കിട്ടുകയില്ല.

സിദ്ധാത്ഥകൻഃ—അതെന്തുകൊണ്ട്?

ക്ഷപണകൻഃ—അതോ; ഒന്നാമത് പുറംരാജ്യങ്ങളുമായിട്ടുള്ള ഗതാഗതം മുടക്കിയിരിക്കുന്നു. ഇപ്പോൾ പ്രത്യേകിച്ച് കുസുമപുരത്തിലേക്കു പോകുന്നവനേയോ, വരുന്നവനേയോ, അനുമതിപത്രം ഇല്ലാതെ കടത്തിവിടുകയില്ല. അതുകൊണ്ടു് ഭാഗുരായണൻെറ കയ്യൊപ്പുള്ള ചീട്ട് ഉണ്ടോ. എങ്കിൽ പോകാം. അല്ലെങ്കിൽ ചുമ്മാ നിന്നോളൂ. വെറുതെ പോലീസ്സുകാർ പിടിച്ച് കയ്യും കാലും കെട്ടി കൊട്ടാരത്തിലേക്കു കൊണ്ടുപോകാൻ ഇടവരുത്തണ്ട.

സിദ്ധാത്ഥകൻഃ—സ്വാമി; ഞാൻ അമാത്യരാക്ഷസൻെറ അടുക്കൽനിന്നാണു് വരുന്നതു്. പോരെങ്കിൽ അദ്ദേഹത്തിൻെറ മുദ്രയുള്ള ഇതെൻെറ കയ്യിലുള്ളപ്പോൾ എന്നെത്തടയുന്നതു് ആരാണെന്നു് എനിക്കൊന്നു കാണണം.

ക്ഷപണകൻ:—രാക്ഷസന്റെ അടുത്തുനിന്നായാലും വേണ്ടില്ല, പിശാചിന്റെ അടുത്തുനിന്നായാലും വേണ്ടില്ല; ചീട്ടില്ലെങ്കിൽ പോകാൻ തരമാവില്ല.

സിദ്ധാൎത്ഥകൻ:—സ്വാമി; കോപിക്കരുതു്. കാൎയ്യം നേടട്ടെ.

ക്ഷപണകൻ:—പൊയ്ക്കോള്ളൂ, പൊയ്ക്കോള്ളൂ! കാൎയ്യം സാധിക്കട്ടെ. ഞാനുംചെന്നു് ഭാഗുരായണനെക്കണ്ടു് ചീട്ടിന്നപേക്ഷിക്കട്ടെ.

(പോകുന്നു.)

## ദൃശ്യം II

(ഒരു ഭൃത്യനോടുകൂടി ഭാഗുരായണൻ പ്രവേശിക്കുന്നു.)

ഭാഗുരായണൻ:—എടോ, ഭാസുരക, എന്നിൽനിന്നു അധികം അകന്നിരിക്കുവാൻ രാജകുമാരൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടു് ആസനം ഈ ആസ്ഥാനമണ്ഡപത്തിൽ തന്നെ വെച്ചേക്കുക.

ഭൃത്യൻ—ആസനം ഇവിടെത്തന്നെയുണ്ടു്. ഇരിക്കാം.

ഭാഗുരായണൻ:—(ഇരുന്നിട്ടു്) ആരെങ്കിലും ചീട്ടിന്നുവേണ്ടി എന്നെക്കാണാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവരെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരു. കേട്ടോ!

ഭൃത്യൻ:—കല്പനപോലെ. (പോകുന്നു.)

ഭാഗുരായണൻ:—(ആത്മഗതം) ഇങ്ങിനെയൊക്കെ ആണെങ്കിലും എന്നെ അതിയായി സ്നേഹിക്കുന്ന മലയകേതുകുമാരനുമായി ഇടയേണ്ടിവരുമെന്നതു് മനസ്സിന്നു വലിയ അസ്വാസ്ഥ്യമുണ്ടാക്കുന്നു. പക്ഷെ, എന്തുചെയ്യു

ട്ടെ ഒരാശ്രിതന്റെ നില ഇതാണ്. കുലം, സ്വന്തംയശസ്സ്, അഭിമാനം എന്നിവയെല്ലാം ലജ്ജവിട്ടു പരിത്യജിക്കുന്നു. ധനലോഭത്താൽ ക്ഷണികമായ ശരീരം പോലും പ്രഭുവിന്നു പണയപ്പെടുത്തി, അവന്റെ ആജ്ഞാനിർവ്വഹണം മാത്രം കർത്തവ്യമായിക്കരുതുന്ന ഒരു പരതന്ത്രൻ ഹിതാഹിതങ്ങളെപ്പററി ചിന്തിച്ചിട്ട് കാര്യമെന്ത്?

(ഒരു പ്രതിഹാരിയോടുകൂടി മലയകേതു പ്രവേശിക്കുന്നു.)

മലയകേതു:—(സ്വഗതം) രാക്ഷസനെക്കുറിച്ച് എന്റെ മനസ്സിലുണ്ടായ ബലമായ സംശയങ്ങൾ ഒരുവിധേനയും ഒരു തീരുമാനത്തിലെത്തുന്നില്ല. നന്ദവംശത്തോടുള്ള ദൃഢതരമായ ഭക്തിനിമിത്തം ഈ രാക്ഷസൻ ചാണക്യനെ ഉപേക്ഷിച്ചവനും നന്ദാന്വയത്തിന്റെ പിൻഗാമിയുമായ ചന്ദ്രഗുപ്തനുമായി സംയോജിച്ചേക്കുമോ? എന്നോടു ചെയ്തിട്ടുള്ള പ്രതിജ്ഞയെ സംരക്ഷിക്കുവാൻവേണ്ടി എന്നിലുള്ള ഭക്തിഗുണങ്ങളെ ദൃഢമാക്കിക്കൊണ്ടു സത്യസന്ധനായിത്തന്നെ നിന്നേക്കുമോ? ഈ രണ്ടിലൊന്നു തീർച്ചപ്പെടുത്തുവാൻ സാധിക്കാതെ എന്റെ മനസ്സ് കുശാലന്റെ ചക്രംപോലെ, ചുററിക്കൊണ്ടിരിക്കയാണ്. (പ്രകാശം) വിജയെ, ഭാഗുരായണൻ എവിടെയാണ്?

പ്രതിഹാരി:—കുമാര, അദ്ദേഹം യാത്രക്കാൎക്കു അനുമതിപത്രം കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്.

മലയകേതു:—വിജയെ, നീ കുറച്ച് അനങ്ങാതെ നില്ക്കു. ഞാൻ പിന്നിൽക്കൂടിച്ചെന്നു് ഇയ്യാളുടെ കണ്ണുരണ്ടും പൊത്തട്ടെ.

പ്രതിഹാരി:—അവിടുത്തെ കല്പനപോലെ.

ഭൃത്യൻ:—ആൎയ്യ, ഒരു ക്ഷപണകൻ ചിട്ടിക്കുവേണ്ടി അവിടുത്തെ കാണാൻ ആഗ്രഹിക്കുന്നു.

ഭാഗുരായണൻ:—ഇങ്ങോട്ടു കൂട്ടികൊണ്ടുവരു.

(പുരുഷൻ പോകുന്നു.)

(ക്ഷപണകൻ പ്രവേശിക്കുന്നു.)

ക്ഷപണകൻ:—ശ്രാവകന്മാൎക്കു ധൎമ്മസിദ്ധിയുണ്ടാകാവൂ.

ഭാഗുരായണ:—(ആത്മഗതം) ഓ! ഹോ! രാക്ഷസന്റെ സ്നേഹിതനായ ജീവസിദ്ധിയല്ലേ ഇതു്? (പ്രകാശം) രാക്ഷസന്റെ വല്ല ആവശ്യത്തിന്നുംവേണ്ടിയാണോ പോകുന്നതു്?

ക്ഷപണക:—കഷ്ടം! കഷ്ടം! ശ്രാവക, ഞാൻ പോകുന്നേടത്തു രാക്ഷസന്റേയോ, പിശാചിന്റേയോ, പേർകൂടി കേൾക്കുകയില്ല.

ഭാഗുരായണ:—ഓ! സ്നേഹിതനുമായിട്ടു് വലിയ പ്രണയകോപത്തിലാണല്ലോ? സ്വാമിയോടു് രാക്ഷസൻ എന്തൊരപരാധമാണ് പ്രവൎത്തിച്ചതു്?

ക്ഷപണക:—ശ്രാവക, എനിക്കു യാതൊരപരാധവും രാക്ഷസൻ പ്രവൎത്തിച്ചിട്ടില്ല. ഈ ഭാഗ്യംകെട്ടവന്റെ സ്വന്തം പ്രവൃത്തികളിൽ സ്വയം ലജ്ജിക്കുന്നു. അത്രമാത്രം.

ഭാഗുരായണ:—സ്വാമി; അതു കേൾക്കുവാൻ എനിക്കു കൌതുകം വൎദ്ധിക്കുന്നു.

മലയകേതു:—(ആത്മഗതം) എനിക്കും കേൾക്കാൻ ആഗ്രഹമുണ്ട്.

ക്ഷപണക:—ശ്രാവക, ആവശ്യമില്ലാത്തതു കേട്ടിട്ട് എന്തു പ്രയോജനം?

ഭാഗുരായണ:—രഹസ്യമാണെങ്കിൽ കേൾക്കണമെന്നില്ല.

ക്ഷപണക:—രഹസ്യമൊന്നുമല്ല. പക്ഷെ അതു, നിന്ദ്യമാണ്.

ഭാഗുരായണ:—രഹസ്യമല്ലെങ്കിൽ പറയുന്നതിന്നെന്താണ് വിരോധം?

ക്ഷപണക:—ഇതിൽ രഹസ്യമൊന്നുമില്ല. എങ്കിലും ഞാനതു പറയുന്നില്ല.

ഭാഗുരായണൻ:—എന്നാൽ ഞാൻ ചീട്ടും തരുന്നില്ല.

ക്ഷപണകൻ:—(ആത്മഗതം) ഇതുതന്നെയാണ് പറയാൻ പററിയ സന്ദൎഭം. (പ്രകാശം) എന്തു നിവൃത്തി? പറയാം. അവിടുന്ന് കേൾക്കണം. ഞാൻ മുമ്പ് പാടലീപുത്രത്തിൽ താമസിക്കുന്ന കാലത്ത് നിൎഭാഗ്യത്താൽ രാക്ഷസനുമായി സ്നേഹിക്കാൻ ഇടവന്നു അതുനിമിത്തം രാക്ഷസൻ ഗൂഢമായി ഏൎപ്പെടുത്തിയ ഒരു വിഷകന്യകപ്രയോഗംകൊണ്ട് എനിക്കു പൎവ്വതേശ്വരനെ കൊല്ലേണ്ടതായും വന്നു.

മലയകേതു: (കണ്ണീരോടെ) എന്ത്? അച്ഛനെ വധിച്ചതു് രാക്ഷസനാണെന്നോ!! ചാണക്യനല്ല!

ഭാഗുരായണൻ:—എന്നിട്ട്?

ക്ഷപണകൻ:—അപ്പോൾ എന്നെ രാക്ഷസന്റെ സ്നേഹിതനാണെന്നുവച്ച് രാജ്യത്തിൽനിന്നു പിടിച്ചു പുറത്താക്കി. ഇപ്പോഴും പലവിധ രാജ്യകാര്യങ്ങളിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന രാക്ഷസന്റെ കൂട്ടുകെട്ട് ഇനിയും നിലനിൎത്തുന്നതായാൽ അങ്ങിനെ വല്ലതും വീണ്ടും പ്രവൎത്തിക്കാനും തൽഫലമായി ഈ ലോകം തന്നെ വിട്ട് പരലോകത്തേക്കു പോകാനും ഇടയായേക്കും.

ഭാഗുരായണൻ:—വാഗ്ദത്തമനുസരിച്ച് അൎദ്ധരാജ്യംകൊടുക്കാതെ കഴിച്ചുകൂട്ടുവാൻവേണ്ടി ചാണക്യൻതന്നെ ചെയ്തതാണിതെന്നാണല്ലോ ഞങ്ങൾ കേട്ടിട്ടുള്ളതു്?

ക്ഷപണകൻ:—(ചെവി പൊത്തിയിട്ട്) ശാന്തം പാപം!! ചാണക്യൻ വിഷകന്യകയുടെ പേര് കൂടി കേട്ടിട്ടില്ല

ഭാഗുരായണൻ:—എന്നാൽ ചീട്ട് തരാം. ഈ സംഗതി കുമാരനെക്കൂടി കേൾപ്പിക്കണം

മലയകേതു:—(അടുത്തു ചെല്ലുന്നു.) സ്നേഹിത; ഞാൻ കേട്ടുകഴിഞ്ഞു. ശത്രുവിനെപ്പററി സ്നേഹിതന്റെ മുഖത്തിൽനിന്നു ചെവി പിളൎക്കുന്ന ആ വാക്കുകൾ ഞാൻ കേട്ടു. കുറെനാളായി പിതൃവധംമൂലം അനുഭവിച്ചുവരുന്ന ദുരന്തദുഃഖം ഇപ്പോളിതാ ഇതുകൊണ്ടു ഒന്നുകൂടി ഇരട്ടിച്ചു.

ക്ഷപണകൻ:—(ആത്മഗതം) ഓ! മലയകേതുവും ഇതു കേട്ടുകഴിഞ്ഞു. ഞാൻ കൃതാൎത്ഥനായി. (പോകുന്നു.)

മലയകേതു:—(ആകാശത്തിൽ ദൃഷ്ടിയുറപ്പിച്ച്) ഹെ! രാക്ഷസ! രാക്ഷസ! നീ ചെയ്തതു ഉചിതംതന്നെ!! ആത്മമിത്രമാണെന്നു കരുതി, ഹൃദയംഗമമായി വിശ്വസിച്ച്, സർവ്വകാൎയ്യങ്ങളും നിന്നിലൎപ്പിച്ച് പരിപൂൎണ്ണവിശ്വാസത്തോടെ വാണിരുന്ന എന്റെ പിതാവിനെ നീ ചതിച്ചു കൊന്നുകളഞ്ഞു. ഈ ബന്ധുജനങ്ങളെ കണ്ണീരും കയ്യുമായി കഴിയുവാനിടയാക്കിയ നീ, രാക്ഷസൻതന്നെയാണ്! എന്റെ പേർ തികച്ചും അനൎത്ഥമാണ്.

ഭാഗുരായണൻ:—(ആത്മഗതം) രാക്ഷസന്റെ പ്രാണൻ രക്ഷിക്കണമെന്നാണ് ആൎയ്യചാണക്യന്റെ കല്പന ആവട്ടെ. അതിന്നുള്ള വഴി നോക്കാം. (പ്രകാശം) കുമാര, വ്യസനിച്ചിട്ടു കാൎയ്യമില്ല. ഇവിടെയിരിക്കണം എനിക്കു ചിലതെല്ലാം അറിയിക്കുവാനുണ്ട്.

മലയകേതു:—(ഇരിക്കുന്നു) എന്താണ് സ്നേഹിത, പറയാൻ ഉദ്ദേശിക്കുന്നതു്?

ഭാഗുരായണൻ:—കുമാര, അൎത്ഥശാസ്ത്രപണ്ഡിതന്മാർ ധനലാഭത്തിന്നുവേണ്ടി പ്രവൎത്തിച്ചുകൊണ്ടിരിക്കുമ്പോഴും ശത്രുമിത്രങ്ങളോടു പെരുമാറുന്നതു സാധാരണക്കാരെപ്പോലെയല്ല. സ്വന്തം കാൎയ്യലാഭം മാത്രമാണവരുടെ ലക്ഷ്യം. എന്തുകൊണ്ടെന്നാൽ, ആ കാലത്ത് സർവ്വാൎത്ഥസിദ്ധിയെ രാജാവായി വാഴിക്കണമെന്നായിരുന്നു രാക്ഷസന്റെ ഉദ്ദേശം. ആ ഉദ്ദേശസാദ്ധ്യത്തിന്നു ചന്ദ്രഗുപ്തനെക്കാളും പ്രബലമായ പ്രതിബന്ധം പൎവ്വ

തേശ്വരനാണു്. അദ്ദേഹത്തിന്നു പകുതി രാജ്യം പ്രതിജ്ഞചെയ്യപ്പെട്ടിട്ടുമുണ്ടല്ലോ. ആ നിലക്കു നോക്കുമ്പോൾ രാക്ഷസൻ ഇങ്ങിനെ പ്രവൎത്തിച്ചിട്ടുള്ളതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. അവിടുന്നു് ഒന്നു് ധരിക്കണം. ഇക്കൂട്ടർ എന്തിന്നും മടിക്കുകയില്ല. സ്വാൎത്ഥലാഭത്തിന്നുവേണ്ടി മിത്രങ്ങളെ ശത്രുക്കളാക്കാനും, ശത്രുക്കളെ മിത്രങ്ങളാക്കാനും ഉള്ള നീതിസംഹിത അതാതവസരത്തിൽ ഇവർ കണ്ടെത്തുന്നു. കഴിഞ്ഞുപോയ സ്നേഹബന്ധങ്ങളെ മുഴുവനും പൂൎവ്വജന്മവൃത്താന്തംപോലെ എളുപ്പത്തിൽ വിസ്മരിക്കുവാൻ ഇവൎക്കു പ്രയാസമില്ല. അതുകൊണ്ടീവിഷയത്തിൽ രാക്ഷസനെ പഴിച്ചിട്ടു് പ്രയോജനമില്ല. നന്ദരാജ്യം കൈവശപ്പെടുത്തുന്നതുവരെ ഈ രാക്ഷസനെ കൈവിട്ടുകൂട. അതിന്നുശേഷം ഉപേക്ഷിക്കുകയോ, സംരക്ഷിക്കുകയോ ചെയ്യുന്നതിൽ അവിടുത്തെ ഇഷ്ടംപോലെ പ്രവൎത്തിക്കാം.

മലയകേതു:—സ്നേഹിത, താങ്കൾ പറഞ്ഞതു ശരിയാണു്. അതുകൊണ്ടിപ്പോൾ രാക്ഷസനെ വധിക്കാൻവേണ്ടി വിപ്ലവം കൂട്ടിയാൽ ആയതു വിജയത്തെ സംന്ദിഗ്ദ്ധത്തിലാക്കും. അല്ലെ?

(ഒരു പുരുഷൻ പ്രവേശിക്കുന്നു.)

പുരുഷൻ:—ആൎയ്യൻ ജയിക്കട്ടെ!, കടകത്തിൽനിന്നു ഒരാൾ സമ്മതപത്രം വാങ്ങാതെ ഒരു കത്തുംകൊണ്ടു ചാടി

പ്പോകുമ്പോൾ അവനെ ആ കത്തോടുകൂടി പോലീസ്സുകാർ ഇവിടെ പിടിച്ചു ഹാജരാക്കിയിട്ടുണ്ട്.

ഭാഗുരായണൻ:—കൂട്ടിക്കൊണ്ടുവരൂ.

(പുരുഷൻ പോകുന്നു.)

(കൈ രണ്ടും ബന്ധിച്ച സിദ്ധാത്ഥകനെ ഒരു പോലീസ്സുകാരൻ പ്രവേശിപ്പിക്കുന്നു.

ഭടൻ:—ഇവനാണു് ഓടിപ്പോകാൻ ശ്രമിച്ചതു്.

ഭാഗുരായണൻ:—എടൊ, നീ എവിടെനിന്നെങ്കിലും വന്നു ചേൎന്നവനോ, അതോ ഇവിടെത്തന്നെ വല്ലവരുടേയും കൂടെ പാക്കുന്നവനോ?

സിദ്ധാത്ഥകൻ:—യജമാനനേ! ഞാൻ അമാത്യരാക്ഷസന്റെ സേവകനാണു്.

ഭാഗുരായണൻ:—എന്നാൽ താനെന്താണു് ചീട്ടു് വാങ്ങാതെ ഓടിപ്പോകുന്നതു്?

സിദ്ധാത്ഥകൻ:—യജമാനനെ, അടിയന്തര കായ്യമായതുകൊണ്ടാണു്.

ഭാഗുരായണൻ:—ഹോ! രാജകല്പനയേകൂടി ലംഘിക്കത്തക്ക അത്ര വലിയ അടിയന്തരമോ? എന്താണതു്? കേൾക്കട്ടെ;

മലയകേതു:—ഏ! ഭാഗുരായണ, ആ കത്തെന്തെന്നു വാങ്ങി നോക്കൂ.

ഭാഗുരായണൻ:—(സിദ്ധാത്ഥകന്റെ കയ്യിൽനിന്നു എഴുത്തു വാങ്ങി നോക്കുന്നു.) ഇതാണു് കത്തു്. ഇതിന്മേൽ രാക്ഷസന്റെ മുദ്രവെച്ചിട്ടുണ്ടല്ലോ.

മലയകേതു:—മുദ്ര പൊട്ടിച്ച് ആ കത്തിങ്ങട്ട് എടുക്കു.

(ഭാഗുരായണൻ അങ്ങിനെ ചെയ്യുന്നു.)

മലയകേതു:—(വായിക്കുന്നു.)—"ശുഭമസ്തു. യഥാസ്ഥാനം യഥാവസരം അവിടെ അറിയിക്കുവാൻ അവിടുത്തെ ഒരു വിനീതദാസൻ എഴുതുന്നത്. നമ്മുടെ എതിർപക്ഷിയെ ഉപേക്ഷിച്ച് അവിടുന്ന് മുമ്പു ചെയ്ത സത്യം നിറവേററിയിരിക്കുന്നു. ഇനിയത്തെ കൃത്യം മുമ്പ് സന്ധിചെയ്തിട്ടുള്ളവരോടെല്ലാം ആ വാഗ്ദാനങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് അവരെ സന്തോഷിപ്പിക്കുകയാണല്ലോ? അതും അവിടുന്നുടനെ നിർവ്വഹിക്കുമെന്നു ഞാൻ ആശിക്കുന്നു. അങ്ങിനെ ചെയ്യുന്നപക്ഷം അവരെല്ലാവരും ഇപ്പോൾ ആശ്രയിച്ച ആളെ നശിപ്പിക്കുകയും ഉപകാരസ്മരണയോടെ അവിടുത്തെത്തന്നെ ആശ്രയിക്കയും ചെയ്യുന്നതാണ്. ഇതവിടുന്ന് അറിയാത്തതല്ലെങ്കിലും വീണ്ടും ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഇവരിൽ ചിലർ ശത്രുവിൻെറ ധനനിക്ഷേപങ്ങളേയും, മററു ചിലർ സൈന്യബലത്തേയും, വേറെ ചിലർ അധിപത്യത്തേയും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവരാണ്, എന്നതു് പ്രത്യേകം സ്മർത്തവ്യമാണ്. അവിടുന്ന് അയച്ചുതന്ന ആഭരണങ്ങൾ മൂന്നും നന്ദിപൂർവ്വം സ്വീകരിക്കുന്നു. ഈ ലേഖനത്തോടൊപ്പം അയക്കുന്ന എൻെറ ഈ വിനീതോപഹാരത്തെ സദയം സ്വീകരിക്കുവാൻ സവിനയം അപേക്ഷിച്ചുകൊള്ളുന്നു. ബാ

ക്കി കാൎയ്യങ്ങൾ ഈ വിശ്വസ്തൻ അവിടെ അറിയിക്കുന്നതുമാണു്."

മലയകേതു:—ഭാഗുരായണ, എന്തൊരു കത്താണിതു്?

ഭാഗുരായണൻ:—എടോ, സിദ്ധാൎത്ഥക, ആരുടെ കത്താണിതു്?

സിദ്ധാൎത്ഥകൻ:—യജമാനനേ, അറിയുകയില്ല.

ഭാഗുരായണൻ:—എട, രസിക! എഴുത്തുകൊണ്ടുപോകുന്ന നിണക്കു് അതാൎക്കുള്ളതാണെന്നറിഞ്ഞുകൂടെ? അതിരിക്കട്ടെ; ഇതിലെ ബാക്കി കാൎയ്യങ്ങൾ ആരോടു് പറയുവാനുള്ളതാണു്?

സിദ്ധാൎത്ഥക:—(ഭയപ്പെട്ടുകൊണ്ടു്) അതു്——ഇവിടെ——യജമാനന്മാരോടു്——.

ഭാഗുരായ:—എന്തു്? ഞങ്ങളോടോ?

സിദ്ധാൎത്ഥക:—യജമാനന്മാർ പിടിച്ചതുകൊണ്ടു് എന്താ പറയേണ്ടതെന്നു് എനിക്കറിയില്ല.

ഭാഗുരായ:—(കോപത്തോടെ.) ആ! ഹാ! എന്നാൽ നിന്നെ ഇപ്പോളറിയിക്കാം. എടോ, ഭാസുരക, ഇവനെ പുറത്തുകൊണ്ടുപോയി കണക്കിന്നു പ്രഹരിക്കു. അതു പറയുന്നതുവരെ.

പുരുഷൻ:—അവിടുത്തെ കല്പന (സിദ്ധാൎത്ഥകനെ പിടിച്ചുകൊണ്ടുപോയി വീണ്ടും പ്രവേശിച്ചിട്ടു്) യജമാനനെ, ഒരു പെട്ടികൂടി ഇതാ; ഇതിവൻെറ കക്ഷത്തിൽനിന്നു വീണതാണു്.

ഭാഗുരായ:—(നോക്കിയിട്ട്) കുമാര, ഇതും രാക്ഷസന്റെ മുദ്രവെച്ചിട്ടുള്ളതാണല്ലൊ?

മലയകേതു:—ഓ! ഹോ! കത്തോടൊപ്പമുള്ള ഉപഹാരമായിരിക്കണമിതു്. മുദ്ര പൊട്ടിച്ചു് എന്താണെന്നു നോക്കുക.

(ഭാഗുരായണൻ പൊളിച്ചു കാണിക്കുന്നു.)

മലയകേതു:—(നോക്കിയിട്ട്.) എന്തു്? ഇതു ഞാൻ എന്റെ കഴുത്തിൽനിന്നു് ഊരിയെടുത്തു് രാക്ഷസന്നു് സമ്മാനിച്ച ആഭരണങ്ങളാണല്ലോ? ഇപ്പോൾ ഇതു ചന്ദ്രഗുപ്തനുള്ള കത്താണെന്നു സ്പഷ്ടമായി.

ഭാഗുരായ:—വാസ്തവം, അതിന്നൊന്നിയാതൊരു സംശയവുമില്ല. എടോ,! കൊടുക്കു അവന്നു കുറേക്കൂടി. പിടിച്ചുകൊണ്ടുപോയി ചതച്ചുവിട്ടു. (പിടിച്ചുകൊണ്ടുപോയി വീണ്ടും പ്രവേശിപ്പിച്ചു്)

പുരുഷൻ:—ഇവൻ തല്ലു് കിട്ടുമ്പോൾ തിരുമുമ്പിൽതന്നെ അറിയിക്കാമെന്നാണു് പറയുന്നതു്.

മലയകേതു:—ഓ! അങ്ങിനെയാവട്ടെ.

സിദ്ധാൎത്ഥകൻ:—(കാല്ക്കൽവീണിട്ട്) എന്നെ കൊല്ലരുതു്. രക്ഷിക്കണം.

മലയകേതു:—ഇല്ല; നിന്നെ ഉപദ്രവിക്കയില്ല. സത്യം തുറന്നുപറയൂ.

സിദ്ധാൎത്ഥകൻ:—എല്ലാം പറഞ്ഞുകൊള്ളാം. കേട്ടാലും. ഇതു ചന്ദ്രഗുപ്തന്നു എത്തിച്ചുകൊടുക്കുവാൻവേണ്ടി രാക്ഷസൻ തന്നയിച്ചിട്ടുള്ളതാണു്.

മലയകേതു:— എനി നിന്നോടു പറയുവാൻ ഏല്പിച്ച കാൎയ്യമെന്താണെന്നു പറയൂ.

സിദ്ധാൎത്ഥകൻ:—"സ്വാമിൻ; രാക്ഷസൻ പറഞ്ഞയച്ചിട്ടുള്ളതിതാണ്:—എൻെറ സ്നേഹിതന്മാരായ അഞ്ചു രാജാക്കന്മാരും അങ്ങയെ നല്ലവണ്ണം സ്നേഹിക്കുന്നവരാണ്. കുലൂതരാജാവായ, ചിത്രവൎമ്മാവ്, മലയനഗരാധിപനായ സിംഹനാദൻ, കാശ്മീരരാജാവായ പുഷ്കരാക്ഷൻ, സിന്ധുരാജാവായ സിന്ധുസേനൻ, പാരസികത്തിലെ മേഘനാദൻ, ഇവരാണീയഞ്ചാളുകൾ. ഇതിൽ ആദ്യംപറഞ്ഞ മൂന്നു രാജാക്കന്മാർ മലയകേതുവിൻെറ സ്ഥാനം ആഗ്രഹിക്കുന്നവരും ബാക്കി രണ്ടുപേർ ആനപ്പടയേയും, ഭണ്ഡാരത്തേയും മോഹിക്കുന്നവരുമാണ്. അവിടുന്ന് ചാണക്യനെ നിരാകരിച്ച് എന്നിൽ പ്രീതികാണിക്കുന്നതുപോലെതന്നെ ഇവരേയും മിത്രങ്ങളായി ഗണിക്കേണ്ടതാണ്." ഇത്രമാത്രം അവിടെച്ചെന്നറിയിക്കാനാണ് എന്നെ ഏല്പിച്ചിട്ടുള്ളതു്.

മലയകേതു:—(ആത്മഗതം) ഹാ! ചിത്രവൎമ്മാദികളുംകൂടി എന്നെ ഒടുക്കുവാൻ ശ്രമിക്കുന്ന ശത്രുക്കളാണല്ലേ? അതുകൊണ്ടുതന്നെയാണ് അവൎക്ക് രാക്ഷസനോടിത്ര വലിയ പ്രീതി. (പ്രകാശം) വിജയ! എനിക്കിപ്പോൾ രാക്ഷസനെ ഒന്നു കാണണം.

പ്രതിഹാരി:—കല്പനപോലെ. (പോകുന്നു.)

## ദൃശ്യം III

(രാക്ഷസൻ സ്വഗൃഹത്തിൽ ആലോചനാനിമഗ്ന
നായി ഇരിക്കുന്നു. അരികിൽ ഒരു ഭൃത്യനും.)

രാക്ഷസൻ:—(ആത്മഗതം) നമ്മുടെ പക്ഷത്തിൽ ചന്ദ്രഗുപ്തസൈന്യങ്ങൾ വന്നു നിറഞ്ഞിട്ടുള്ളതു് വലിയ അസ്വാസ്ഥ്യകാരണമായിരിക്കുന്നു. പക്ഷെ, അവർ ചന്ദ്രഗുപ്തനെ ഉപേക്ഷിച്ചു് വരുവാനുള്ള കാരണങ്ങളെപ്പററി ആലോചിക്കുമ്പോൾ ഒരിക്കലും അവരെ സംശയിച്ചുകൂടാത്തതുമാകുന്നു. ഏതായാലും ഇനി കാര്യങ്ങൾനീട്ടിക്കൊണ്ടുപോകുന്നതു ഭംഗിയല്ല. (പ്രകാശം) എടൊ പ്രിയംവദക; മലയകേതു രാജകുമാരൻെറ അനുയായികളായ രാജാക്കന്മാരോടു് ഞാൻ അറിയിക്കുന്നതായിച്ചെന്നു് പറയണം. ദിവസംപ്രതി കുസുമപുരം അധികമധികം നമ്മോടടുത്തുവരികയാണു്. അതുകൊണ്ടു ഇനി താമസിക്കാതെ നമ്മുടെ സമരയാത്ര ആരംഭിക്കേണ്ടിയിരിക്കുന്നു. ഖശ, മഗധരാജ്യങ്ങളിലെ സൈന്യവുമായി ഏററവും മുമ്പിൽ ഞാൻ നടക്കുന്നതായിരിക്കും. ഗാന്ധാരത്തിൽനിന്നു വന്നുചേൎന്ന സൈന്യങ്ങളുമായി യവനരാജാവ് മദ്ധ്യത്തിൽ നില്ക്കട്ടെ. അതിൻെറ പിന്നിലായി വീരന്മാരായ ശകരാജാക്കന്മാർ ചീനസൈന്യത്തേയും, ഹൂണസൈന്യത്തെയും നയിച്ചുകൊണ്ടു് അണിനിരക്കട്ടെ. ബാക്കിയുള്ള കൌലൂതൻ, ചിത്രവൎമ്മൻ തുടങ്ങിയ രാജാക്കന്മാർ മലയകേതു കുമാരനെ വഴിനീളെ ചുഴന്നുകൊണ്ടു് ആ

യോധനത്തിന്നു സന്നദ്ധരായി നില്ക്കട്ടെ. ഇങ്ങിനെയാണ് ഈ മഹാ പ്രയാണത്തിന്നുള്ള സൈന്യവിഭാഗം ഒരുക്കം ചെയ്തിട്ടുള്ളതെന്ന് ചെന്നറിയിക്കു.

പ്രിയംവദകൻ:— കല്പനപോലെ (പോകുന്നു.)

(പ്രവേശിച്ചിട്ട്)

പ്രതിഹാരി:—അമാത്യൻ ജയിക്കട്ടെ! രാജകുമാരൻ അവിടത്തെ കാണാൻ ആഗ്രഹിക്കുന്നു.

രാക്ഷസൻ:—ഇതാ കുറച്ചു നില്ക്കു!—എടോ! ആരുണ്ടവിടെ?

(ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃത്യൻ:—കല്പിച്ചാലും!

രാക്ഷസൻ:—ശകടദാസനോട്ട് ചെന്നുപറയു. മലയകേതുകുമാരൻ നമുക്ക് ആഭരണങ്ങൾ സമ്മാനിച്ചിരിക്കുന്നു. അതുകൊണ്ട് ഒന്നും അണിയാതെ കുമാരനെച്ചെന്നു കാണുന്നത് യുക്തമല്ല. ഈയ്യിടെ വാങ്ങിയ ആഭരണങ്ങളിൽനിന്നു ഏതെങ്കിലും ഒന്നിങ്ങ് എടുത്തുതരാൻ പറയു.—

(ഭൃത്യൻ പോയി വീണ്ടും പ്രവേശിച്ചിട്ട്)

ആഭരണം ഇതാ.

രാക്ഷസൻ:—(വാങ്ങി ധരിച്ച് എഴുന്നേല്ക്കുന്നു.) രാജകുമാര സമീപത്തിലേക്കു വഴികാണിക്കു.

പ്രതിഹാരി:—ഇതാ ഇതിലെ നടക്കാം.

രാക്ഷസൻ:—(ആത്മഗതം) യജമാനനിലുള്ള ഭയം. ഒരു രാജസേവകനെ ഒന്നാമതായി ഭൃത്യഭാവേന സമീപിക്കുന്നു. പിന്നീട് ക്രമേണ ഉയന്ന ഉദ്യോഗങ്ങളിലിരി

ക്കുന്നവൻെറ ഹൃദയത്തിലേക്ക് പ്രവേശിക്കുന്നു. അങ്ങിനെ രാജാവിൻെറ ഏററവും അടുത്തു് വലിയ അധികാരത്തിലിരിക്കുന്ന ഒരുവൻെറ നില ദുർജ്ജനങ്ങളുടെ ദൂഷണത്തിന്നു പാത്രമായി അധഃപതിക്കുന്നു. അതു ലോകസ്വഭാവമാണു്. അധികം ഉയൎന്നാൽ അധഃപതനം നിശ്ചയമാണല്ലൊ?—(ചുററിനടന്നു മലയകേതു സമീപത്തിലേക്കു് പ്രവേശിക്കുന്നു.)

പ്രതിഹാരി:—അമാത്യ, ഇതാ കുമാരൻ, ഇങ്ങട്ടു് പ്രവേശിക്കാം.

രാക്ഷസൻ:—(മലയകേതുവിനെ കണ്ടിട്ടു്) കുമാരൻ എന്തോ ചിന്തിച്ചുകൊണ്ടിരിക്കയാണു്; കാലടികളിൽ തന്നെ ദൃഷ്ടിയുറപ്പിച്ചു് നിശ്ചലനായി നില്ക്കുന്നു. ശൂന്യമായ ദൃഷ്ടിയാൽ മുമ്പിലുള്ള യാതൊന്നും അദ്ദേഹം കാണുന്നില്ല. ദുസ്സഹമായ കാൎയ്യചിന്തകൊണ്ടു് നമ്രമായിത്തീൎന്ന മുഖത്തെ കൈകൊണ്ടു താങ്ങിനിൎത്തിയിരിക്കുന്നു — (അടുത്തുചെന്നു്) കുമാരൻ ജയിക്കട്ടെ!

മലയകേതു:- ആൎയ്യ! നമസ്കാരം. ഇരിക്കാം. (ഇരിക്കുന്നു.)

മലയകേതു:—അവിടുത്തെ കാണാൻ വളരെ വൈകിയതിനാൽ അസ്വാസ്ഥ്യപ്പെട്ടിരിക്കയാണു്.

രാക്ഷസൻ:—കുമാര, നമ്മുടെ പ്രയാണത്തിന്നുള്ള ഏൎപ്പാടുകൾ ചെയ്യുന്നതിൽ വ്യാപൃതനായിരിക്ക നിമിത്തം അവിടുത്തെ ഈ പരിഭവത്തിന്നു ഞാൻ പാത്രമായിത്തീൎന്നിരിക്കുന്നു.

ലയകേതു:—പ്രയാണത്തിന്നുള്ള ഒരുക്കങ്ങൾ എങ്ങിനെ

യെല്ലാമാണു് ചെയ്തതു്. അതു കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

രാക്ഷസൻ:—കുമാര, നമ്മുടെ അനുയായികളായ രാജാക്കന്മാൎക്കു് കൊടുത്തിട്ടുള്ള നിൎദ്ദേശങ്ങൾ ഇങ്ങിനെയാണു് എററവും മുമ്പിൽ ഞാൻ ശക, മഗധ, രാജ്യങ്ങളിലെ സൈന്യങ്ങളെ നയിക്കുന്നതാണു്. ഗാന്ധാരസൈന്യങ്ങളുമായി യവനൻ മദ്ധ്യത്തിൽ; അതിന്റെ പിന്നിൽ ചൈന; ഹൂണന്മാരെ നയിച്ചുകൊണ്ടു് ശകരാജാക്കന്മാർ; ശേഷം കൗലൂതൻ, ചിത്രവൎമ്മൻ തുടങ്ങിയവർ, കുമാരനെ ചുഴന്നുകൊണ്ടു് ബദ്ധശ്രദ്ധരായി നില്ക്കുവാനും, ഇങ്ങിനെയാണു് സേനാവിഭജനത്തിന്നു് കല്പനകൊടുത്തിട്ടുള്ളതു്.

മലയകേതു:—(സ്വഗതം) എന്നെ നശിപ്പിച്ചു് ചന്ദ്രഗുപ്തനെ ആരാധിക്കാൻ ഒരുങ്ങിയകൂട്ടരെത്തന്നെയാണു് എന്റെ ചുററും നിൎത്തിയിട്ടുള്ളതു്. (പ്രകാശം.) ഇപ്പോൾ ഇവിടെനിന്നു കുസുമപുരത്തിലേക്കൊ അവിടെനിന്നിവിടത്തെക്കൊ ആരെങ്കിലും പോവുകയോ വരികയോ ചെയ്യാറുണ്ടോ?

രാക്ഷസൻ:—ഇല്ല. ഇപ്പോൾ ഗതാഗതം തീരെ തടഞ്ഞിരിക്കയാണു്. അധികം താമസിയാതെ നാംതന്നെ അങ്ങോട്ടു പോവുകയാണല്ലോ?

മലയകേതു:—(ആത്മഗതം) അതു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. (പ്രകാശം) അങ്ങിനെയാണെങ്കിൽ അവിടുന്നു് ഒരു കത്തോടുകൂടി ഈ ആളെ അങ്ങോട്ടയച്ചതെന്തിനാണു്?

രാക്ഷസൻ:—(നോക്കിയിട്ട്.) എന്ത്? സിദ്ധാർത്ഥനൊ? എടൊ, എന്താണിത്?

സിദ്ധാർത്ഥകൻ:—(കണ്ണീരോടുകൂടി ലജ്ജനടിക്കുന്നു.) അവിടുന്ന് കോപിക്കരുത്. എന്നെ വല്ലാതെ അടിക്കുമ്പോൾ എനിക്കാരഹസ്യം സൂക്ഷിക്കാൻകഴിഞ്ഞില്ല.

രാക്ഷസൻ:—എടൊ; എന്താണ് രഹസ്യം? എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലൊ?

സിദ്ധാർത്ഥകൻ:—ഞാൻ പറയാം. തല്ലുകിട്ടുമ്പോൾ ഞാൻ അതു്—(മുഴപ്പിക്കാതെ ഭയംനടിച്ച് അധോമുഖനായി നില്ക്കുന്നു.)

മലയകേതു:—ഭാഗുരായണ, സ്വാമിയുടെ മുമ്പിൽ ഭയന്നിട്ടൊ, ലജ്ജിച്ചിട്ടൊ ഇവൻ തുറന്നു പറയുകയില്ല. അതിനാൽ താൻതന്നെ പറഞ്ഞു മനസ്സിലാക്കൂ.

ഭാഗുരായണൻ:—ഇവൻ ഇങ്ങിനെയാണു് പറഞ്ഞതു്. "അമാത്യൻ ഒരു കത്തുംകൊടുത്തു അവിടെച്ചെന്നു പറയുവാനുള്ള കാര്യ്യവും ഏല്പിച്ച് ചന്ദ്രഗുപ്തൻെറ അടുക്കലേക്ക് അയച്ചിട്ടുള്ളതാണെന്ന്."

രാക്ഷസൻ:—എടൊ, സിദ്ധാർത്ഥക! ഇതു വാസ്തവമാണൊ?

സിദ്ധാർത്ഥകൻ:—(ലജ്ജിച്ചുകൊണ്ടു്) തല്ലുകൊണ്ടു പൊറുക്കാനാവാത്തതിനാൽ അങ്ങിനെ പറഞ്ഞുപോയതാണ്.

രാക്ഷസൻ:—ഇതു കളവാണ്. തല്ലുകൊള്ളുമ്പോൾ ഒരുവൻ എന്താണ് പറയാതിരിക്കുക.

മലയകേതു:—ഭാഗുരായണ, ആ കത്തു കാണിച്ചുകൊടുക്ക. ബാക്കി ഈ ഭൃത്യൻ പറയുന്നതാണു്.

ഭാഗുരായണൻ:—അമാത്യ, ഇതാണു് ആ കത്തു്.

രാക്ഷസൻ:—(വാങ്ങി വായിച്ചിട്ടു്) കുമാര, ഇതു ശത്രുവിൻെറ ചതിപ്രയോഗമാണു്.

മലയകേതു:—കത്തോടൊപ്പം കൊടുക്കുവാൻവേണ്ടി അങ്ങുന്നു് ആഭരണങ്ങൾകൂടി കൊടുത്തയച്ചിട്ടുണ്ടു്. അതെങ്ങിനെയാണു് ശത്രുവിൻെറ പ്രയോഗമാവുക?

രാക്ഷസൻ:—(ആഭരണം നോക്കിയിട്ടു്) ഇതു് കുമാരൻ എനിക്കു് സമ്മാനിച്ചിട്ടുള്ളതാണു്. ഞാനതു ഒരു സന്തോഷാവസരത്തിൽ ഈ സിദ്ധാൎത്ഥകന്നു് സമ്മാനിച്ചിട്ടുള്ളതുമാണു്.

ഭാഗുരായണൻ:—രാജകുമാരൻ സ്വശരീരത്തിൽനിന്നഴിച്ചെടുത്ത ആഭരണം ദാനംചെയ്യേണ്ടതു് ഇവനെപ്പോലുള്ള സൽപാത്രത്തിൽതന്നെയാണു്.

മലയകേതു:—"ബാക്കി കാൎയ്യങ്ങൾ ഈ വിശ്വസ്തൻ പറയുന്നതാണെ"ന്നു് എഴുത്തിൽ കാണുന്നു.

രാക്ഷസൻ:— എന്തുകാൎയ്യം? ആരോടു പറയാൻ? ഈ എഴുത്തുതന്നെ എൻേറതല്ല.

മലയകേതു:—എന്നാൽ ഇതാരുടെ മുദ്രയാണു്?

രാക്ഷസൻ:—കപടമുദ്ര നിൎമ്മിക്കുവാൻപോലും വഞ്ചകന്മാൎക്കു് കഴിഞ്ഞിരിക്കുന്നു.

—

ഭാഗുരായണൻ:—കുമാര, അമാത്യൻ അറിയിക്കുന്നതു വാസ്തവമായിരിക്കാം. എടൊ, സിദ്ധാൎത്ഥക, ഈ കത്തു് ആരാണു് എഴുതിയിട്ടുള്ളതു്?

(സിദ്ധാൎത്ഥകൻ രാക്ഷസൻെറ മുഖത്തിൽനോക്കി അധോമുഖനായി മിണ്ടാതെ നില്ക്കുന്നു.)

ഭാഗുരായണൻ:—എടൊ, ആത്മാവിനെ വഞ്ചിക്കേണ്ട. സത്യം പറഞ്ഞോളൂ.

സിദ്ധാൎത്ഥകൻ:—യജമാനനെ, ശകടദാസനാണു്.

രാക്ഷസൻ:—ഒരിക്കലുമങ്ങിനെയാകാൻ പാടില്ല. ശകടദാസനാണെങ്കിൽ അതിന്നുത്തരവാദി ഞാൻതന്നെ.

മലയകേതു:—വിജയെ! ശകടദാസനെ കൂട്ടിക്കൊണ്ടുവരൂ.

പ്രതിഹാരി:—കല്പനപോലെ.

ഭാഗുരായണൻ:—(ആത്മഗതം) ആൎയ്യചാണക്യൻെറ ചാരന്മാർ കാൎയ്യങ്ങൾ സന്ദിഗ്ദ്ധമായിപ്പറയുകയേയില്ല. (പ്രകാശം) കുമാര, അമാത്യൻെറ മുമ്പിൽവെച്ചു് ശകടദാസൻ ഞാനാണെഴുതിയതെന്നു സമ്മതിക്കയുണ്ടാവില്ല. അതിനാൽ ഇതിൻെറ പകൎപ്പു് കൊണ്ടുവരിച്ചാൽമതി. കൈപ്പടനോക്കി നമുക്കതിൻെറ തെളിവെടുക്കാം.

മലയകേതു:—വിജയെ, അങ്ങിനെ ചെയ്യൂ.

പ്രതിഹാരി:—മുദ്രയും കൊണ്ടുവരണൊ?

മലയകേതു:—രണ്ടും കൊണ്ടുവരൂ.

പ്രതിഹാരി:—കല്പനപോലെ (പോയി വീണ്ടും പ്രവേശിച്ചു്) ഇതാണു് ശകടദാസൻ എഴുതിയതിൻെറ പകപ്പു്. മുദ്രയുമിതാ.

മലയകേതു:—(രണ്ടും എടുത്തു് നോക്കിയിട്ടു്) - ആര്യ, ഈ അക്ഷരങ്ങൾക്കു വളരെ യോജിപ്പുണ്ടു്.

രാക്ഷസൻ:—(ആത്മഗതം.) അക്ഷരങ്ങൾക്കു് യോജിപ്പുണ്ടു്. ശകടദാസൻ എൻെറ മിത്രമാണെന്നതാണു് യോജിക്കാത്തതു്. ഒരുപക്ഷെ സ്വാമിഭക്തിയും സ്വന്തം യശസ്സും വിസ്മരിച്ചു് അസ്ഥിരമായ ധനലാഭത്തേയും പുത്രകളത്രത്തേയും ചിന്തിച്ചു് ഈ ശകടദാസനും അങ്ങിനെ ചെയ്തിരിക്കാം. അല്ലെങ്കിൽ എന്തിന്നു സംശയിക്കുന്നു? ഈ മുദ്ര അവൻെറ കയ്യിൽത്തന്നെയാണു് സൂക്ഷിപ്പു്. സിദ്ധാത്ഥകൻ അവൻെറ സ്നേഹിതനും മരണത്തിൽനിന്നു രക്ഷിച്ചവനുമാണു്. ഭേദപടുക്കളായ ശത്രുക്കളുടെ ഗൂഢതന്ത്രപ്രയോഗത്താൽ അവശനായിത്തീൎന്ന ഈ ശകടദാസൻ എഴുതിക്കൊടുത്ത ലേഖനമാണിതെന്നു് സ്പഷ്ടമായിരിക്കുന്നു. സ്വാമിസ്നേഹം വെടിഞ്ഞു ഇവൻ ഇത്ര നീചവും ദയനീയവുമായ പ്രവൃത്തിചെയ്തു

മലയകേതു:—(നോക്കിയിട്ടു്) അവിടുന്നയച്ച മൂന്നു് ആഭരണങ്ങളും നന്ദിപൂൎവ്വം കൈപ്പററിയെന്നു് എഴുത്തിൽ കണ്ടു. അവയിലൊന്നായിരിക്കണം ഈ ധരിച്ചിട്ടുള്ള ആഭരണം (സൂക്ഷിച്ചുനോക്കി ആത്മഗതം) അല്ല: ഇതെൻെറ അച്ഛൻ മുമ്പണിയാറുള്ള ആഭരണങ്ങളാ

ണല്ലോ? (പ്രകാശം) ആര്യ്യ! ഈ ആഭരണം എവിടു ന്നു് കിട്ടിയതാണു്.

രാക്ഷസൻ:—കച്ചവടക്കാരൻ വില്പനക്കു കൊണ്ടുവന്നപ്പോൾ വാങ്ങിച്ചതാണു്.

മലയകേതു:—വിജയെ നിണക്കീ ആഭരണം ഏതാണെന്നു മനസ്സിലായോ?

പ്രതിഹാരി:—(സൂക്ഷിച്ചുനോക്കി കണ്ണീർ തൂക്കിക്കൊണ്ടു്) എനിക്കെങ്ങിനെ മനസ്സിലാകാതിരിക്കും? സുഗൃഹീത നാമാവായ പർവ്വതേശ്വര മഹാരാജാവു് നിത്യവും ഉപയോഗിച്ചിരുന്നതല്ലെ? ഇതു്.

മലയകേതു:—(കണ്ണീരോടെ) ഹാ! പ്രിയപ്പെട്ട അച്ഛ! അവിടുത്തേക്കു് ഏററവും ഇഷ്ടപ്പെട്ട ഈ ആഭരണങ്ങൾ അവിടുത്തെ ശരീരത്തിന്നു് എന്തൊരു ചേർച്ചയായിരുന്നു! ശരൽക്കാല സന്ധ്യയിലെ നക്ഷത്രങ്ങളാൽ പൂർണ്ണചന്ദ്രനെന്നപോലെ ഈ സുന്ദര വിഭൂഷണങ്ങൾ അവിടുത്തെ മുഖത്തിന്നെന്തൊരഴകായിരുന്നു?

രാക്ഷസൻ:—(സ്വഗതം) ഇതെങ്ങിനെയാണു് പർവ്വതേശ്വരൻ മുമ്പു് ധരിച്ചതാവുക? ഇതദ്ദേഹത്തിൻെറതന്നെയാണെന്നതിൽ സംശയവുമില്ല. (പ്രകാശം)ഇതും ചാണക്യൻ നിയോഗിച്ച കച്ചവടക്കാരൻ ഇവിടെ കൊണ്ടുവന്നു് വിററതാണു്.

മലയകേതു:—ആര്യ്യ; ഇതച്ഛൻ മുമ്പണിഞ്ഞിരുന്ന ആഭരണങ്ങൾ. പിന്നീടതു ചന്ദ്രഗുപ്തൻെറ കയ്യിൽ എത്തി

ച്ചേന്നതും! അതെങ്ങിനെയാണ് കച്ചവടക്കാരൻ വിററുവെന്നു് പറയുന്നതു്? ഇതു് തീരെ യോജിക്കുന്നില്ല. അല്ലെങ്കിൽ ഇങ്ങിനെയും വരാമല്ലൊ. ചന്ദ്രഗുപ്തന്ന് അധികം ലാഭമുണ്ടാക്കുവാൻ ആഗ്രഹിക്കുന്ന താങ്കൾ എന്നെത്തന്നെ വിററ് അതിൻെറ വിലയാക്കിത്തീൎത്തിരിക്കുന്നു.

രാക്ഷസൻ:—(ആത്മഗതം) ആശ്ചൎയ്യം! ശത്രുവിൻെറ സകല പ്രയോഗങ്ങളും അന്യോന്യം നല്ലപോലെ കൂട്ടിച്ചേൎത്തിരിക്കുന്നു. ഈ ലേഖനം എൻെറതല്ലെന്നും ഈ മുദ്ര സ്നേഹവഞ്ചകനായ ശകടദാസൻെറകൃത്രിമ നിൎമ്മിതമാണെന്നും പറഞ്ഞാൽ ആരാണ് വിശ്വസിക്കുക! അതുപോലെതന്നെ ഈ ഭൂഷണവിക്രയവും ചന്ദ്രഗുപ്തൻ മുഖേന സംഭവിച്ചിട്ടുള്ളതാണെന്ന് ആരെങ്കിലും ഊഹിക്കുമോ! എന്നു മാത്രമല്ല പരപക്ഷത്തിൽ പ്രതിപത്തിയുള്ളവനാണെന്നു തെളിയുകയുംചെയ്തു കഷ്ടം! ഇതന്യഥാകരിക്കുവാൻതക്കവണ്ണം എനിക്ക് ഉത്തരം യാതൊന്നുമില്ല.

മലയകേതു:—ആൎയ്യനോട് ഞാൻ ഇതുകൂടി ചോദിക്കുന്നു.

രാക്ഷസൻ:—(കണ്ണീർ തൂകിക്കൊണ്ടു്) രാജകുമാര! ആരാണാൎയ്യൻ. അവനോടു ചോദിക്കൂ. ഞാനിപ്പോഠം അനാൎയ്യനായിത്തീൎന്നിരിക്കയാണു്.

മലയകേതു:—ഈ മൌൎയ്യൻ താങ്കളുടെ യജമാനൻെറ പുത്രൻ മാത്രമാണു്. എന്നാൽ താങ്കളെ പരിചരിച്ച് ആദരിക്കുന്ന ഈ മലയകേതു താങ്കളുടെ ഒരാത്മസു

ഹൃത്തിൻെറ പുത്രനാണ്. അവിടെ താങ്കളുടെ സചിവപദം ദാസ്യമായിക്കരുതി ധനം നല്കപ്പെടുന്നു. ഇവിടെയോ എൻെറ സൎവ്വത്തിൻേറയും നാഥനായി സൽക്കാരപൂൎവ്വം ഞാൻ താങ്കളെ വാഴിച്ചിരിക്കുന്നു. ഇതിന്നുമീതെ എന്തൊരു നീചമായ സ്വാൎത്ഥചിന്തയാണ് താങ്കളെ ഇങ്ങിനെ അനാൎയ്യനാക്കിത്തീൎത്തതു്!

രാക്ഷസൻ:—കുമാര, ഇതു സമാധാനം പറയാനാവാത്തവിധം തീരുമാനത്തിൽ എത്തിക്കഴിഞ്ഞു. ആവട്ടെ ഇതെൻെറ വിധിബലം. അവിടുത്തേക്കെന്താണിതിലൊരു ദോഷം? മൌൎയ്യൻ എൻെറ സ്വാമിപുത്രൻ മാത്രമാണ്. അവിടുന്ന് എൻെറ സമാരാദ്ധ്യനായ സുഹൃൽപുത്രനും. അവിടെ എനിക്ക് ദാസ്യത്തിന്നു പ്രതിഫലംകിട്ടും. ഇവിടെ ഞാൻ സൎവ്വത്തിന്നും സ്വാമിയാണ്. എന്നിട്ടും എന്നെ അനാൎയ്യനാക്കിത്തീൎക്കുന്ന ഏതോ നീച സ്വാൎത്ഥത്തെ ഞാൻ ആഗ്രഹിക്കുന്നുവെന്നോ? കഷ്ടം! കുമാര, ഇതിൽപരം ദയനീയത വേറെയില്ല.

മലയകേതു:—(കത്തും ആഭരണപ്പെട്ടിയും കാണിച്ച്) എന്നാൽ ഇതെന്താണ്?

രാക്ഷസൻ:—(കണ്ണീരോടെ) വിധിവിലസിതംതന്നെ. മറെറന്തു്? ഭൃത്യനെന്ന നിലയിൽ ഉപേക്ഷിക്കപ്പെടാവുന്ന എന്നെ പുത്രനിൎവ്വിശേഷം പരിപാലിച്ചുപോന്ന എൻെറ പ്രഭുക്കന്മാർ ഈയുള്ളവനെ വീണ്ടും ലോകത്തിൻെറ പരീക്ഷക്കു വിധേയനാക്കിയിരിക്കയാണ്.

ഇതിൽ ഈ പാപിയുടെ പുരുഷപ്രയത്നങ്ങളെ വിധ്വംസനംചെയ്യുന്ന വിധിയുടെ ദുർവ്വിലസിതം മാത്രമാണു് വിജയിക്കുന്നതു്'.

മലയകേതു:—(സകോപം) ആ! ഹാ! എന്നിട്ടും മൂടിവെക്കുകതന്നെയാണു്. വിധിയുടെ വിലസിതമാണത്രെ! ലോഭത്തിൻെറയല്ല; അല്ലെ; ഛെ! കൃതഘ്ന! താങ്കളിൽ പരിപൂൎണ്ണവിശ്വാസമൎപ്പിച്ചു്, വിശ്രമംകൊണ്ടിരുന്ന എൻെറ പിതാവിനെ വിഷകന്യകയെ പ്രയോഗിച്ചു് നാമാവശേഷനാക്കിത്തീൎത്തു. ഇപ്പോളിതാ മൌൎയ്യൻെറ മന്ത്രിപദത്തിന്നുവേണ്ടി ഗൃദ്ധപ്രവൃത്തികളെക്കൊണ്ടെന്നെ തുലച്ചു് എൻെറ മാംസവിക്രയത്തിന്നുപോലും താങ്കൾ ഒരുമ്പെട്ടിരിക്കുന്നു.

രാക്ഷസൻ:—(സ്വഗതം) ഇതാ വേറൊന്നുകൂടി. കുനിന്മേൽ ഒരു കുരുവുംകൂടി ആയി. (പ്രകാശം ചെവി പൊത്തിയിട്ടു്) ശാന്തം പാപം! ഇതുഴകൾക്കേണ്ടിവന്നുവല്ലൊ! ഞാനല്ല പൎവ്വതേശ്വരനിൽ വിഷകന്യകയെ പ്രയോഗിച്ചതു്.

മലയകേതു:—എന്നാൽ പിന്നെ ആരാണു്? എൻെറ അച്ഛനെ വധിച്ചതു്?

രാക്ഷസൻ:—ദൈവത്തോട്ടതന്നെ ചോദിക്കണം.

മലയകേതു:—ദൈവത്തോടാണൊ ചോദിക്കേണ്ടതു്? ക്ഷപണകനായ ജീവസിദ്ധിയോടല്ല?

രാക്ഷസൻ:—ഈശ്വരാ! ജീവസിദ്ധികൂടി ചാണക്യൻെറ

ചാരനൊ! കഷ്ടം! എൻെറ ഹൃദയവുംകൂടി ശത്രു കവ
ൎന്നിരിക്കുന്നു.

മലയകേതു:—(സകോപം) ഭാസുരക, എൻെറ ഈ കല്പന
ശേഖരസേനനെച്ചെന്നറിയിക്കൂ. ഇപ്പറയുന്ന അഞ്ചു
രാജാക്കന്മാരും രാക്ഷസനുമായി സഖ്യം സമ്പാദിച്ച്
അവൻെറ സഹായത്തോടുകൂടി എന്നെ നശിപ്പിച്ച്
ചന്ദ്രഗുപ്തനെ ആരാധിക്കാൻ പുറപ്പെട്ടതായി ഇവിടെ
തെളിവുകിട്ടിയിരിക്കുന്നു. ചിത്രവൎമ്മൻ, സിംഹനാദൻ,
പുഷ്കരാക്ഷൻ, സുഷേണൻ, മേഘനാദൻ ഈ അ
ഞ്ചുപേരിൽ ആദ്യത്തെ മൂന്നാം എൻെറ ഭൂമിയെ
ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ടു് അവരെ ജീവ
നോടെ കുഴിച്ചുമൂടട്ടെ! മററു രണ്ടുപേർ എൻെറ ഗജ
സൈന്യത്തിൽ കൊതിയുള്ളവരാണ്. അതിനാൽ
അവരെ ആനകളെക്കൊണ്ടുതന്നെ ചവിട്ടിത്തേച്ചു
കൊല്ലിക്കട്ടെ.

പുരുഷൻ:—കല്പനപോലെ (പോകുന്നു.)

മലയകേതു:—(സക്രോധം) രാക്ഷസ! രാക്ഷസാ! ഞാൻ വി
ശ്വാസഘാതകനായ രാക്ഷസനല്ല. ഇതു് മലയകേതു
വാണ്. യഥേഷ്ടം പൊയ്ക്കൊള്ളുക. പിന്നു് സൎവ്വാ
ത്മനാ ചന്ദ്രഗുപ്തനെത്തന്നെ ആശ്രയിച്ചുകൊള്ളുക.
ആ വിഷ്ണുഗുപ്തനേയും മൌൎയ്യനേയും അവരോടുചേൎന്ന
താങ്കളേയും ഞാനിതാ ദുഷ്ടനീതികൾ ത്രിവൎഗ്ഗത്തെ
എന്നപോലെ ഉന്മൂലനംചെയ്യുന്നുണ്ടു്.

ഭാഗുരായണൻ:—കുമാരാ! ഏതായാലും ഇനി താമസിക്കുന്നതു യുക്തമല്ല. വേഗത്തിൽ കുസുമപുരത്തെ ചെന്നു വളയുവാൻ നമ്മുടെ സൈന്യങ്ങൾക്ക് കല്പനകൊടുത്താലും. നമ്മുടെ കുതിച്ചുപൊങ്ങുന്ന കുതിരപ്പടയുടെ ഖുരന്യാസത്താൽ പതഞ്ഞുപൊങ്ങുന്ന പൊടിപടലങ്ങൾ ദിങ്മുഖങ്ങളിൽ സ്തംഭങ്ങളായി ഉയരട്ടെ നമ്മുടെ മത്തഗജങ്ങളുടെ മദജലപ്രവാഹംകൊണ്ടു് അവയുടെ അടി പുഴക്കി ശത്രുക്കളുടെ ശിരസ്സിൽ വീഴ്ത്തട്ടെ.

(മലയകേതു പരിവാരത്തോടുകൂടി പോകുന്നു.)

രാക്ഷസൻ:—(ആവേശത്തോടുകൂടി) ഹാ! കഷ്ടം! ദയനീയം. ആ ചിത്രവർമ്മാദികളായ സാധു രാജാക്കന്മാർ കൂടി കൊല്ലപ്പെട്ടു! സുഹൃത്തുക്കളെയെല്ലാം നശിപ്പിക്കുവാനാണു് ഈ രാക്ഷസൻ പ്രവർത്തിക്കുന്നതു്. അല്ലാതെ ശത്രുനാശത്തിന്നായിട്ടല്ല. ഹതവിധേ! ഇനി എന്താണു നിർഭാഗ്യവാൻ ചെയ്യേണ്ടതു്? വല്ല തപോവനത്തിലും ചെന്നു് ആയുശ്ശേഷം നയിക്കാമെന്നുവെച്ചാൽ ശത്രുവിന്നു് പ്രതിവിധിചെയ്യാതെ എൻെറ മനസ്സിൽ പെരുകിവരുന്ന വൈരം തപസ്സുകൊണ്ടു് ശമിക്കുകയില്ല. ആത്മഹത്യചെയ്തു് സ്വാമിയുടെ മാർഗ്ഗത്തെ അവലംബിക്കാമെന്നു്വെച്ചാൽ ശത്രു ജീവിച്ചിരിക്കെ അങ്ങിനെ ചെയ്യുന്നതു് സ്ത്രീകൾക്കുചേർന്ന പ്രവൃത്തിയാണു്. എന്നാൽ ആയുധമാത്രധാരിയായി

അടക്കളത്തിൽ ചെന്നുവീണ് മരണംവരെ അടർചെയ്യാമെന്നുവെക്കുമ്പോഠം അതാ അവിടെയും ഒരു പ്രതിബന്ധം. ആത്മമിത്രമായ ആ ചന്ദനദാസൻ ഇപ്പോഴും ബന്ധനത്തിലാണു്. അദ്ദേഹത്തെ മോചിപ്പിക്കാതിരിക്കുന്നതിൽ പരം വലിയ കൃതഘ്നത മററെന്താണുള്ളതു്? ഹാ! ദൈവമേ! (പോകുന്നു.)

അഞ്ചാമങ്കം സമാപ്തം.

## അങ്കം 6

### ദൃശ്യം I

(ഉന്മേഷവദനനായി സിദ്ധാത്ഥകൻ പ്രവേശിക്കുന്നു.)

സിദ്ധാത്ഥകൻ:—നമ്മുടെ പ്രിയ സ്നേഹിതനായ സമിദ്ധാത്ഥകനെ കണ്ടിട്ട് കാലം കുറെയായി. ഒന്നു് ചെന്നു കണ്ടുകളയാമെന്നുവെച്ച് പുറപ്പെട്ടതാണു്. അപ്പോഴേക്കുമിതാ ചങ്ങാതി ഈ വഴിക്കുതന്നെ വരുന്നുണ്ടു്.

(പ്രവേശിക്കുന്നു.)

സമിദ്ധാത്ഥകൻ:—ഓ! ഇതാര്? സിദ്ധാത്ഥനൊ? നമസ്തേ! ഏറെ നാളായല്ലോ കണ്ടിട്ടു്! മലയകേതു കടകത്തിൽ നിന്നിങ്ങോട്ടു പോന്നിട്ടുണ്ടെന്നു കേട്ടു.

സിദ്ധാത്ഥകൻ:—നമസ്തേ. സ്നേഹിത, സുഖംതന്നെയല്ലെ? (അന്യോന്യം ആലിംഗനംചെയ്യുന്നു.)

സമിദ്ധാത്ഥകൻ:—എന്തു് സുഖം? താങ്കഠം വന്നിട്ടിത്രയും നാളായിട്ടു് ഒന്നു വീട്ടിലോളം വന്നില്ലല്ലോ!

സിദ്ധാൎത്ഥ:—ക്ഷമിക്കണം. സ്നേഹിത; ഇവിടെ എത്തിയപ്പോഴേക്കും ആൎയ്യചാണക്യൻ എന്നോട്ടു കല്പിച്ചു വിവരങ്ങളെല്ലാം ചന്ദ്രഗുപ്തമഹാരാജാവിനെച്ചെന്നറിയിക്കാൻ. അവിടെ എല്ലാ വിവരവും അറിയിച്ച് തിരുമനസ്സിനെ സന്തോഷിപ്പിച്ച് സമ്മാനവും വാങ്ങി ഇവിടെ എത്തിയതേയുള്ളു. ഇനി താങ്കളേയും ഒന്നു കാണണമെന്ന ആഗ്രഹത്താൽ താങ്കളുടെ വീട്ടിലേക്കു തന്നെ പുറപ്പെട്ടതുമാണു്.

സമിദ്ധാൎത്ഥകൻ:—ചങ്ങാതി, എനിക്കു കേൾക്കാൻ പാടുണ്ടെങ്കിൽ പറയൂ. എന്താണു് മഹാരാജാവിനെ ഇത്ര ധൃതിയായിച്ചെന്നറിയിച്ച കാൎയ്യം?

സിദ്ധാൎത്ഥ:—എടൊ; തനിക്കു കേൾക്കാൻ പാടില്ലാത്തതെന്താണുള്ളതു്. താൻ കേൾക്കേണ്ടതുതന്നെയാണു്. ആൎയ്യചാണക്യന്റെ ഗൂഢനീതിയിൽ മോഹിതനായ മലയകേതു രാക്ഷസനെ പിടിച്ചു പുറത്താക്കുകയും തന്നെ അനുഗമിക്കാൻ നിശ്ചയിച്ചിരുന്ന ചിത്രവൎമ്മാദികളായ അഞ്ചു രാജാക്കന്മാരെ വധിച്ചുകളയുകയും ചെയ്തു. ഇതു കണ്ടപ്പോൾ മററു സാമന്തരാജാക്കന്മാൎക്കെല്ലാം വലിയ വെറുപ്പും നിരാശയുമുണ്ടായി. മലയകേതുവിന്റെ വിചാരശൂന്യമായ ഈ പ്രവൎത്തിയിൽ സഹകരിക്കാൻ മനസ്സില്ലാതെ, ചിന്നിച്ചിതറി ഭയസംഭ്രാന്തമായിത്തീൎന്ന സൈന്യങ്ങളുമായി സ്വന്തം രാജ്യങ്ങളിലേക്കുതന്നെ മടങ്ങിപ്പോകുവാനുള്ള

ഒരുക്കങ്ങൾ തുടങ്ങി. ആകപ്പാടെ സൈന്യങ്ങളു ടെ ഇടയിൽ വലിയ ബഹളമായി. അപ്പോൾ ഭദ്രഭ ടൻ, പുരുഷദത്തൻ, ഡിംഗരാതൻ, ബലഗുപ്തൻ, രാജസേനൻ, ഭാഗുരായണൻ, രോഹിതാക്ഷൻ, വിജ യവമ്മൻ മുതലായവരെല്ലാംകൂടി മലയകേതുവിനെ ബന്ധിച്ച് തടവുപുള്ളിയാക്കി പിടിക്കയുംചെയ്തു.

സമിദ്ധാത്ഥകൻ:—ഇതു വളരെ വിചിത്രമായിരിക്കുന്നുവ ല്ലോ? ഈ ഭദ്രഭടപ്രഭൃതികൾ ചന്ദ്രഗുപ്തനെ വെറുത്തു മലയകേതുവിനെ ച്ചെന്നാശ്രയിച്ചിട്ടുള്ള വരാണെന്ന ല്ലെ ജനങ്ങൾ ഇതുവരെ നാം വിചാരിച്ചിരുന്നതു്. ഇ തൊരു വികടകവിയുടെ നാടകംപോലെ ഒന്നിൽ തുട ങ്ങി വേറൊന്നിൽ അവസാനിച്ചിരിക്കുന്നുവല്ലൊ?

സിദ്ധാത്ഥകൻ:—എടൊ, ചങ്ങാതി, അതൊന്നും ആലോ ചിച്ചാൽ പിടുത്തംകിട്ടുകയില്ല. ദൈവഗതിപോലെ വിലസുന്ന ആയ്യചാണക്യനീതിയുടെ മുമ്പിൽ നമ സ്കരിക്കുകതന്നെ.

സമിദ്ധാത്ഥകൻ:— ആ! എന്നിട്ടു്? പിന്നെയെന്തെല്ലാമാണു് സംഭവങ്ങൾ?

സിദ്ധാത്ഥ:—പിന്നെ ആയ്യചാണക്യൻതന്നെ വീരന്മാരാ യ സൈന്യങ്ങളുമായിച്ചെന്നു് ആക്രമിച്ച് സകല മ്ലേച്ഛബലത്തേയും കീഴടക്കിയിരിക്കുന്നു.

സമിദ്ധാത്ഥ:—ഓ! ഹൊ! അങ്ങിനെയാണല്ലെ! ശരി! അ പ്പോൾ ചങ്ങാതി, ചോദിക്കട്ടെ; സകലജനസമക്ഷ ത്തിൽവെച്ച് ആയ്യചാണക്യൻ സവ്വ അധികാരങ്ങ

ളെയും ഉപേക്ഷിച്ചിരുന്നവല്ലൊ? പിന്നെ വീണ്ടും ആ മന്ത്രിപദത്തിൽതന്നെ എത്തിച്ചേൎന്നുവോ?

സിദ്ധാൎത്ഥ:—അസ്സലായി. തനിക്കിതൊന്നും അറിഞ്ഞുകൂട. അമാത്യരാക്ഷസൻകൂടി മനഃസ്സിലാക്കാത്ത ആൎയ്യചാണക്യന്റെ പൂൎവ്വചരിത്രമാണിനി തന്നെ പഠിപ്പിക്കേണ്ടതു്.

സമിദ്ധാൎത്ഥ:—അതിരിക്കട്ടെ, ഇപ്പോൾ അമാത്യരാക്ഷസൻ എവിടെയാണുള്ളതു്?

സിദ്ധാൎത്ഥ:—ആ വിപ്ലവത്തിന്നിടയിൽ ഭയസംഭ്രാന്തനായിതീൎന്ന രാക്ഷസൻ ചാരനായ ഉദുംബരനോടുകൂടി മലയകേതു കടകത്തിൽനിന്നും പാടലിപുത്രത്തിലേക്കു് കടന്നുവന്നിട്ടുണ്ടെന്നു് ആൎയ്യചാണക്യന്നു് വിവരം കിട്ടിയിട്ടുണ്ടു്.

സമിദ്ധാൎത്ഥ:—അപ്പോൾ വീണ്ടും രാക്ഷസൻ പാടലീപുത്രത്തിലേക്കതന്നെ വന്നു ഇല്ലെ? നന്ദരാജ്യം പുനഃസ്ഥാപിക്കാനുള്ള ഭഗീരഥപ്രയത്നത്തിന്നായിട്ടാണല്ലൊ ഇവിടം വിട്ടുപോയതു്?

സിദ്ധാൎത്ഥ:—അതെ, പക്ഷെ, ചന്ദനദാസനോടുള്ള സ്നേഹംകൊണ്ടാണിങ്ങോട്ടു വന്നതെന്നാണു് ഞാൻ വിചാരിക്കുന്നതു്.

സമിദ്ധാൎത്ഥ:—എന്നാൽ ചന്ദനദാസന്നു വേഗത്തിൽ മോചനം കിട്ടും ഇല്ലെ?

സിദ്ധാൎത്ഥ:—എങ്ങിനെയാണീ നിൎഭാഗ്യവാന്നു് മോചനം

കിട്ടുക. ഇപ്പോൾത്തന്നെ നാം രണ്ടുപേരുംകൂടി അവനെ കൊലക്കളത്തിൽ കൊണ്ടുപോയി വധിക്കണമെന്ന് ആൎയ്യചാണക്യൻ കല്പിച്ചിട്ടുണ്ടു്.

സമിദ്ധാൎത്ഥ:—(ക്രോധത്തോടെ) എന്തു്? ആൎയ്യചാണക്യന്ന് വേറെ ഘാതകന്മാർ ഇല്ലാതായൊ! ഈ മഹാപാപം ചെയ്യാനും നമ്മൾതന്നെ വേണോ?

സിദ്ധാൎത്ഥകൻ:—എടൊ! സ്നേഹിത, ജീവനിൽ കൊതിയുള്ള ആരാണു് ആൎയ്യചാണക്യകല്പന ഉല്ലംഘിക്കുവാൻ ഒരുങ്ങുക? അതിനാൽ വേഗം വാ: ചണ്ഡാലവേഷംകെട്ടി, ചന്ദനദാസനെ പിടിച്ചു കൊലക്കളത്തിലേക്ക് കൊണ്ടുപോക. വരൂ.—

(പോകുന്നു)

## ദൃശ്യം II

(ഒരു പുരുഷൻ കയ്യിൽ കയറുമായി തൂങ്ങിമരിക്കാനുള്ള ഭാവത്തിൽ പ്രവേശിക്കുന്നു.)

പുരുഷൻ:—(ചുറവും നോക്കിയിട്ടു്) ഇതുതന്നെയാണു് ആ സ്ഥലം. ആൎയ്യചാണക്യന്റെ മുമ്പിൽവെച്ചു് ഉദുംബരകൻ പറഞ്ഞുതന്ന ആ സ്ഥലം ഇവിടെത്തന്നെ ആയിരിക്കണം. അമാത്യരാക്ഷസൻ ഇതിലെ വരുമ്പോൾ അദ്ദേഹം കാണത്തക്കത്തവണ്ണം പ്രവൎത്തിക്കുവാനാണു് ആൎയ്യചാണക്യൻ എന്നോടാജ്ഞാപിച്ചിട്ടുള്ളതു്. (ദൂരത്തേക്ക് നോക്കിയിട്ടു്) അതാ തലയിൽ ഒരു മൂടുപടവും ധരിച്ചു് ഇങ്ങോട്ടുവരുന്നതു് രാക്ഷ

സൻതന്നൊയാണെന്നു തോന്നുന്നു. അതുകൊണ്ടു് ഞാ നീ ഉദ്യാനവൃക്ഷങ്ങളുടെ മറവിലെങ്ങാനും ഒളിച്ചിരുന്നു് അദ്ദേഹമെവിടെയാണു് ഇരിക്കുന്നതെന്നു നോക്കട്ടെ. (മറെറാരുഭാഗത്തേക്കു പോകുന്നു.

(രാക്ഷസൻ വസ്ത്രംകൊണ്ടു് ശിരസ്സ് മാച്ചു് ഒരു വാളും കയ്യിൽ ധരിച്ചു് പ്രവേശിക്കുന്നു.)

രാക്ഷസൻ:—(കണ്ണീർ വാത്തുകൊണ്ടു്) കഷ്ടം! ഹാ! കഷ്ടം! സാധാരണ സ്ത്രീകളെപ്പോലെ ഐശ്വര്യദേവതയായ ശ്രീയുംകൂടി സ്വാശ്രയമററപ്പോൾ കുലടയെപ്പോലെ അന്യകുലത്തിൽ ചെന്നുചേൎന്നു. എന്നിട്ടും ഗതാനുഗതികന്മാരായ പ്രജകൾ സ്നേഹശൂന്യയായ അവളെത്തന്നെ അനുഗമിച്ചുകൊണ്ടിരുന്നു. ആപ്തന്മാരായ അസ്മാദൃശന്മാരുടെ സകല പൌരുഷപ്രയത്നങ്ങളും തന്നിമിത്തമിതാ ഉപേക്ഷിക്കേണ്ടിയും വന്നിരിക്കുന്നു. ശിരസ്സില്ലാത്ത ശരീരംപോലെ കേവലം നിൎജ്ജീവമായിത്തീൎന്നിരിക്കുന്ന ഈയുള്ളവൻ ഇനി എന്താണു് ചെയ്യേണ്ടതു്. ഹ! ദുൎവ്വിധെ! നീതന്നെ ജയിക്കുന്നു. ദൈവംതന്നെ മനുഷ്യപ്രയത്നത്തിന്നു് പരമശത്രുവായി നില്ക്കുമ്പോൾ ഈ നിസ്സാരമനുഷ്യൻ എന്തുചെയ്യും? നന്ദകുല ഐശ്വര്യത്തെ സുസ്ഥാപിതമാക്കുവാൻവേണ്ടി പ്രയത്നിക്കുമ്പോൾ വൃഷലനെച്ചെന്നു് ആശ്രയിച്ചു് വൃഷലിയെപ്പോലെ നന്ദകുല ലക്ഷ്മി അവനിൽത്തന്നെ അനുരക്തയായിത്തീൎന്നിരിക്കുന്നു. ആ പ്രഭുക്കന്മാർ ദിവംഗതരായിട്ടുകൂടി അവരുടെ ഐശ്വ

ത്ത്യത്തെ പുനഃസ്ഥാപിക്കുവാൻവേണ്ടി ഞാൻ ആ പ
ർവ്വതേശ്വരനെ ചെന്നാശ്രയിച്ച് അശ്രാന്തം പരിശ്ര
മിച്ചുകൊണ്ടിരുന്നു. നിർഭാഗ്യത്താൽ ആ പ്രയത്നവും
നിഷ്ഫലമായിത്തീൎന്നപ്പോഠം. മലയകേതുവിനെ സ
മീപിച്ച് വീണ്ടും പ്രയത്നിച്ചു. അവിടെയും ഫലം
നിഷ്ഠൂരമായ നിരാശതന്നെ. ഇതിലാരേയും കുററ
പ്പെടുത്തുവാനില്ല. നന്ദകുലത്തിൻെറ പരമശത്രു ദൈ
വംതന്നെയാണ്. ആ ബ്രാഹ്മണനല്ല. കഷ്ടം! ആ മല
യകേതുവിൻെറ ബുദ്ധിശൂന്യത! അതാലോചിക്കും
തോറും അത്ഭുതമായിത്തോന്നുന്നു. സ്വന്തം സ്വാമിയു
ടെ വംശനാശം വന്നിട്ടുകൂടി അവരെ ശുശ്രൂഷിച്ചു
കൊണ്ടിരിക്കുന്ന ഈ രാക്ഷസൻ ശത്രുക്കളോടു സ
ന്ധിചെയ്യുവത്രെ! ഇതാലോചിക്കാനുള്ള വിവേകവും
കൂടി ആ മ്ലേച്ഛരാജാവിന്നില്ലാതെപോയി. അല്ലെ
ങ്കിൽ എന്തിന്നയാളെ കുററപ്പെടുത്തുന്നു? ദൈവോപ
ഹതനായ ഒരുവന്നു് സൎവ്വവും വിപരീതമായിട്ടേ വ
ന്നുചേരുകയുള്ളൂ. ഇങ്ങിനെ എല്ലാം ആയാൽകൂടി ശ
ത്രുവിൻെറ കയ്യിൽ അകപ്പെട്ട് സ്വയം നശിക്കുകയ
ല്ലാതെ ഈ രാക്ഷസൻ ചന്ദ്രഗുപ്തനുമായി സന്ധി
ചെയ്യുകയില്ല. ഞാൻ ശത്രുവിൻെറ വഞ്ചനകളിൽ
അകപ്പെടുന്നതിനേക്കാഠം ഭയപ്പെടുന്നതു് വിശ്വാസ
വഞ്ചകനാണെന്ന അപഖ്യാതിയെയാണ്. (ചുററു
പാടും നോക്കി വ്യസനിക്കുന്നു) ഹാ! ഈ ഉപവനം

ആനന്ദരാജാക്കന്മാരുടെ പാദസ്പർശത്താൽ പവിത്രീകൃതമാണ്. ഇതു ഞങ്ങളുടെ വിസ്രബ്ധസംഭാഷണങ്ങളുടെയും ലീലാവിലാസങ്ങളുടെയും വിഹാരരംഗങ്ങളായിരുന്നു. ഇന്നാകട്ടെ ഇതേററവും ഉദ്വേഗജനകമായിത്തീൎന്നിരിക്കുന്നു. ഇനി ഞാൻ ഇവിടെനിന്ന് എങ്ങോട്ടാണീശ്വരാ പോകേണ്ടതു്! (ചുററും നോക്കിയിട്ടു്) ആവട്ടെ, ഈ ഉദ്യാനത്തിന്നുള്ളിലേക്ക് ചെന്നു് ചന്ദനദാസൻെറ വല്ല വിവരവും അറിയാൻ ശ്രമിക്കാം. മനുഷ്യജീവിതത്തിൻെറ സമവിഷമങ്ങളായ അവസ്ഥാന്തരങ്ങളെപ്പററി ചിന്തിക്കുമ്പോൾ നടുങ്ങിപ്പോകുന്നു. ഒരുകാലത്തു ഏതൊരുദ്യാനത്തിൽ, സാമന്തരാജാക്കന്മാരാലും പൌരജനങ്ങളാലും ചുററപ്പെട്ടവനായി, പൂൎണ്ണചന്ദ്രനെപ്പോലെ പ്രജാസഞ്ചയത്തിൻെറ മനം കുളിൎപ്പിച്ചുകൊണ്ടു് നടന്നിരുന്നു, ആ ഉദ്യാനത്തിലാണു് ഞാനിപ്പോൾ ഒരു കള്ളനെപ്പോലെ പ്രവേശിക്കുന്നതു്. അന്നത്തെ ആ രാമണീയകതയൊന്നും ഇന്നിവിടെ കാണുന്നുമില്ല. ഇന്നിതു കേവലം നിൎജ്ജീവവും ശൂന്യവുമായ ശ്മശാനംപോലെ കിടക്കുന്നു. ഇവിടെ ഉണ്ടായിരുന്ന മണിപ്രാസാദങ്ങളും വിഹാരമണ്ഡപങ്ങളും പൊളിഞ്ഞു തകൎന്നിരിക്കുന്നു. സുഹൃൽവ്യസനം സഹിക്കുന്ന സജ്ജനഹൃദയംപോലെ സരസ്സ് ശുഷ്കമായിത്തീൎന്നിരിക്കുന്നു. വൃക്ഷങ്ങളെല്ലാം ഫലഹീനങ്ങൾ! കുടിലനീതികൾ നിറഞ്ഞ മൂൎഖഹൃദയംപോലെ ഭൂമി പുല്ലുനിറഞ്ഞു മൂടിക്കിടക്കുന്നു. എന്തൊരു

ജീർണ്ണതയാണീത്തപോവനത്തിന്ന വന്നുചേൎന്നിരിക്കു ന്നതു്! കഷ്ടം! ഏതായാലും ഈ ശിലാതളിമത്തിൽ ചെന്നിരുന്ന് കുറച്ചു വിശ്രമിക്കാം. (ഇരിക്കുന്നു.) ദൂരെ നിന്നു് ഒരു പടഹധ്വനി കേൾക്കുന്നു. അതാ! പെരു മ്പറവാദ്യം കേൾക്കുന്നു. എന്താണീസമയത്തു ഒരു പെരുമ്പറവാദ്യംമുഴക്കൽ. എട്ടുദിക്കിലും മാറെറാലി ക്കൊള്ളുന്ന ഈ പടഹധ്വനി എന്തിന്റെ നാന്ദിയാ യിരിക്കും? (ആലോചിച്ച്) ആ! മനസ്സിലായി. ഇതു മലയകേതുവിനെ പിടിച്ചു ബന്ധനത്തിലാക്കിയതിലു ള്ള ചന്ദ്രഗുപ്തസൈന്യത്തിന്റെ വിജയാഘോഷമാ ണ്. കഷ്ടം! ശത്രുവിന്റെ വിജയാഘോഷവും എന്നെ കേൾപ്പിച്ചു. ഇനിയിതാ എന്റെ ദുർവ്വിധിയുടെ പ്രച ണ്ഡതാണ്ഡവംകൂടി പ്രദർശിപ്പിക്കുകയായി.—(ഒരു ഭാഗത്തുകൂടി ഒരു പുരുഷൻ പ്രവേശിച്ച്—)

പുരുഷൻ:—അദ്ദേഹം ഇതാ ഇവിടെ ഇരിക്കുന്നുണ്ടു്. ആൎയ്യ ചാണക്യന്റെ ആജ്ഞ അനുഷ്ഠിക്കാനുള്ള അവസ രം ഇതുതന്നെ. (രാക്ഷസനെ കണ്ടുവെന്നു നടിക്കാതെ മുമ്പിൽചെന്നു് കയറിൽ കുടുക്കിട്ട് കഴുത്തിൽ ബ ന്ധിക്കാൻ ശ്രമിക്കുന്നു.)

രാക്ഷസൻ:—(കണ്ടിട്ട്) ഇതാരാണു് കഴുത്തിൽ കയറിടു വാൻ ഭാവിക്കുന്നതു്? ഇവനും എന്നെപ്പോലെ എ ന്തോ കഠിന വ്യസനത്തിന്നു പാത്രമായിട്ടുണ്ടു്. ഏത യാലും വിവരമന്വേഷിക്കാം. എടൊ, താനെന്താണീ ചെയ്യുന്നതു്?

പുരുഷൻ:—(കരഞ്ഞുകൊണ്ട്) അങ്ങന്നെ, ഒരു ആത്മമിത്രത്തിൻെറ വിനാശദുഃഖം സഹിക്കാൻ സാധിക്കാത്ത ഞാൻ മറെറന്താണ് ചെയ്യേണ്ടതു്.

രാക്ഷസൻ:—(ആത്മഗതം) ഞാൻ ഉദ്ദേശിച്ചതുപോലെ തന്നെ. ഇവൻ ഏതോ കഠിനവ്യസനം അനുഭവിക്കുന്നുണ്ട്. (പ്രകാശം) ഏ: മനുഷ്യ! ദുഃഖാനുഭവത്തിൽ ഞാനും താങ്കൾക്ക തുല്യനാണ്. താങ്കളുടെ ദുഃഖം അതിരഹസ്യമോ, അതിഭാരമുള്ളതൊ അല്ലെങ്കിൽ എന്നോടു പറയൂ.

പുരുഷൻ:—അങ്ങന്നെ! രഹസ്യമൊന്നുമില്ല. വലിയ ഭാരമുള്ളതുമല്ല. എന്നാലും എൻെറ പ്രിയ സ്നേഹിതൻെറ വിനാശംമൂലമുള്ള ഈ ദുഃഖം അനുഭവിക്കാൻ ശേഷിയില്ലാത്ത ജീവിതം അത്രയും നീട്ടിക്കൊണ്ടുപോകുവാൻ എനിക്ക് കഴിയുന്നില്ല.

രാക്ഷസൻ:—(ദീർഘശ്വാസത്തോടെ ആത്മഗതം) കഷ്ടം! സുഹൃദ്വ്യസനത്തിൽ ഉദാസീനനായ എനിക്കിതൊരു പാഠമാണ്. (പ്രകാശം) എടൊ! അത്രക്ക രഹസ്യവും ഭാരവുമല്ലെങ്കിൽ എനിക്ക കേൾക്കാൻ ആഗ്രഹമുണ്ട്.

പുരുഷൻ:—ഹാവൂ! അവിടുന്നൊന്നൊ നിർബ്ബന്ധിക്കുന്നു. എന്താണ് ചെയ്യുക. ഞാൻ പറയാം. ഈ നഗരത്തിൽ സ്വർണ്ണവ്യാപാരി വിഷ്ണുദാസൻ എന്നൊരാളുണ്ട്.

രാക്ഷസൻ:—(ആത്മഗതം) ഈ വിഷ്ണുദാസൻ ചന്ദനദാ

സൻെറസ്സേഹിതനാണല്ലൊ? (പ്രകാശം) എന്താണ്? അദ്ദേഹത്തിന്ന്?

പുരുഷൻ:—അദ്ദേഹം എൻെറ പ്രാണ സ്സേഹിതനാണ്.

രാക്ഷസൻ:—(സഹർഷം. ആത്മഗതം) പ്രാണസ്സേഹിതൻ എന്നാണ് പറയുന്നത്. അപ്പോഠം എൻെറ ബന്ധവും അടുത്തുവരുന്നുണ്ട്. ഇവൻ ചന്ദനദാസൻെറയും വൃത്താന്തമറിയാതിരിക്കയില്ല. (പ്രകാശം) എടൊ പറയൂ: എന്താണദ്ദേഹത്തിന്ന് പററിയതു്?

പുരുഷൻ:—അദ്ദേഹമിതാ സകലവും വലിച്ചെറിഞ്ഞ് തീയ്യിൽച്ചാടി മരിക്കാൻവേണ്ടി നഗരത്തിൻെറ പുറത്തേക്ക് ഓടിപ്പോയിട്ടുണ്ടു്. അദ്ദേഹത്തിൻെറ വിയോഗം കേഠക്കാൻ ഇടവരുന്നതിന്ന്മുമ്പ് കെട്ടിത്തൂങ്ങി ആത്മഹത്യചെയ്യേക്കാമെന്നുവെച്ച് ഞാൻ ഇങ്ങോട്ടുവന്നതാണ് ദയവുചെയ്തു മുടക്കമുണ്ടാക്കരുതു്.

രാക്ഷസൻ:—അദ്ദേഹം അഗ്നിയിൽച്ചാടാനുള്ള കാരണമെന്താണ്? ചികിത്സിച്ചാൽ ഭേദമാവാത്ത വല്ല മഹാവ്യാധിയിലും പെട്ടുവോ?

പുരുഷൻ:—ഇല്ലില്ല.

രാക്ഷസൻ:—വിഷാഗ്നിവമിക്കുന്ന രാജകോപത്തിന്ന് പാത്രമായൊ?

പുരുഷൻ:—അയ്യൊ! ശാന്തം പാപം. ചന്ദ്രഗുപ്തൻെറ ഈ രാജ്യത്തിൽ അത്തരം നിഷ്ഠുരതക്കവകാശമേയില്ല.

രാക്ഷസൻ:—പിന്നെന്താണ്? പറയൂ! അലഭ്യയായ വല്ല നാരീജനത്തെയും കാമിച്ചുവോ?

പുരുഷൻ:—(ചെവിട് പൊത്തിയിട്ട്) അയ്യൊ! അങ്ങന്നെ, ഒരിക്കലുമില്ല. അത്തരം ആലോചനാശൂന്യനൊന്നുമല്ലദ്ദേഹം.

രാക്ഷസൻ:—എന്നാൽ താങ്കളെപ്പോലെയുള്ള വല്ല പ്രാണമിത്രത്തിൻെറയും വിനാശത്താൽ നിരാശപ്പെട്ടു പോയോ?

പുരുഷൻ:—അതെ, അങ്ങന്നെ. അതു തന്നെയാണു് കാരണം.

രാക്ഷസൻ!—(ആത്മഗതം) അങ്ങിനെയാണെങ്കിൽ ചന്ദനദാസൻെറ വല്ല ആപത്തുമായിരിക്കുമോ; ഇദ്ദേഹത്തിൻെറ അഗ്നിപ്രവേശനത്തിന്നുള്ള കാരണം. പലവ്യസനങ്ങളും എൻെറ ഹൃദയത്തെ മഥിക്കുന്നു. (പ്രകാശം) ഇദ്ദേഹത്തിനെ മരിക്കുവാൻ ഇടവരുത്തുന്ന ആ പുണ്യചരിതന്നു് വിനാശംവരുത്തിയ ആപത്തു എന്താണു്? അതൊന്നു വിസ്തരിച്ചുപറയൂ.

പുരുഷൻ:—ഇതിലധികം എൻെറ മരണത്തെ നീട്ടിക്കൊണ്ടുപോകാൻ ഞാൻ ശക്തനല്ലങ്ങന്നെ! ക്ഷമിക്കണം

രാക്ഷസൻ:—എടൊ, അതു കേൾക്കാൻ അത്രക്കുല്ക്കണ്ഠയുണ്ടു്. അതാണു് നിർബ്ബന്ധിക്കുന്നതു്. പറയൂ!

പുരുഷൻ:—ഇങ്ങിനെ നിർബ്ബന്ധിച്ചാൽ ഞാനെന്തുചെയ്യും. എന്നാൽ അങ്ങന്നെ! കേൾക്കു; ഞാൻ പറയാം.

രാക്ഷസൻ:—പറയൂ. ഞാനത്രക്കു ആൎത്തിപൂണ്ടിരിക്കുകയാണു്.

പുരുഷൻ:—ഈ നഗരത്തിൽത്തന്നെ മറെറാരു സ്വർണ്ണവ്യാപാരി ചന്ദനദാസനെന്നൊരാൾ ഉണ്ട്.

രാക്ഷസൻ:—(ആത്മഗതം) ഇതാ എൻെറ ദുഃഖത്തിൻെറ കവാടം തുറക്കുകയായി. ഹൃദയമെ! പിടയ്ക്കാതിരിക്കു. നിണക്ക് അതിദാരുണമായ കഥ കേൾക്കേണ്ടതുണ്ട്. (പ്രകാശം) എടൊ, ആ മിത്രവത്സലനായ മഹാനെപ്പററി ഞാൻ കേട്ടിട്ടുണ്ട്. എന്താണദ്ദേഹത്തിന്നു വന്നുചേന്നതു്?

പുരുഷൻ:—അദ്ദേഹം ഈ വിഷ്ണുദാസൻെറ ആത്മമിത്രമാണു്.

രാക്ഷസൻ:—(ആത്മഗതം) ശോകത്തിൻെറ വജ്രായുധം ഇവൻെറ ഹൃദയത്തെ പിളന്നിരിക്കുന്നു.

പുരുഷൻ:—ആ വിഷ്ണുദാസൻ, മിത്രസ്നേഹസദൃശമായ വിധത്തിൽ ചന്ദ്രഗുപ്തനോടു അപേക്ഷിച്ചു.

രാക്ഷസൻ:—എന്താണതു്?

പുരുഷൻ:—ദേവ, കുടുംബത്തിന്നു കഷ്ടിച്ചു ജീവിക്കാനുള്ള സ്വത്തു മാത്രമെ എനിക്കുള്ളു. അതു മുഴുവനും ഞാനിവിടെ സമപ്പിക്കാം. എൻെറ പ്രാണപ്രിയനായ ചന്ദനദാസനെ ഇങ്ങു വിട്ടുതരണം എന്നു്.

രാക്ഷസൻ:—(സ്വഗതം) ഹെ! വിഷ്ണുദാസ! താങ്കൾ ഒരു യഥാത്ഥ സ്നേഹിതൻെറ കത്തവ്യം ആചരിച്ചു. മിത്രത്തിൻെറ മോചനത്തിന്നായി സവ്വസ്വവും ഉപേക്ഷിച്ച് താങ്കൾ ചാരിതാത്ഥ്യമടയുന്നു. (പ്രകാശം)

ഇങ്ങിനെ അപേക്ഷിച്ചപ്പോൾ ചന്ദ്രഗുപ്തൻ എന്താണ് സമാധാനം നല്കിയതു്?

പുരുഷൻ:—അപ്പോൾ ചന്ദ്രഗുപ്തൻ ഇങ്ങിനെയാണ് മറുപടി പറഞ്ഞതു്. ഞാൻ ധനത്തിന്നുവേണ്ടിയല്ല ചന്ദനദാസനെ ബന്ധനത്തിൽ വെച്ചിട്ടുള്ളതു്. അവൻ അമാത്യരാക്ഷസൻെറ കുടുംബത്തെ ഒളിപ്പിച്ചിട്ടുണ്ടെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. പല പ്രാവശ്യം യാചിച്ചിട്ടും അവനതു സമൎപ്പിക്കയുണ്ടായില്ല. ഇനി സമൎപ്പിക്കയാണെങ്കിൽ അവനെ വിട്ടയക്കും. അല്ലെങ്കിൽ അവന്നു് മരണമാണ് ശിക്ഷ. ഇതും പറഞ്ഞ് ചന്ദനദാസനെ കൊലക്കളത്തിലേക്കയക്കയും ചെയ്തു. അപ്പോൾത്തന്നെ വിഷ്ണുഗുപ്തൻ, ചന്ദനദാസൻെറ മരണവാൎത്ത കേൾക്കുന്നതിന്നുമുമ്പായി അഗ്നിയിൽച്ചാടി ആത്മഹത്യചെയ്വാൻ നഗരത്തിൽനിന്നും ഓടിപ്പോയി. അദ്ദേഹത്തിൻെറ വിനാശത്തെ കേൾക്കുന്നതിന്നുമുമ്പായി എങ്ങിനെയെങ്കിലും ജീവനൊടുക്കുവാൻവേണ്ടി ഞാനീയുദ്യാനത്തിലേക്കും വന്നു.

രാക്ഷസൻ:—എടൊ! ചന്ദനദാസനെ വധിച്ചുകഴിഞ്ഞിട്ടില്ലല്ലൊ?.

പുരുഷൻ:— ഇപ്പോൾതന്നെ വധിക്കും. അദ്ദേഹത്തോടു വീണ്ടും വീണ്ടും അമാത്യകളത്രത്തെ സമൎപ്പിക്കാൻ പറയുകയാണ്. പക്ഷെ അദ്ദേഹം മിത്രവാത്സല്യത്താൽ ഒരിക്കലും സമൎപ്പിക്കുകയുമില്ല അതുകൊണ്ടു് ഞാൻ മരണത്തിന്നു കാലഹരണം വരുത്തുന്നില്ല.

രാക്ഷസൻ:—(സസന്തോഷമാത്മഗതം) ഹാ! സ്നേഹിത! ചന്ദനദാസ! താങ്കൾ ശരണാഗതസംരക്ഷണത്തിൽ ശിബിചക്രവത്തിയെപ്പോലും അതിശയിച്ചിരിക്കുന്നു. സ്നേഹിതന്റെ അസാന്നിദ്ധ്യത്തിൽകൂടി താങ്കൾ ആ സൌഹാർദ്ദത്തിന്റെ പുണ്യകമ്മം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. (പ്രകാശം) എടൊ, ചെയ്യു; താൻ വേഗത്തിൽചെന്ന് വിഷ്ണുദാസനെ സമാധാനിപ്പിച്ച് തീയ്യിൽച്ചാടുന്നതിനെ തടുത്തുനിർത്തുക. ഞാൻ ചെന്ന് ചന്ദനദാസനെ മരണത്തിൽനിന്ന് മോചിപ്പിക്കാം.

പുരുഷൻ:—അവിടുന്ന് എന്തൊരുപായംകൊണ്ടാണ് ചന്ദനദാസനെ മരണത്തിൽനിന്ന് മോചിപ്പിക്കുക?

രാക്ഷസൻ:—(വാൾ കയ്യിൽ എടുത്തിട്ട്) ഇതാ എന്റെ സവ്വ കമ്മങ്ങളിലും സഹചാരിയും ആത്മസുഹൃത്തുമായ ഈ ഖഡ്ഗംകൊണ്ട് നീലമേഘംപോലെ വെട്ടിത്തിളങ്ങുന്ന ഈ വാൾ ഇതാ എന്റെ കയ്യിൽ ശത്രുസംഹാരത്തിന്റെ സ്മരണയാൽ പുളകംകൊള്ളുകയാണ്. പലവട്ടം ശത്രുവിധ്വംസനംചെയ്ത ഈ വാൾ, സുഹൃൽവ്യസനത്താൽ വിചാരമൂഢനായ എന്നെ വീണ്ടുമിതാ സാഹസത്തിന്നു പ്രേരിപ്പിക്കുന്നു.

പുരുഷൻ:—അങ്ങന്നെ: ആപത്തിൽപ്പെട്ടുഴലുന്ന എനിക്ക് ചന്ദനദാസനെ ജീവിപ്പിക്കുവാൻ ഒരുങ്ങുന്ന മഹാനുഭാവനെ തിരിച്ചറിയാൻ കഴിഞ്ഞില്ല ക്ഷമിക്കണം. ഭാഗ്യത്താൽ സുഗൃഹീതനാമാവായ അമാത്യ

രാക്ഷസനാണൊ എൻെറ മുമ്പിൽ നില്ക്കുന്നതു്? ആര്യ! നമസ്തേ! (കാക്കൽ നമസ്കരിക്കുന്നു.)

രാക്ഷസൻ:—അരുതരുതു്! എഴുനേല്ക്കു. സമയം വൈകരുതു്. വേഗത്തിൽ ചെന്നു വിഷ്ണുദാസനോടു പറയൂ. "രാക്ഷസൻ ചന്ദനദാസനെ മോചിപ്പിക്കുന്നുണ്ടെന്നു്", (വാളുമായി പുറപ്പെടാൻ ഭാവിക്കുന്നു.)

പുരുഷൻ:—അങ്ങുന്നേ! ദയവുചെയ്തു എൻെറ സംശയം തീൎത്തുതരണം.

രാക്ഷസൻ:—അതെ ഞാൻ തന്നെയാണു്. നാഥനില്ലാത്തവനും, ആത്മമിത്രത്തിൻെറ മരണത്തിന്നു് ഹേതുഭൂതനും ആയ ആ ദുർഗ്രഹീത നാമാവ്—യഥാൎത്ഥ രാക്ഷസൻ ഞാൻതന്നെയാണു്.

പുരുഷൻ:—(സന്തോഷത്തോടെ വീണ്ടും വീണ്ടും നമസ്കരിച്ചിട്ടു്.) ആശ്ചൎയ്യം! ഭാഗ്യത്താൽ അവിടുത്തെ കാണാൻ സാധിച്ചു. ഞാൻ കൃതാൎത്ഥനായി. അവിടുന്നിതുകൂടി ധരിക്കണം. കുറെ ദിവസങ്ങൾക്കുമുമ്പ് ചന്ദ്രഗുപ്തൻെറ കല്പനപ്രകാരം ശകടദാസനെന്നൊരാളെ വധശിക്ഷ നടത്തുവാൻവേണ്ടി കൊലക്കളത്തിൽ കൊണ്ടുപോയപ്പോൾ ആരൊ ഒരാൾ പെട്ടെന്നു് ചാടി വീണു് ഘാതകന്മാരെയെല്ലാം ഓടിച്ചു് ആയാളെയും കൂട്ടി എങ്ങോ ഓടിപ്പൊയ്ക്കളഞ്ഞു. ഈ പ്രമാദം അറിഞ്ഞപ്പോൾ ചന്ദ്രഗുപ്തനു് ശകടദാസനോടു് അടക്കാൻ വയ്യാത്ത കോപത്തിൻെറ ഫലമായി കുറെ ഘാതകന്മാരെ കൊന്നുകളയുകയുണ്ടായി. അതിന്നു

ശേഷം ഘാതകന്മാർ കൊലപ്പുള്ളിയെ വദ്ധ്യസ്ഥാനത്തേക്കു കൊണ്ടുപോകുമ്പോൾ മുമ്പിലൊ പിമ്പിലൊ എവിടെയെങ്കിലും ഒരു അപരിചിതനെ ആയുധംധരിച്ചതായിക്കണ്ടാൽ കുററക്കാരനെ രക്ഷപ്പെടുത്തുവാൻ വരുന്നവനാണെന്നു കരുതി ആത്മരക്ഷക്കുവേണ്ടിപ്പെട്ടെന്നുതന്നെ കൊലപ്പുള്ളിയുടെ കഥ കഴിച്ചുകളയുന്നു. അതുകൊണ്ടു് ഈ വാളും കയ്യിൽപ്പിടിച്ചുകൊണ്ടു് അമാത്യൻ അങ്ങോട്ടു ചെല്ലുന്നതായാൽ ചന്ദനദാസൻെറ മരണം കൂടുതൽ വേഗത്തിൽ സംഭവിക്കാനാണു് വഴിയുള്ളതു്. (പോകുന്നു.)

രാക്ഷസൻ:—(ആത്മഗതം) അഹൊ! ആ ചാണക്യൻെറ നീതിമാൎഗ്ഗം അത്യന്തം ഗഹനമാണു്. ആ ശകടദാസൻ ശത്രുവിൻെറ നിൎദ്ദേശപ്രകാരംതന്നെ എൻെറ സമീപത്തിലേക്കു വന്നതായിരുന്നുവെങ്കിൽ. ക്രോധാവേശത്താൽ കൊലയാളികളെ കൊല്ലേണ്ടുന്ന ആവശ്യമെന്തു്? അതിനാൽ ശകടദാസൻ വാസ്തവത്തിൽ സിദ്ധാൎത്ഥൻെറ സഹായത്തോടുകൂടി വന്നുചേൎന്നതാവാനെ വഴിയുള്ളു. ശത്രുപക്ഷത്തിലെ ചാരനാണൊന്നു് ശങ്കിക്കാൻ ന്യായം കാണുന്നില്ല. പക്ഷെ, അങ്ങിനെയാണെങ്കിൽ അവൻ ആ കൃത്രിമ ലേഖനവും മുദ്രയുമെല്ലാം സൃഷ്ടിച്ചതു് എങ്ങിനെ യോജിക്കും? ഇതെല്ലാം ആലോചിക്കുമ്പോൾ എൻെറ മനസ്സിൽ സംശയങ്ങൾ അധികമധികം വൎദ്ധിക്കുകയല്ലാതെ, ഒരു നിശ്ചയവും കിട്ടുന്നില്ല. (ആലോചിക്കുന്നു). ഈ പുത്ര

ഷൻ പറഞ്ഞവിധം ഘാതകവധവൃത്താന്തം ആലോചിക്കുമ്പോൾ വാൾ ധരിച്ചുകൊണ്ടു് ചെല്ലുന്നതു് അനുചിതമാണു്. നീതിപൂർവ്വം പ്രവർത്തിക്കാമെന്നുവെച്ചാലൊ, അതിൻെറ ഫലം കാലക്രമത്തിലെ ലഭിക്കയുള്ളൂ. അതും വയ്യ. ഈ ആപൽസന്ധിയിൽ പ്രിയസുഹൃത്തിൻെറ കായ്യത്തിൽ ഉദാസീനത ഒട്ടും യോജിച്ചതുമല്ല. അതിനാൽ ഏതു ഘോരകൃത്യവും അനുഷ്ഠിക്കുവാൻ ഞാൻ തയ്യാറായിരിക്കുന്നു. എൻെറ ഈ ശരീരം വിക്രയം ചെയ്തിട്ടുകൂടി എൻെറ ആത്മസുഹൃത്തായ ചന്ദനദാസൻെറ ജീവിതം ഞാൻ പരിരക്ഷിക്കും. (പോകുന്നു)

ആറാമങ്കം കഴിഞ്ഞു.

## അങ്കം 7.

(ഒരു ചണ്ഡാലൻ പ്രവേശിക്കുന്നു)

ചണ്ഡാലൻ:—ഏ! ഏ! മാറിനില്ക്കിൻ, മാറിനില്ക്കിൻ, വഴി മാറിനില്ക്കിൻ. ഹെ! മഹാജനങ്ങളെ! സ്വന്തം ജീവൻ, സമ്പത്തു്, കുലം, കളത്രം ഇവയെല്ലാം നിങ്ങൾക്കു് സംരക്ഷിക്കേണമെന്നുണ്ടോ; എങ്കിൽ രാജദ്രോഹപരമായ കായ്യങ്ങളിൽ പ്രവേശിക്കാതിരുന്നുകൊള്ളുവിൻ! രാജശാസനത്തിൻെറ ഭയങ്കരത നിങ്ങൾക്കറിയാമൊ? വല്ല വ്യാധിയുമുള്ള ഒരുവൻ അപഥ്യമാചരിച്ചാൽ

അവൻ മാത്രമെ മരിക്കയുള്ളൂ. എന്നാൽ മഹാരാജാവിന്നപഥ്യമാചരിക്കുന്നവന്റെ വംശം തന്നെ മുച്ചൂടം മുടിഞ്ഞുപോകുന്നു! ഇതാ രാജാവിന്നു പ്രിയം പ്രവൎത്തിക്കുകയാൽ പുത്രകളത്രങ്ങളോടുകൂടി വദ്ധ്യസ്ഥാനത്തേക്കു കൊണ്ടുപോകുന്ന ചന്ദനദാസന്റെ കഥ തന്നെ കണ്ടുകൊള്ളുവിൻ. അദ്ദേഹത്തിന്നു വല്ല വിധേനയും രക്ഷപ്പെടാൻ വഴിയുണ്ടോ എന്നാണൊ നിങ്ങൾ ചോദിക്കുന്നതു്? ഉണ്ടു്, കൂട്ടരെ ഉണ്ടു്. അമാത്യരാക്ഷസന്റെ കളത്രത്തെ സമൎപ്പിച്ചാൽ മാത്രം ശരണാഗതവത്സലനായ അദ്ദേഹം രക്ഷിക്കാൻവേണ്ടി ഈ അകാൎയ്യം ചെയ്യുകയില്ലെന്നോ? ആ! ഹാ! എന്നാൽ അദ്ദേഹമനുഭവിക്കാൻ പോകുന്ന സുഖഗതികൾ തന്നെ മനസ്സിലാക്കിക്കൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങൾ ഇതിനെപ്പററിച്ചിന്തിച്ചിട്ടു് പ്രയോജനമെന്താണ്?

മറെറാരു ചണ്ഡാലൻ:—(വദ്ധ്യവേഷം ധരിപ്പിച്ചു് ചുമലിൽ ഒരു വലിയ ശൂലവുമേററിച്ചുകൊണ്ടു ചന്ദനദാസനെ പ്രവേശിപ്പിക്കുന്നു. ഭാൎയ്യയും പുത്രനും കരഞ്ഞുകൊണ്ടു പിന്നാലെയും.)

ചന്ദനദാസൻ:—(കണ്ണീരോടുകൂടി) ഹാ! കഷ്ടം.! എന്നെപ്പോലുള്ളവൎക്കുകൂടി കള്ളന്മാൎക്കു ചേൎന്ന ഇത്തരം മരണം വരുത്തിവെച്ച കൃതാന്തന്നു് നമസ്കാരം! അല്ലെങ്കിൽ മരണത്തിന്നുണ്ടൊ നിരപരാധിയെന്നും അല്ലാത്തവരെന്നുമുള്ള ഭേദം? "വ്യാപാരമേ ഹനനമാംവന

വേടനുണ്ടോ- വ്യാപന്നാമമായ്ക്കഴകനെന്നുകപോത മെന്നും” (ചുററും നോക്കുന്നു) ഹാ! പ്രിയ സ്നേഹിത! വിഷ്ണുദാസ! താങ്കളെ അവസാനമായി ഒരു നോക്ക് കാണാനെങ്കിലും കഴിഞ്ഞില്ലല്ലൊ? അല്ലെങ്കിൽ ആരാണ് ഇത്തരം സന്ദർഭങ്ങളിൽ കൺമുമ്പിൽ വന്നുനില്ക്കുക! അത്തരം സ്നേഹിതന്മാർ ലോകത്തിൽ ദുർല്ലഭമാണു്. (കണ്ണീർ വാക്കുന്നു.) ഇതാ ഇവർമാത്രം ദീനദീനമായ മുഖത്തോടെ കണ്ണീർകൊണ്ടുതന്നെ നിവാപാജ്ഞലി ചെയ്തുകൊണ്ടു മടങ്ങിപ്പോകാൻ മനസ്സില്ലാതെ എന്നെ അനുഗമിച്ചുകൊണ്ടിരിക്കുന്നു.

ചണ്ഡാലൻ:—ചന്ദനദാസ, നാമിതാ കൊലക്കളത്തിൽ എത്തിക്കഴിഞ്ഞു. ഇനി ഈ പരിജനങ്ങളെ മടക്കി അയക്കൂ.

ചന്ദനദാസൻ:—പ്രിയെ, മകനെയുംകൂട്ടി തിരിച്ചുപോകൂ ഇതിലപ്പുറം എന്നെ അനുഗമിക്കുന്നതു യുക്തമല്ല.

കുടുംബിനി:—(കണ്ണീരോടെ) നാഥ! അവിടുന്നു് ദേശാന്തരത്തിലേക്കല്ല; പരലോകത്തിലേക്കാണ് പുറപ്പെട്ടിട്ടുള്ളതു്.

ചന്ദനദാസൻ:—പ്രിയെ! എൻെറ ഈ വിനാശം മിത്രകാര്യത്തിന്നുവേണ്ടിയാണ്. അല്ലാതെ പുരുഷദോഷംകൊണ്ടു സംഭവിക്കുന്നതല്ല. അതിനാൽ ഇതിലൊട്ടും വ്യസനിക്കേണ്ടതില്ല.

കുടുംബിനി:—നാഥ ! അങ്ങിനെയാണെങ്കിൽ ഈ സമയത്തു കുലജനത്തെ മടക്കി അയക്കുന്നതു യുക്തമല്ല.

ചന്ദനദാസൻ:—പ്രിയെ, നീ എന്താണ് ഉദ്ദേശിക്കുന്നതു്?

കുടുംബിനി:—എൻെറ ഭർത്താവിൻെറ പാദങ്ങളെ അനുഗമിച്ച് അനുഗ്രഹം നേടാൻ.

ചന്ദനദാസൻ:—അരുതു് പ്രിയെ, അതു സാഹസമാണ്. ലോകവ്യവഹാരമറിയാത്ത ഈ കുട്ടിയെ സംരക്ഷിക്കാൻ പിന്നെ ആരാണുള്ളതു്?

കുടുംബിനി:—ഇതുകണ്ടു് തൃപ്തിപ്പെട്ട ദൈവംതന്നെ അവനെ സംരക്ഷിച്ചുകൊള്ളട്ടെ. കുട്ടാ! മകനെ! അച്ഛൻെറ പാദങ്ങളിൽ അന്ത്യനമസ്കാരം ചെയ്യൂ.

പുത്രൻ:—(നമസ്കരിച്ചിട്ടു്) അച്ഛ! അച്ഛനില്ലാതെ ഞാൻ എങ്ങിനെയാണ് കഴിഞ്ഞുകൂടേണ്ടതു്?

ചന്ദനദാസൻ:—മകനെ! ചാണക്യനില്ലാത്ത പ്രദേശത്തുചെന്നു താമസിച്ചുകൊള്ളുക.

ചണ്ഡാലൻ:—ആര്യ! ചന്ദനദാസ! ശൂലം നാട്ടിക്കഴിഞ്ഞു. ഒരുങ്ങിക്കൊള്ളുക.

കുടുംബിനി:—ഏ! യജമാനന്മാരെ! അരുതു്. രക്ഷിക്കണം. രക്ഷിക്കണം!

ചന്ദനദാസൻ:—പ്രിയെ! എന്താണിങ്ങിനെ വെറുതെ നിലവിളിക്കുന്നതു്? സ്വർഗ്ഗത്തിലേക്കു പോകുന്നവരുടെ പരിജനങ്ങളോടു ദൈവത്തിന്നനുകമ്പയുണ്ടാകും. പോരെങ്കിൽ എൻെറ മരണം മിത്രകാര്യത്തിന്നുവേണ്ടിയാണ്. അകാര്യം പ്രവർത്തിച്ചിട്ടില്ലതന്നെ. അങ്ങി

നെ സന്തോഷിക്കേണ്ട ഈ അവസരത്തിലും കരയുന്ന തെന്തിനാണു്?

ഒന്നാംചണ്ഡാലൻ:—എടൊ, ബില്വപത്ര! ചന്ദനദാസനെ പിടിച്ചുകൊള്ളുക. പരിജനങ്ങൾ താനെ വിട്ടുപൊയ്ക്കൊള്ളും.

രണ്ടാംചണ്ഡാലൻ!—എ! വജ്രലോമ! എന്നാൽ ഞാൻ പിടിക്കാം

ചന്ദനദാസൻ:—ഒരു നിമിഷവുംകൂടി അനുവദിക്കു. എൻെറ മകനെ ഒന്നാശ്വസിപ്പിക്കട്ടെ. (മകൻെറ മൂൎദ്ധാവിൽ ചുംബിച്ചിട്ടു്) മകനെ! എന്നിൽ പരിപൂൎണ്ണമായി വിശ്വാസമൎപ്പിച്ച ആത്മസ്നേഹിതൻെറ കാൎയ്യത്തിന്നു വേണ്ടിയാണു് ഞാൻ മരണം വരിക്കുന്നതു്.

പുത്രൻ:—ഞാനെന്താണച്ഛ, പറയേണ്ടതു്? ഇതുതന്നെയാണല്ലൊ നമ്മുടെ കുലധൎമ്മം. (വീണ്ടും നമസ്കരിക്കുന്നു.)

ചണ്ഡാലൻ:—എടൊ, ഇയ്യാളെ പിടിക്കു!

കുടുംബിനി:—(മാറത്തടിച്ചു നിലവിളിച്ചുകൊണ്ടു്) അയ്യൊ! ആരെങ്കിലും രക്ഷിക്കണെ! രക്ഷിക്കണെ!

(പെട്ടെന്നു് രാക്ഷസൻ പ്രവേശിക്കുന്നു)

രാക്ഷസൻ:—ഭവതി, ഭയപ്പെടേണ്ട. ഹെ! ഘാതകന്മാരെ, ചന്ദനദാസനെ വധിക്കരുതു്. ആ വദ്ധ്യമാല എൻെറ കഴുത്തിലിടു. സ്വന്തം സ്വാമികുലം നശിക്കുമ്പോൾ ശത്രുവിനെപ്പോലെ നോക്കിനിന്നതാരാണോ,

മിത്ഥ്യവ്യസനങ്ങളിൽ മഹോത്സവത്തിലെന്നപോലെ നിലകൊണ്ടതാരാണൊ, ആ കൃതഘ്നൻെറ ഭൌതിക മാംസപിണ്ഡമിതാ നിങ്ങളുടെ മുമ്പിൽ സകല പരിഭവങ്ങളും സഹിക്കുവാൻ സന്നദ്ധമായി നില്ക്കുന്നു. ആ മരണമാല ബന്ധിക്കേണ്ടതു കഴുത്തിതാണു്. അതെടുത്തു എൻെറ കണ്ഠത്തിൽ ചുററുക.—

ചന്ദനദാസൻ:—(കണ്ണുനീരിലൂടെ നോക്കിയിട്ടു്) അമാത്യ, ഇതെന്താണു്?

രാക്ഷസൻ:—ഇതങ്ങയുടെ മഹനീയ ജീവിതത്തിൻെറ ഒരേകദേശാനുകരണം മാത്രം!

ചന്ദനദാസൻ:—അമാത്യ; സർവ്വവും, നിഷ്ഫലവും സാഹസവുമായ കാര്യങ്ങളിൽ അങ്ങെന്താണിച്ചെയ്തതു്?

രാക്ഷസൻ:—സ്നേഹിത, സ്വാത്ഥം മാത്രമാണു് ചെയ്തതു്. എന്നെ കൂടുതൽ അധിക്ഷേപിക്കരുതു്. എടോ, ചെന്നു് ദുരാത്മനായ ചാണക്യനെ അറിയിക്കൂ.

വജ്രലോമ:—എന്താണാവോ?

രാക്ഷസൻ:—ഈ കലിയുഗത്തിൽ പ്രാണത്യാഗംചെയ്തും മൈത്രിബന്ധത്തെ പുലത്തിപ്പോന്ന ഈ മഹാനുഭാവൻ, പൌരാണികശിബിയുടെ യശസ്സിനേപ്പോലും വിജയിച്ചിരിക്കുന്നു. ചാണക്യനുംകൂടി സമാരാദ്ധ്യനായ ഈ സദ്വൃത്തനിൽ, ഇത്രയും നാം ഔദാസീന്യംകൊണ്ടു് ആ ശത്രു ഇതാ വന്നുചേന്നു് താങ്കൾക്കു് വിധേയനായിരിക്കുന്നുവെന്നറിയിക്കുക.

ഒന്നാംചണ്ഡാലൻ:—എടോ, ബില്വപത്ര!, താനീചന്ദന ദാസനേയുംകൂട്ടി ശ്മശാനത്തിന്നരികിലുള്ള ആ മരത്തിൻെറ ചോലയിൽ കുറച്ചുസമയം നില്ക്കു. ഞാൻ ആൎയ്യ ചാണക്യനോട്ട അമാത്യരാക്ഷസനെ പിടികിട്ടിയിരിക്കുന്നുവെന്നു ചെന്നറിയിക്കട്ടെ.

രണ്ടാംചണ്ഡാലൻ:—അങ്ങിനെയാവട്ടെ, വേഗത്തിൽചെന്നുപറയൂ. (പുത്രദാരങ്ങളോടും ചന്ദനദാസനോടുംകൂടി പോകുന്നു.)

ഒന്നാംചണ്ഡാലൻ:—അമാത്യൻ ഇതിലെ നടക്കാം. (രണ്ടുപേരും പോകുന്നു.)

## ദൃശ്യം II

(ചണ്ഡാലൻ രാക്ഷസനോടുകൂടി പ്രവേശിക്കുന്നു.)

ചണ്ഡാലൻ:—ആ! ആരുണ്ടവിടെ? നന്ദകുലനഗരത്തിൻെറ വജ്രായുധവും, മൌൎയ്യസാമ്രാജ്യത്തിൻെറ സുസ്ഥാപകനമായ ആൎയ്യചാണക്യനെ ഇതൊന്നു ചെന്നറിയിക്കണെ!

രാക്ഷസൻ:—(ആത്മഗതം) ഇതുംകൂടി കേൾക്കേണ്ടിവന്നല്ലൊ!

ചണ്ഡാലൻ:—ആൎയ്യനീതിയാൽ വശീകൃതനായ അമാത്യരാക്ഷസനെ ഇതാ പിടികിട്ടിയിരിക്കുന്നു.

(വസ്ത്രംകൊണ്ടു ദേഹമാസകലം മറച്ചു മുഖംമാത്രം പുറത്തുകാണിച്ചുകൊണ്ട് ചാണക്യൻ പ്രവേശിക്കുന്നു.)

ചാണക്യൻ:—എടോ! പറയൂ! പറയൂ! ഉയന്നാളിക്കത്തുന്ന ജ്വാലാകലാപമായ അഗ്നിശിഖയെ വസ്ത്രംകൊണ്ടു മൂടിക്കെട്ടിയതാരാണ്? ആരാണ് ആ അപ്രതിരോധ്യസവ്വഗതിയായ വായുവിനെ പെട്ടെന്ന് കയർകൊണ്ടുബന്ധിച്ചതു്? ആരാണ് മത്തഗജങ്ങളുടെ മദജലം മണക്കുന്ന സടകളിളക്കിക്കൊണ്ടു ഓടുന്ന കേസരിവീരനെ പിടിച്ചുകെട്ടി കൂട്ടിലിട്ടതു്? ആരാണ് ദുഃഖവും ദുസ്തരവും ഭയങ്കരസത്വങ്ങൾ നിറഞ്ഞതുമായ ഈ മഹാർണ്ണവം കൈകളേക്കൊണ്ടുമാത്രം തുഴഞ്ഞുനീന്തിക്കടന്നതു്? ആരാണ്? ഒന്നുകൂടിപ്പറയൂ!

ചണ്ഡാലൻ:—നീതിനിപുണമായ ആയ്യൻെറ ബുദ്ധിശക്തി തന്നെ.

ചാണക്യൻ:—(ആത്മഗതം) ഈ ദുരാത്മാ അഥവാ മഹാത്മാവായ കൌടില്യൻ - രത്നങ്ങൾക്കു സമുദ്രമെന്നപോലെ സവ്വശാസ്ത്രങ്ങളുടെയും ഇരിപ്പിടമാണ്. പക്ഷെ ഈ മത്സരിയുടെ ഗുണങ്ങളിൽ എനിക്കു സന്തോഷിക്കുവാൻ സാധിക്കുന്നില്ല.

ചാണക്യൻ:—(കണ്ടസന്തോഷത്തോടെ ആത്മഗതം) ആ! ഹാ! അമാത്യരാക്ഷസനല്ലെ ഇതു്? ഈ മഹാത്മാവ് ഏറെക്കാലമായി ഗുരുതരങ്ങളായ ചിന്തകളാലും ഭയാശങ്കകളാലും വിശ്രമമില്ലാതെ ഉറക്കിളച്ച് ക്ഷീണഗാത്രനായിരിക്കുന്നു. വൃഷലൻെറ സേനയും, എൻെറ ബുദ്ധിയും ഇദ്ദേഹത്തെ അവശപ്പെടുത്തിക്കൊണ്ടിരിക്കയാണ്. (തലയിൽനിന്ന് മൂടുപടം മാററിയിട്ടു്

അട്ടഹാസപ്പെടുന്നു.) ഹെ! അമാത്യരാക്ഷസ! വിഷ്ണുഗു പ്തൻ അങ്ങയെ നമസ്കരിക്കുന്നു.

രാക്ഷസൻ:—(സ്വഗതം) അമാത്യനെന്ന വിശേഷണം എനിക്ക ലജ്ജാകരമായിത്തീൎന്നിരിക്കുന്നു. (പ്രകാശം) വിഷ്ണുഗുപ്ത! ചണ്ഡാലസ്പൎശംകൊണ്ടു ഞാൻ അശുദ്ധനാണ്. എന്നെ തൊടരുത്.

ചാണക്യൻ:—ഹെ! അമാത്യവൎയ്യ! ഇവർ ചണ്ഡാലന്മാരല്ല. ഇവർ അങ്ങേക്ക് പരിചയമുള്ള ആ സിദ്ധാൎത്ഥനെന്ന രാജഭടനാണ്. മറേറവനും സിദ്ധാൎത്ഥകൻ എന്ന ഒരു രാജഭടൻതന്നെയാണ്. ആ ശുദ്ധഹൃദയനായ ശകടദാസനെക്കൊണ്ടു അവനറിയാതെ കപടലേഖം ഞാൻതന്നെ എഴുതിപ്പിച്ചതുമാണ്.

രാക്ഷസൻ:—(സ്വഗതം) ഭാഗ്യത്താൽ ശകടദാസനെപ്പററിയുള്ള സംശയം തീൎന്നു.

ചാണക്യൻ:—എന്തിനധികം വിസ്തരിക്കുന്നു? ചുരുക്കിപ്പറയാം. ഭദ്രഭടപ്രഭൃതികളായ ഉദ്യോഗസ്ഥന്മാർ, കപടലേഖം, ആഭരണപ്പെട്ടി, ഇവയെല്ലാം എൻെറ കൃത്രിമസൃഷ്ടികളാണ്. സിദ്ധാൎത്ഥകനും ഭവാൻെറ ആത്മമിത്രമായിരുന്ന ബുദ്ധഭിക്ഷു ജീവസിദ്ധിയും അവസാനമായി ജീൎണ്ണോദ്യാനത്തിൽവെച്ച് താങ്കാം കണ്ട ആ മനുഷ്യനുംകൂടി എൻെറ ചാരനാണ്. ഹേ! വീര! അമാത്യ; താങ്കളുടെ അക്ഷീണമായ സ്വാമിഭക്തിയാൽ ഞാൻ അത്രയേറെ ആകൃഷ്ടനായിരിക്കുന്നു. വൃഷ

ളനുമായി താങ്കളെ സംയോജിപ്പിക്കുവാൻവേണ്ടി ഞാൻ ചെയ്ത നീതിപ്രയോഗങ്ങൾ ആണിതെല്ലാം. വൃഷളനിതാ താങ്കളെക്കാണാൻ കാത്തിരിക്കുന്നു.

രാക്ഷസൻ:—(സ്വഗതം) എന്താണു് നിവൃത്തി? കാണുക തന്നെ.

(രാജാവും അംഗരക്ഷകന്മാരും പ്രവേശിക്കുന്നു.)

ചന്ദ്രഗുപ്തൻ:—(സ്വഗതം) ആൎയ്യനോടുകൂടാതെതന്നെ ഈ യുദ്ധത്തിൽ ദുജ്ജയമായ ശത്രുസൈന്യത്തെ നിഷ്പ്രയാസം ജയിച്ചതോൎക്കുമ്പോൾ ഞാൻ ലജ്ജിക്കുന്നു. (ചാണക്യസമീപം ചെന്നു്) ഗുരോ! ചന്ദ്രഗുപ്തൻ നമസ്കരിക്കുന്നു.

ചാണക്യൻ:—സൎവ്വ ഐശ്വൎയ്യങ്ങളും സമൃദ്ധമായിത്തീരട്ടെ! അമാത്യമുഖ്യനായ തത്രഭവാൻ രാക്ഷസനെ അഭിവാദ്യം ചെയ്യൂ!

രാക്ഷസൻ:—(സ്വഗതം) ഈ ബന്ധം ഇദ്ദേഹം യോജിപ്പിച്ചുകഴിഞ്ഞു.

ചാണക്യൻ:—(ചന്ദ്രഗുപ്തന്റെ അടുത്തുചെന്നു്) അമാത്യരാക്ഷസനിതാ വന്നിരിക്കുന്നു. അദ്ദേഹത്തെ നമസ്കരിക്കുക.

ചന്ദ്രഗുപ്തൻ:—(രാക്ഷസന്റെ അടുത്തുചെന്നു്) ആൎയ്യ! ചന്ദ്രഗുപ്തൻ നമസ്കരിക്കുന്നു.

രാക്ഷസൻ:—(ചന്ദ്രഗുപ്തനെ നോക്കി സ്വഗതം) ചന്ദ്രഗുപ്തൻ! ഇദ്ദേഹം കുട്ടിക്കാലത്തുതന്നെ രാജലക്ഷണസ

നൃണ്ണനായി ഭാവിലോകത്തിന്നു ശുഭപ്രതീക്ഷയുളവാക്കിയിരുന്ന മഹാപ്രഭാവനാണു്. ക്രമേണ ഇതാ സാമ്രാജ്യസിംഹാസനത്തിൽ ആരൂഢനായിരിക്കുന്നു.! രാജൻ! വിജയിക്കട്ടെ!

ചന്ദ്രഗുപ്തൻ:—ആൎയ്യ! രാജനീതിപരമായ ഷാംഗുണങ്ങളിലും പ്രവീണനായ ആൎയ്യൻ എന്റെ ആചാൎയ്യനായി പ്രവൎത്തിക്കുന്നതായാൽ ഇനിയെന്തൊരു വിജയമാണീ ലോകത്തു് എനിക്കു നേടാനുള്ളതു്?

രാക്ഷസൻ:- (സ്വഗതം) ഭൃത്യഭാവേന ഈ കൌടില്യശിഷ്യൻ എന്നെ സ്വീകരിച്ചുകഴിഞ്ഞു. എന്നാലും ചന്ദ്രഗുപ്തന്റെ വിനയപ്രകർഷം തന്നെയാണിതിൽ തെളിഞ്ഞുകാണുന്നതു്. എന്റെ സൎവ്വമത്സരങ്ങളും വിപരീതമായിപ്പരിണമിക്കുന്നു. എല്ലാംകൊണ്ടാലോചിച്ചു്നോക്കുമ്പോൾ ഈ ചാണക്യൻ പ്രശംസനീയൻതന്നെ. എന്തെന്നാൻ ഐശ്വൎയ്യസമ്പന്നനും വിജിഗീഷുവുമായ പുരുഷപുംഗവന്മാരെ സ്വാമിയായി ലഭിച്ച മന്ത്രിമാൎക്കു് മന്ദബുദ്ധികളായാൽപ്പോലും, യശസ്വിപദത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നു. എന്നാൽ ഒരു മന്ത്രി നീതിമാനും ബുദ്ധിശാലിയുമായാൽകൂടി അസമ്പന്നനായ ഒരു പ്രഭുവയാണാശ്രയിച്ചതെങ്കിൽ അവൻ നദീതടത്തിലെ വൃക്ഷംപോലെ ആശ്രയമററു കടപുഴങ്ങിവീഴുന്നു.

ചാണക്യൻ:—അമാത്യ; രാക്ഷസ, ചന്ദനദാസന്റെ ജീവിതത്തെ താങ്കൾ ആഗ്രഹിക്കുന്നുവോ?

രാക്ഷസൻ:—ഹെ! വിഷ്ണുഗുപ്ത, എന്താണതിൽ സംശയം?

ചാണക്യൻ:—അമാത്യ; രാക്ഷസ: ആയുധം സ്വീകരിക്കാതെ ഭവാൻ വൃഷളനെ എങ്ങിനെയാണ് അനുഗ്രഹിക്കുക എന്നുള്ളതിലാണ് സംശയം. അതുകൊണ്ട വാസ്തവമായി ചന്ദനദാസൻെറ ജീവിതം ആഗ്രഹിക്കുന്നുവെങ്കിൽ ഇതാ ആയുധം സ്വീകരിക്കു.

രാക്ഷസൻ:—വിഷ്ണുഗുപ്ത, ഒരിക്കലും അരുതു്. ഞാൻ അതിന്നു അയോഗ്യനാണു്. വിശേഷിച്ചു് താങ്കൾ എടുത്തിട്ടുള്ളതിനെ സ്വീകരിക്കാൻ ഞാൻ സൎവ്വഥാ അപ്രാപ്തനാണു്.

ചാണക്യൻ:—രാക്ഷസ; ഞാൻ യോഗ്യനാണോ, താങ്കൾ അയോഗ്യനാണോ എന്നു വാദിക്കേണ്ട ആവശ്യമില്ല. എന്തിനധികം താങ്കൾ ഈ മന്ത്രിപദം സ്വീകരിക്കാത്തപക്ഷം ചന്ദനദാസന്നു് ജീവിതമില്ല.

രാക്ഷസൻ:—(സ്വഗതം) വളരെ ക്ലേശിച്ചാണ് ഞാൻ നന്ദന്മാരെ തൈലദ്രോണികളിൽ സൂക്ഷിച്ചു് സംരക്ഷിച്ചു് പോററിവളൎത്തി ഐശ്വൎയ്യത്തിൻെറ അധിത്യകയിൽ ആരോഹണം ചെയ്യിച്ചതു്. സമൂലം നഷ്ടപ്പെട്ട അവരുടെ സ്നേഹഗുണങ്ങൾ ഇപ്പോഴും എൻെറ ഹൃദയത്തെ ആകർഷിച്ചുകൊണ്ട ഇരിക്കുന്നു. ഞാൻ ഇപ്പോൾ അവരുടെ ശത്രുവിൻെറ ഭൃത്യത്വം കയ്യേൽക്കുവാൻ നിൎബ്ബന്ധിതനായും തീൎന്നിരിക്കുന്നു. അല്ലെങ്കിൽ ആത്മസുഹൃത്തിൻെറ മരണം നി

ശ്ചയം. സ്വാതന്ത്ര്യമോ സുഹൃത്തിൻെറ ജീവിതമോ? ഏതാണ് വര ? കാൎയ്യത്തിൻെറ ഗതികൾ വിധിയുടെ ആജ്ഞ നടത്തുന്നു. (പ്രകാശം) വിഷ്ണുഗുപ്താ സൎവ്വകാൎയ്യങ്ങളുടേയും പ്രതിപത്തിഹേതുവായ മിത്രസ്നേഹത്തിൻെറ മുമ്പിൽ നമസ്കരിച്ചുകൊള്ളുന്നു. മററെന്തു നിവൃത്തി? ഞാൻ ഒരുങ്ങിക്കഴിഞ്ഞു.

ചാണക്യൻ:—(സഹർഷം) വൃഷല! വൃഷല! അമാത്യരാക്ഷസനാൽ താങ്കൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഭവാൻെറ ഭാഗ്യം വൎദ്ധിക്കുന്നു.

ചന്ദ്രഗുപ്തൻ:—അവിടുത്തെ സന്തോഷഫലം തന്നെയാണീ ചന്ദ്രഗുപ്തൻ അനുഭവിക്കുന്നത്. (ഒരു ഭടൻ പ്രവേശിക്കുന്നു.)

പുരുഷൻ:—ആൎയ്യൻ ജയിക്കട്ടെ; ഭദ്രഭടൻ, ഭാഗുരായണൻ മുതലായവർ മലയകേതുവിനെ പിടിച്ചു കെട്ടിക്കൊണ്ടു വന്നിട്ടുണ്ട് അവിടുന്നു ചെന്നു വേണ്ടതു പ്രവൎത്തിക്കുവാൻ അപേക്ഷിക്കുന്നു.

ചാണക്യൻ:—എടൊ, അമാത്യരാക്ഷസനെ അറിയിക്കു. അദ്ദേഹമാണിപ്പോൾ ഇതിനുള്ള അധികാരി.

രാക്ഷസൻ:—(സ്വഗതം) എന്നെ അധികാരപദത്തിലിരുത്തി കാൎയ്യങ്ങളിൽ പ്രവേശിപ്പിക്കുവാനുംകൂടി ഈ കൌടില്യൻ ആരംഭിച്ചുകഴിഞ്ഞു. ഇനിയെന്താണ് നിവൃത്തി! (പ്രകാശം) രാജൻ; ചന്ദ്രഗുപ്ത! ഞാൻ കുറച്ചുകാലം ഈ മലയകേതുവിനെ ആശ്രയിച്ച് കഴി

ഞ്ഞുകൂടിയ കഥ അവിടുത്തേക്കറിയാമല്ലൊ? അതു കൊണ്ടു ഇദ്ദേഹത്തിന്നു പ്രാണരക്ഷ നല്കുവാൻ ഞാൻ അപേക്ഷിക്കുന്നു. (ചന്ദ്രഗുപ്തൻ ചാണക്യന്റെ മുഖത്തു നോക്കുന്നു.)

ചാണക്യൻ:—അമാത്യരാക്ഷസന്റെ പ്രഥമ സൌഹാർദ്ദത്തെ മാനിക്കേണ്ടതാണ്. (പുരുഷനോടു) ഭദ്രഭട പ്രഭൃതികളോടു ഞാൻ കല്പിച്ചതായി പറയു. "അമാത്യരാക്ഷസന്റെ അപേക്ഷ പ്രകാരം മഹാരാജാവു ചന്ദ്രഗുപ്തൻ മലയകേതുവിന്ന്, പിതൃനിശ്ചയപ്രകാരമുള്ള അധികാരാവകാശങ്ങൾ നല്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ അദ്ദേഹത്തോടൊപ്പം ചെന്ന് അരിയാട്‌വാഴ്ച കഴിച്ച് മടങ്ങിവരേണ്ടതാണ്."

പുരുഷൻ:—കല്പനപോലെ (പോകാൻ ഭാവിക്കുന്നു) എടൊ, നില്ക്കു; രാക്ഷസനെ അമാത്യനായി ലഭിച്ചതുകൊണ്ടു സന്തുഷ്ടനായ ചന്ദ്രഗുപ്തൻ കല്പിക്കുന്നു. "ചന്ദനദാസനെ ഈ രാജ്യത്തിലെ സകല ശ്രേഷ്ഠികുലത്തിന്റെയും അധിപനായി ആരോപിച്ചിരിക്കുന്നുവെന്നു വിളംബരം ചെയ്യട്ടെ!" അതിന്നു പുറമെ, വാഹനങ്ങളുടേയും ആനകളുടേയും ഗതാഗതം രാജ്യങ്ങൾ തമ്മിൽ നിർവിഘ്നം തുടർന്നുകൊള്ളട്ടെ. അല്ലെങ്കിൽ, അമാത്യരാക്ഷസൻതന്നെ എല്ലാററിന്റെയും അധികാരപദവിയിൽ വാഴുമ്പോൾ ഞാൻ പറയേണ്ടതിന്റെ ആവശ്യമെന്തുള്ളു? ദുഃഖദുസ്തരമായ ഈ മഹാപ്രതിജ്ഞയെ പരിപൂർണ്ണമായി നിറവേററിയ ചണകപുത്രനായ

ഈ വിഷ്ണുഗുപ്തൻ ഇതാ ഈ ശിഖബന്ധിച്ചുകൊള്ളുന്നു.

പുരുഷൻ:—കല്പനപോലെ. (പോകുന്നു)

ചാണക്യൻ:—ഹെ! മഹാരാജൻ, ചന്ദ്രഗുപ്ത, ഹെ! മന്ത്രിസത്തമ! രാക്ഷസ; പറയൂ, ഇനി എന്തൊരു സേവനമാണ് ഈയുള്ളവൻ നിങ്ങൾക്കവേണ്ടി അനുഷ്ഠിക്കേണ്ടതു്?

ചന്ദ്രഗുപ്തൻ:—ഇതിലുമധികം പ്രിയതരമായി അവിടുന്നെനി പ്രവൎത്തിക്കേണ്ടതായിട്ടെന്തുള്ളൂ? അവിടുന്നെന്നെ സാമ്രാജ്യസിംഹാസനത്തിൽ ആരോപിച്ചു. രാക്ഷസനുമായുള്ള മൈത്രിയെ സുസ്ഥാപിതമാക്കി. നന്ദവംശത്തെ ഉന്മൂലനംചെയ്തു. ഇതെല്ലാം അവിടുന്നെനിക്കുനല്കിയ അതുലാനുഗ്രഹങ്ങളാണ്. ഇതിലപ്പുറം എനിക്കു എന്താണിനി സാധിക്കാനുള്ളതു്?

രാക്ഷസൻ:—എങ്കിലും നമുക്കിതുകൂടി പ്രാൎത്ഥിക്കാം.

— (ഭരതവാക്യം) —

165498
38426
032:2N15:11
J2
MUL
165498
LIBRARY
17 MAR 1956
MADRAS

18 [illegible] 1956